വാല്യം 45

ഭരണിക്കാവ് ബ്ലോക്ക്

(ആലപ്പുഴ ജില്ല)

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ


നൂറനാട് ഗ്രാമപഞ്ചായത്ത്

ജനകീയ ആസൂത്രണം




സമഗ്ര വികസന റിപ്പോർട്ട്

1996




മഹാത്മാവേ..... അങ്ങ് നടന്നു പോയ വഴിയിലൂടെ
നടക്കാൻ കൊതിക്കുന്നു,
അങ്ങയുടെ കരുത്തും എളിമയും
പകർന്നു തരുമോ..?


കേരളം



ആലപ്പുഴ ജില്ല


ചേർത്തല
വേമ്പനാട്ട് കായൽ
ആലപ്പുഴ
ചങ്ങനാശ്ശേരി
ഹരിപ്പാട്
മാവേലിക്കര
ചെങ്ങന്നൂർ
പന്തളം
കായംകുളം

നൂറനാട് പഞ്ചായത്ത്


ആദിക്കാട്ടുകുളങ്ങര
ഇടപ്പോൺ
ചുനക്കര
പാലമേൽ
പഴകുളം
പുലിമേൽ
നൂറനാട്
പാലമേൽ
പുതുപ്പള്ളിക്കുന്നം
ഇടക്കുന്നം
നൂറനാട്

നൂറനാട് ഗ്രാമപഞ്ചായത്തിലെ മുൻ ഭരണസമിതി അംഗങ്ങൾ



1953–63

ശ്രീ. പി.എസ്. ഗോപാലക്കുറുപ്പ്
പ്രസിഡന്റ്
പുത്തൻകളീയ്ക്കൽ തെക്കേതിൽ
ഇടപ്പോൺ

ശ്രീ. കെ.ജി. തങ്കപ്പൻ പിള്ള
വൈസ് പ്രസിഡന്റ്
കോട്ടൂർ, കിടങ്ങയം

അംഗങ്ങൾ

ശ്രീ. വിക്രമൻ ഭട്ടതിരി
ശ്രീ. സി.വി. പരമേശ്വരൻ ഭട്ടതിരി
(നിലയ്ക്കൽ കുട്ടിപ്പിള്ള)
ശ്രീ. മുഞ്ഞിപ്പുറത്ത് അയ്യപ്പൻ
ശ്രീ. എം.പി. ചെല്ലപ്പൻപിള്ള
ശ്രീ. പത്മാലയത്ത് പത്മനാഭൻ

1963–79

ശ്രീ. പി.കെ.പി. പോറ്റി
പ്രസിഡന്റ്
പടനിലത്ത് മഠം, പാലമേൽ

ശ്രീ. വി.കെ. കൃഷ്ണൻ ചാന്നാർ
വൈസ് പ്രസിഡന്റ്
കനകമംഗലം, പാറ്റൂർ

അംഗങ്ങൾ

ശ്രീ. ഖാൻ സാഹിബ്
ശ്രീ. കെ.ജി. തങ്കപ്പൻ പിള്ള
ശ്രീ. എൻ.പി. ചെല്ലപ്പൻപിള്ള
ശ്രീ. കെ. പ്രഭാകരൻ പിള്ള
ശ്രീ. സി.തേവൻ
ശ്രീ. രാഘവൻപിള്ള

1979–88

ശ്രീ. ആർ. പ്രഭാകരൻപിള്ള
പ്രസിഡന്റ്
വല്ലവിളയിൽ, ഇടക്കുന്നം

ശ്രീ. വി.കെ. നാരായണൻനായർ
വൈസ് പ്രസിഡന്റ്
വല്യതറയിൽ, ആറ്റുവ

അംഗങ്ങൾ

ശ്രീ. എൽ.വാസു
ശ്രീ. പരമേശ്വരക്കുറുപ്പ്
ശ്രീ. എൻ.എൻ.നമ്പൂതിരി
ശ്രീമതി. വേദവല്ലി
ശ്രീ. മണ്ഡപത്ത് കൃഷ്ണപിള്ള
ശ്രീ. വാസുദേവൻ നായർ
ശ്രീ. വിശ്വനാഥനുണ്ണിത്താൻ
ശ്രീ. കറുത്തകുഞ്ഞ്

1988–95

ശ്രീമതി. ടി.ജെ. ഗൗരിക്കുട്ടിയമ്മാൾ
പ്രസിഡന്റ്
മായാവിഹാർ, പാലമേൽ

ശ്രീ. കെ.റ്റി. സോമരാജൻ
വൈസ് പ്രസിഡന്റ്
മേലേതിൽ, ഇടപ്പോൺ


അംഗങ്ങൾ

ശ്രീ. സാദിഖ് അലി ഖാൻ
ശ്രീ. എൽ.വാസു
ശ്രീ. പരമേശ്വരക്കുറുപ്പ്
ശ്രീ. വാസുദേവ കാർണവർ
ശ്രീ. കാർത്തികേയൻ
ശ്രീ. രത്നകുമാർ
ശ്രീമതി. എം.എൻ. ലക്ഷ്മിക്കുട്ടി
ശ്രീ. റ്റി. ആർ. ശിവപാലനുണ്ണിത്താൻ

നൂറനാട് ഗ്രാമപഞ്ചായത്ത്
ഭരണസമിതി



കെ. രത്നമ്മാരവീന്ദ്രൻ
പ്രസിഡന്റ്



എൻ.സത്യൻ
വൈസ് പ്രസിഡന്റ്



കെ. സാദിക് അലീഖാൻ



വി.സുധാകരൻപിള്ള
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ



ഷീബാ സുഗതൻ



വി. ദാമോദരൻ



ആർ. ശ്രീദേവി



കെ.റ്റി. സോമരാജൻ



എസ്സ്. സോളമൻ



പി. ചന്ദ്രികാദേവി



ശ്രേയസ് ശ്രീകാന്ത്



വികസന റിപ്പോർട്ടിന്റെ ശില്പികൾ

ശ്രീ. എൻ.യശോധരൻ

ശ്രീ. നാരായണൻ

ശ്രീ. ഭാസ്കരൻ പിള്ള

ശ്രീ. രാജേന്ദ്രനുണ്ണിത്താൻ

ശ്രീ. സുകുമാരനുണ്ണിത്താൻ

ശ്രീ. അശോകൻ നായർ

ശ്രീ. വി.ദാമോദരൻ

ശ്രീ. കെ. കൃഷ്ണൻകുട്ടി

ശ്രീമതി. ചന്ദ്രികാദേവി

ശ്രീ. സുധാകരൻപിള്ള

ശ്രീ. എൻ. ഭദ്രൻ

ശ്രീ. പി. ഷാജി

ശ്രീ. വി.പി. പത്മലാൽ

ശ്രീ. കെ.കെ. കൊച്ചുകുട്ടക്കുറുപ്പ്

ശ്രീ. കെ.എസ്. ബാലകൃഷ്ണപിള്ള

ശ്രീ. നന്ദകുമാർ


ഡ്യ. കെ.വി. രാജു

ശ്രീമതി. കമലം ഗണപതിശർമ്മ

ശ്രീ. കെ. രാഘവൻ

ശ്രീ. കെ.കെ.ശ്രീധരൻ

ജനകീയ ആസൂത്രണം
നൂറനാട്
ഗ്രാമപഞ്ചായത്ത്



സമഗ്ര വികസന റിപ്പോർട്ട്

1996

വികസന സെമിനാർ
30121996
പടനിലം ഹൈസ്കൂൾ
നൂറനാട്



ഉള്ളടക്കം

1. ആമുഖം
2. ചരിത്ര പശ്ചാത്തലം
3. പൊതുവിവരണം
4. ഭൂപ്രകൃതിയും വിഭവങ്ങളും
5. വികസനതുറകൾ
   - i. കൃഷിയും ജലസേചനവും
   - ii. മൃഗസംരക്ഷണവും മത്സ്യബന്ധനവും
   - iii. വ്യവസായം
   - iv. വിദ്യാഭ്യാസം
   - v. കുടിവെള്ളവും പൊതുജനാരോഗ്യവും
   - vi. ഗതാഗതവും ഊർജ്ജവും
   - vii. പാർപ്പിടവും സാമൂഹ്യക്ഷേമവും
   - viii. സംസ്കാരം
   - ix. വനിതാക്ഷേമം
   - x. സഹകരണമേഖല
   - xi. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
   - xii. വിഭവസമാഹരണം
6. സ്നേഹാദരങ്ങളോടെ .....



ആമുഖം

സ്വതന്ത്രഭാരതം എട്ട് പഞ്ചവത്സരപദ്ധതികളിലൂടെ കടന്നുപോയി. ഒട്ടേറെ നേട്ടങ്ങൾക്കിടയാക്കിയെങ്കിലും അതിന് പോരായ്മകളും ഏറെയായിരുന്നു. വിവിധ വകുപ്പുകളുടെ പരസ്പര ബന്ധമില്ലാത്ത പദ്ധതികളായി ആസൂത്രണം മാറി.

ആസൂത്രണപ്രക്രിയയിൽ ലക്ഷ്യപ്രാപ്തി വളരെ കുറച്ചുമാത്രമേ സാധ്യമായുള്ളൂ. ആസൂത്രണം കേന്ദ്രീകൃതമായിരുന്നു. അത് ഡിപ്പാർട്ടുമെന്റലിസമായിത്തീർന്നു. ഉദ്യോഗസ്ഥ മേധാവിത്വപരവുമായിരുന്നു. സ്ഥല-ജല വിഭവങ്ങളുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞില്ല. ഇതുകൊണ്ടൊക്കെത്തന്നെ ജനങ്ങളുടെ വികസനാവശ്യങ്ങൾ വേണ്ടത്ര പരിഗണിക്കപ്പെടുകയുണ്ടായില്ല.

പ്രാദേശീക വ്യത്യാസങ്ങൾ പരിഗണിക്കാതെയും പ്രാദേശികാവശ്യങ്ങൾ മനസ്സിലാക്കാതെയും ആയിരുന്നു വികസനകാര്യങ്ങൾ തീരുമാനിച്ചിരുന്നത്. വികസനകാര്യങ്ങൾ തീരുമാനിക്കുന്നതിലോ നടപ്പാക്കുന്നതിലോ ജനങ്ങൾക്ക് യാതൊരു പങ്കും ഉണ്ടായിരുന്നില്ല.

ഈ പശ്ചാത്തലത്തിലാണല്ലോ സംസ്ഥാനത്തിന്റേയും ആസൂത്രണ പ്രക്രിയയുടേയും ചരിത്രത്തിൽ ഒരു പുതിയ അനുഭവമായി മാറാൻ പോകുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനം കേരളത്തിൽ ആരംഭിക്കുന്നത്. ആസൂത്രണ അടിത്തട്ടിൽ നിന്നും ആരംഭിക്കുന്നതിനുള്ള ദൗത്യമാണിത്. ജനങ്ങളുടെ പ്രതീക്ഷകൾക്കൊത്തുയരാൻ കഴിയുന്ന പ്രസ്ഥാനമാണിത്.

ജനങ്ങളുടെ ഭൗതികജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന സാമൂഹ്യപ്രക്രിയയാണല്ലോ വികസനം. ഭൗതിക ജീവിത നിലവാരം ഉയരണമെങ്കിൽ അതിനുള്ള ജീവിതോപാധികളുടെ ഉത്പാദനം ഗണ്യമായി ഉയരണം. അത് ജനങ്ങൾക്ക് പ്രാപ്യമാകണം. അഥവാ സമൂഹത്തിൽ ഏകദേശം സന്തുലിതമായി അത് വിതരണം ചെയ്യപ്പെടണം. വികസനഫലമായി ഉണ്ടാകുന്ന സാമ്പത്തിക വളർച്ച സ്ഥായിയും നീതിപൂർവ്വകവുമായിരിക്കണം. ഉറച്ച അടിത്തറയിൽ ഉയർന്നതാകണം. സാമൂഹികമായ ഇടപെടൽ ഉണ്ടാവുകയും വളർച്ച സംബന്ധിച്ച തീരുമാനങ്ങൾ ഒറ്റപ്പെട്ട വ്യക്തികളുടെ തന്നിഷ്ടത്തിന് വിട്ടുകൊടുക്കാതിരിക്കുകയും വേണം. വളർച്ചയുടെ മുൻഗണനാക്രമം സമൂഹം തീരുമാനിക്കണം. പരിമിതമായ വിഭവങ്ങൾ ഏറ്റവും കാര്യക്ഷമമായി, ഏറ്റവും കൂടുതൽ പേർക്ക്, ഏറ്റവും കൂടുതൽ കാലത്തേക്ക് പ്രയോജനപ്രദമാകുന്ന തരത്തിൽ വിനിയോഗിക്കുന്നതിനെ സംബന്ധിച്ച തികച്ചും ശാസ്ത്രീയമായ സംവിധാനമാണല്ലോ ആസൂത്രണം. ആസൂത്രണം ജനങ്ങൾക്കുവേണ്ടിയാവണം. അത് ജനപങ്കാളിത്തത്തോടുകൂടിയാകണം. അതിന് അധികാരവികേന്ദ്രീകരണം വേണം. അധികാരവികേന്ദ്രീകരണംകൊണ്ടു മാത്രമായില്ല, വികേന്ദ്രീകരിച്ച അധികാരം ഫലപ്രദമായി വിനിയോഗിക്കുന്നതിന് ജനങ്ങളെ പ്രാപ്തരാക്കണം.



ജനങ്ങൾ ഫലപ്രദമായ വികസന പദ്ധതി പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ജനങ്ങളുടെ മുൻകയ്യോടെ ആസൂത്രണം ചെയ്യപ്പെടുകയും ജനങ്ങൾ വികസനപ്രവർത്തനത്തിൽ പങ്കാളികളാകുകയും വേണം.

പ്രാദേശീക ആസൂത്രണമാണ് ഏറ്റവും അടിസ്ഥാനമായ പ്രസ്ഥാനം. പ്രാദേശീക ആസൂത്രണത്തിൽ ജനങ്ങളെ സജ്ജരാക്കണമെങ്കിൽ ഭൂ-ജല-വിഭവങ്ങളുടെ വിനിയോഗത്തെക്കുറിച്ചുള്ള സ്ഥിതിവിവരങ്ങൾ ആവശ്യമാണ്. സാമൂഹിക-സാമ്പത്തിക സ്ഥിതിവിവരങ്ങളും ആവശ്യമാണ്. കൂടാതെ ഈ വിവരങ്ങളെ അടിസ്ഥാനമാക്കി ജനങ്ങളുടെ താൽപര്യങ്ങൾക്കനുസൃതമായി അവരേക്കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള വികസന പദ്ധതികൾക്ക് പ്രാദേശീകതലത്തിൽ രൂപംനൽകാൻകഴിയുന്ന വിദഗ്ധരടങ്ങുന്ന ചെറുസംഘങ്ങളും ഉണ്ടാവണം.

ഇങ്ങനെ പ്രാദേശീക തലത്തിലുള്ള വികസനപദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ അതിന്റെ നിർവ്വഹണത്തിന് ധനവിനിയോഗ അധികാരവികേന്ദ്രീകരണവും നടക്കേണ്ടതുണ്ട്.

ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി നമ്മുടെ ഗ്രാമപഞ്ചായത്തിലെ 11 വാർഡുകളിലേയും ഗ്രാമസഭകൾ സെപ്തംബർ 29-ാം തീയതി മുതൽ ആരംഭിച്ചു ഒക്ടോബർ 13-ാം തീയതി അവസാനിച്ചു. മിക്ക വാർഡുകളിലും 50 ശതമാനം കൂടുംബങ്ങളുടെ പങ്കാളിത്തം ഗ്രാമസഭയിലുണ്ടായി. രണ്ടുമണിക്കു തുടങ്ങിയ ഗ്രാമസഭകൾ രാത്രിവരെ നീണ്ടത് ആവേശകരമായ അനുഭവമായി. ഒപ്പം ഒക്ടോബർ 2 സ്വാശ്രയദിനമായും നവംബർ 1 പുനഃരർഷണ ദിനമായും ആചരിച്ചു. ഈ ദിനാചരണങ്ങളുടെ ഭാഗമായി സന്നദ്ധപ്രവർത്തനങ്ങൽ നടത്തുകയുണ്ടായി.

ഗ്രാമസഭകളിലെ നിർദ്ദേശങ്ങളും ദ്വിതീയ വിവരശേഖരണത്തിലൂടെ ശേഖരിച്ച വിവരങ്ങളും വിഭവഭൂപടം, സാമൂഹിക-സാമ്പത്തിക സർവ്വേ എന്നിവയിൽ നിന്നും ലഭിച്ച പ്രാഥമിക വിവരങ്ങളും വിശകലനം ചെയ്താണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജനകീയാസൂത്രണ പ്രസ്ഥാനം നമ്മുടെ ഗ്രാമത്തിന്റെ സമസ്തമേഖലകളുടേയും വികസനരംഗത്ത് വിജയകരമായ ഒരു കാൽവെയ്പാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

കെ. രത്നമ്മാ രവീന്ദ്രൻ
പ്രസിഡന്റ്
നൂറനാട് ഗ്രാമപഞ്ചായത്ത്.

ചരിത്ര പശ്ചാത്തലം

പടയും പടനിലവും




നൂറ്റാണ്ടുകൾക്ക് മുമ്പ് നൂറനാട് കൊല്ലം ജില്ലയുടെ ഭാഗമായിരുന്നു. അക്കാലത്ത് കൊല്ലം ജില്ലയുടെ വടക്കേ അതിര് ഇപ്പോഴത്തെ എറണാകുളം ജില്ലയിലുള്ള അരുക്കുറ്റിയായിരുന്നു,. കൊല്ലം ജില്ലയിൽപെട്ട നൂറനാട് കേന്ദ്രമാക്കി കൊല്ല വർഷം 1078-ൽ ഒരു റവന്യൂ ഡീവിഷൻ രൂപീകരിക്കപ്പെട്ടു. അത് നൂറനാട് സബ്ഡിസ്ട്രിക്ട് എന്നപേരിൽ അറിയപ്പെട്ടിരുന്നു.

അക്കാലത്ത് അടൂർ കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കേന്ദ്രമായിരുന്നു നൂറനാട്'. നൂറനാട് ഭരണിക്കാവ്, താമരക്കുളം, ചുനക്കര, പാലമേൽ, തോന്നല്ലൂർ, കുളനട, വള്ളികുന്നം, ശൂരനാടിന്റെ കുറേ ഭാഗങ്ങൾ എന്നീ പകുതികളിൽ നിന്നും (വില്ലേജാഫീസുകൾക്ക് പകുതി കച്ചേരി എന്ന് വിളിച്ചിരുന്നു) നൂറ് റവന്യൂ കരകൾ ഉൾപ്പെടുത്തി നൂറ് നാട് എന്ന് നാമകരണം ചെയ്യപ്പെട്ടു. നൂറ്(100) നാട് ലോപിച്ചാണ് പിൽക്കാലത്ത് നൂറനാട് ഉണ്ടായത്.



പണ്ടുകാലത്ത് കരുനാഗപ്പള്ളികഴിഞ്ഞാൽ രണ്ട് സബ് രജിസ്ട്രാർ ആഫീസുകളാണ് ഉണ്ടായിരുന്നത്-നൂറനാടും മാവേലിക്കരയും. നൂറനാട് സബ്ജില്ലയുടെ ചരിത്ര പ്രാധാന്യവും ഭൗതീകാവശ്യവും വിസ്തൃതിയും മലസ്സിലാക്കിയാണ് ഒന്നാമത്തെ അഞ്ചലാഫീസ് നൂറനാട്ട് സ്ഥാപിതമായത്. ഇന്ന് ഈ നൂറനാട് അഞ്ചലാഫീസ് പാലമേൽ പഞ്ചായത്തിലാണ്. 1957 ആഗസ്റ്റ് 17 ന് ആലപ്പുഴ ജില്ല രൂപീകരിക്ക

പ്പെട്ടപ്പോൾ നൂറനാട്, ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ ഉൾപ്പെട്ടു.



പണ്ടുകാലത്ത് ഒരു ആലിൻചുവട്ടിൽ ഏതാനും കാട്ടുകല്ലുകളാൽ ഉണ്ടാക്കപ്പെട്ട ഒരു തറയായിരുന്നു ഇന്ന് നാം കാണുന്ന നൂറനാട്-പടനിലം പരബ്രഹ്മക്ഷേത്രം. ഇപ്പോഴത്തെ ഇടപ്പോൺ-പാറ റോഡ് ക്ഷേത്രത്തിന് തൊട്ടു മുൻവശത്തുകൂടിയായിരുന്നു പണ്ടുകാലത്ത് ഉണ്ടായിരുന്നത്. ഈ റോഡ് മാറ്റി വെട്ടുന്നതിൽ പ്രധാനപങ്കുവഹിച്ചത് നൂറനാട് പഞ്ചായത്തിന്റെ മുൻ വൈസ്പ്രസിഡന്റ് കൂടിയായിരുന്ന വല്യതട്ടക്കാട്ട് ശ്രീമാൻ കൃഷ്ണൻ ചാന്നാർ ആയിരുന്നു. നൂറനാടിന്റെ ഭരണസിരാകേന്ദ്രവും ചരിത്രം ഉറങ്ങുന്നതുമായ പടനിലം ഈ നാടിന്റെ ഐശ്വര്യമായി നിലകൊള്ളുന്നു. കരക്കാർ ക്ഷേത്രാവകാശത്തിനു വേണ്ടി കരമത്സരം നടത്തി കലഹത്തിലേർപ്പെട്ട് പടനയിച്ചിരുന്നതിനാൽ 'പടനില'മായി എന്ന ഒരു ഐതീഹ്യവും, കായംകുളം രാജാവിന്റെ പടകിടന്ന സ്ഥലമായതിനാൽ 'പടനില'മായി എന്ന ഒരു ചരിത്രവും കേട്ടുകേഴ്വിയിലൂടെ നാട്ടിൽ നിറഞ്ഞുനിൽക്കുന്നു.

തിരുവിതാംകൂറിലെ ഏറ്റവും പ്രബലമായ രാജ്യങ്ങളിൽ ഒന്നായിരുന്നു കായംകുളം. കായംകുളത്തിന്റെ അതിർത്തികളിൽപെട്ടസ്ഥലങ്ങളെയെല്ലാംതന്നെ പടനിലം എന്നുപറയുന്നു. ചക്കുവള്ളി പടനിലം, ഓച്ചിറ പടനിലം, ചെറിയനാട് പടനിലം, മാന്നാർ പടനിലം, നൂറനാട് പടനിലം ഇവയെല്ലാം പടനിലങ്ങൾ എന്നപേരിൽ അറിയപ്പെടുന്നു. ശിവഭക്തൻകൂടിയായ മഹാരാജാവിന്റെ പടനില കേന്ദ്രങ്ങളിലെല്ലാം ശിവക്ഷേത്രങ്ങൾ കാണാം. നൂറനാട് പടനിലത്ത് രാജാവിന്റെ പടക്കുതിരകളെ കുളിപ്പിക്കുവാൻ ഒരു വലിയ ചിറപോലുള്ള കുളം ഉപയോഗിച്ചിരുന്നു ഇതിനെ പിൽക്കാലത്ത് 'പൊട്ടൻ ചിറ'എന്ന് വിളിച്ചുപോന്നു. അതാണ് ഇന്നത്തെ ക്ഷേത്രത്തിന് വടക്ക് കിഴക്ക്ഭാഗത്തായി ഇപ്പോഴത്തെ കളിസ്ഥലമായി മാറിക്കൊണ്ടിരിക്കുന്ന 'ചിറ'.

നൂറനാട് പാലമേൽ പഞ്ചായത്തുകൾ ഒരു കാലത്ത് ഒന്നായിക്കിടന്ന ഭൂപ്രദേശമാണ്. ഉദ്ദേശം 426 വർഷങ്ങൾക്ക് മുമ്പാണ് പടനിലത്ത് പടയൊഴിഞ്ഞത് (കായംകുളം രാജാവിന്റെ പടയെ പിൻവലിക്കപ്പെട്ടത്) തദവസരത്തിൽ നൂറനാട്ട് ഇന്നത്തെപ്പോലെ ജനവാസമുണ്ടായിരുന്നില്ല. ഏതാനും പ്രമാണി കുടുംബങ്ങളും അവരുടെ ശിൽബന്ധികളും സഹായികളും, അവരാൽ നയിക്കപ്പെട്ട കായിക അഭ്യാസികളുടേയും കാലമായിരുന്നു. രാജാവ് ഒഴിഞ്ഞ പടനിലത്തിന്റെ അവകാശികളാകുവാൻ കരക്കാർ തെക്കും വടക്കുമായി മത്സരത്തിൽ ഏർപ്പെട്ടു അങ്ങനെയും പടനിലം എന്ന പേർവന്നു.

ആദ്യാകാലത്ത് 22 കരകളായിരുന്നു അതിന് ശേഷമാണ് പടനിലം 18 കരക്കാരുടെ അവകാസ്ഥലമായത്. ഒത്തുതീർപ്പെന്നനിലയിൽ സ്ഥാപിക്കപ്പെട്ട കല്ലുകളാണ് ക്ഷേത്രത്തിനുചുറ്റും നിൽക്കുന്ന 18 വലിയ വിളക്കുകല്ലുകൾ.


പടയോട്ടത്തിലെ പണ്ടത്തെപ്രധാന പടനായകന്മാർ പുന്തല വീട്ടിൽ കുറുപ്പന്മാർ,നൂറുകോടി ഉണ്ണിത്താൻമാർ, വെട്ടാടി



ക്കൽ കുറുപ്പൻമാർ, വെട്ടത്ത് ആശാൻമാർ, കടയ്ക്കാന്ത്രത്ത്കാർ തുടങ്ങിയവരാണ്. ചിറയുടെ കിഴക്കുഭാഗം കുടശ്ശനാട് കൈതക്കരക്കാരുടെ വകയായിരുന്നു. ക്ഷേത്രത്തിന് കഴക്കഭാഗം പണ്ട് കൈതക്കര എന്നറിയപ്പെട്ടിരുന്നു. ചരിത്രം ഉറങ്ങുന്ന കരമത്സരത്തിൽ മദ്ധ്യസ്ഥനായി പാഴൂർ തമ്പുരാൻ എത്തിപോൽ. അദ്ദേഹം താമസമാക്കിയ ഗൃഹമാണ് കിടങ്ങയം കരയിലെ വടക്കെടുത്ത്കാവ് ക്ഷേത്രം.

പടവെട്ട് മദ്ധ്യസ്ഥതയിൽ തീർന്നതിനുശേഷം തമ്പുരാൻ മഠത്തിൽ കുളത്തിൽ കുളിക്കുന്നതിനുപോയി. കുളിച്ചുകൊണ്ടിരിക്കുമ്പോൾ വീണ്ടും ക്ഷേത്രാങ്കണത്തിൽ പടവെട്ടുതുടങ്ങി. ശബ്ദംകേട്ട് ഓടിയെത്തിയ അദ്ദേഹം ചട്ടം ലംഘിച്ചവരെ ശപിച്ചതായും പറയപ്പെടുന്നു. കരകൂടാനും കരയിറങ്ങാനും ഇന്നും നിബന്ധനകൾ നിർബന്ധമാണ്. തെക്കും വടക്കുമുള്ള കരക്കാർ തമ്മിലുള്ള പടവെട്ടിൽ വടക്കേക്കര ക്ഷീണിച്ചപ്പോൾ ചത്തിയറക്കാരെ(ശക്തിച്ചിറ ലോപിച്ചാണ് ചത്തിയറ ആയത്)ഒളിച്ചുകടത്തിക്കൊണ്ടുവന്നു. അതിന്റെ ഓർമ്മയ്ക്കായി വൃശ്ചികം ഒന്നാംതീയതി പടനിലം ക്ഷേത്രത്തിൽ കരകൂടുമ്പോൾ ചത്തിയറക്കാർ വാദ്യമേളങ്ങളോടുകൂടി പറയംകുളം വരെ വരികയും അതിനുശേഷം ശബ്ദമുണ്ടാക്കാതെ നെടുകുളഞ്ഞിമുറിയിലെത്തി സംഭാരവും കുടിച്ച് ക്ഷീണം തീർത്തശേഷം നടുവിലേമുറിയിലെത്തി വിശ്രമിച്ച് കഞ്ഞികുടിയും കഴിഞ്ഞ് ശാസ്താംതറവഴി മേളത്തോട്കൂടി ആശാൻമുക്കിലെത്തുന്നു. അവിടെനിന്നും വടക്കേക്കരക്കാരുമായി ചേർന്ന് തെക്കോട്ട് അമ്പലത്തിലേക്ക് ഒരു പൂവൻകോഴിയുമായി യാത്രയാകും. അമ്പലത്തിലെത്തി ഇരുകരക്കാരും പ്രദക്ഷിണം വച്ച് കോഴിയെ അമ്പലത്തിലേക്ക് പറപ്പിച്ച് തിരികെയെടുത്ത് രണ്ടുകരക്കാരും ചേർന്ന് രണ്ടായി വലിച്ചുകീറും അതിനുശേഷം കരകൂടി നാല്പത്തൊന്നു ദിവസത്തെ ഉത്സവം നിശ്ചയിച്ച് പിരിയുന്നു. ഇന്ന് ഈ ചടങ്ങ് ഒരു സ്മൃതിയായി മാത്രം നിലനിൽക്കുന്നു.


കച്ചവടക്കാരും പാണ്ഡ്യാൻതോടും



ആദിക്കാട്ടുകുളങ്ങര, അടൂർ, പറക്കോട് തുടങ്ങിയ പ്രദേശത്തുള്ളവർ നൂറനാട്, മാവേലിക്കര എന്നീ സ്ഥലങ്ങളുമായി കച്ചവടത്തിലേർപ്പെട്ടിരുന്നു. അന്ന് കച്ചവടസാധനങ്ങൾ കെട്ടുവള്ളങ്ങളിൽ കൊണ്ടുപോവുകയും കൊണ്ടുവരികയും ചെയ്തിരുന്നു. അങ്ങനെ നൂറനാടിന്റെ കിഴക്കുഭാഗത്തുള്ള കരിങ്ങാലിപ്പുഞ്ചയിൽ പള്ളിമുക്കത്ത് വടക്കുവശത്തെത്തിയാൽ പിന്നെ ജലമാർഗ്ഗമില്ലായിരുന്നു. അതുകൊണ്ട് ഒരു വലിയ തോടു വെട്ടി നൂറനാടിന്റെ പടിഞ്ഞാറുഭാഗത്തുള്ള പെരുവേലിൽ ചാലുമായി കൂമ്പിളൂർച്ചിറവഴി യോജിപ്പിച്ചു. പകലും രാത്രിയുമായി വെട്ടിയുണ്ടാക്കിയ തോടിന് 'പാണ്ടിയാൻ തോട്' എന്ന് വിളിക്കുന്നു. മുസ്ലീങ്ങൾ വെട്ടിയതോടായതിനാലാണ് ഇതിനെ പാണ്ടിയാൻതോട് എന്ന പേര് വന്ന

തെന്ന് പറയപ്പെടുന്നു. വടക്കുഭാഗത്തുകൂടിയുള്ള വടക്കേപാണ്ടിയാൻതോടും കിഴക്കൻപ്രദേശങ്ങളിലെ കച്ചവടക്കാർ വെട്ടിയതാണ്.തെക്കേപാണ്ടിയാൻതോട് തദ്ദേശവാസികളുടെ എതിർപ്പുകാരണം ഒരുവലിയ ചാലു കീറി തോടാക്കുവാൻ കഴിഞ്ഞില്ലെന്ന് പറയപ്പെടുന്നു.

നീലക്കൊടുവേലി, മഞ്ഞച്ചേര, അർജ്ജുനൻകോട്



അച്ചൻകോവിലാറിന്റെ ഉത്ഭവസ്ഥാനമായ സഹ്യപർവ്വത നിരകളിൽനിന്നും മഞ്ഞച്ചേരയും നീലക്കൊടുവേലിയും ഒഴുകിയെത്തിയത് പതിനെട്ടു കൈവഴികളുള്ള കരിങ്ങാലിച്ചാലിലെ ഒരിക്കലും വെള്ളം വറ്റാത്ത പെരുംതോട്ടിലാണെന്ന് പറയപ്പെടുന്നു. അതുകൊണ്ട് ഇതിനെ തീർത്ഥസ്ഥാനമായ 'കരതലംപൊയ്ക' എന്നു വിളിക്കപ്പെടുന്നു. ഈ തോടിന് തെക്കേറ്റത്തുള്ള സ്ഥലത്തിരുന്നാണ് (കോലാംതകോട്, ഏലിയാസ് നഗറിന് വടക്കുവശം) പാശുപതാസ്ത്രത്തിനായി അർജ്ജുനൻതപസ്സ് ചെയ്തത്. താമരക്കുളം പഞ്ചായത്തിലെ വേടരപ്ലാവിൽനിന്നും പുറപ്പെട്ട് വേടനും വേടത്തിയുമായ ശിവപാർവ്വതിമാർ ഇവിടെ എത്തിയെന്നും ഭക്തി പരിശോധിക്കുവാൻ അർജ്ജുനനുമായി സംവാദത്തിലേർപ്പെട്ടുവെന്നും അവസാനം യുദ്ധത്തിൽ കലാശിച്ചുവെന്നും, ശിവൻ അർജ്ജുനനെ എടുത്ത് കിഴക്കുദിക്കിലേക്ക് എറിഞ്ഞെന്നുമാണ് ഐതീഹ്യം. അർജ്ജുനൻ ചെന്നുവീണ സ്ഥലത്തിരുന്നുകൊണ്ട് ശിവനെ ധ്യാനിച്ച് രണ്ടുകൈകളിലും ഓരോപിടിമണ്ണ് ജപിച്ചിട്ട സ്ഥലങ്ങളിലാണ് അണികുന്നം, കാരിമുക്കം എന്നീ ക്ഷേത്രങ്ങൾ. അർജ്ജുനൻ തപസ്സുചെയ്ത സ്ഥലമായ അർജ്ജുനൻകോട് പിന്നീട് അടിയൻകോട് ആയി തീർന്നു.


സാമൂഹിക നായകന്മാരിൽ പ്രധാനിയായ ഒരാളായിരുന്നു നെടുകുളഞ്ഞിയിൽ ഗോവിന്ദൻ കണക്കപ്പിള്ള അദ്ദേഹത്തിന്റെ പരിശ്രമഫലമായാണ് പടനിലം ചന്ത സ്ഥാപിതമായത്. പടനിലം ഹൈസ്കൂൾ സ്ഥാപിക്കുന്നതിന് പ്രേരകമായതും പടനിലം ക്ഷേത്രത്തിന്റെ ഇന്നത്തെ പുരോഗതിക്ക് അടിത്തറയിട്ടതും ഇദ്ദേഹമാണ് ക്ഷേത്രത്തിന്റെ കിഴക്കുവശത്ത് ഇന്ന് കാണുന്ന ഭരണസമിതി ഓഫീസ് നിൽക്കുന്ന സ്ഥലത്ത് ഒരാശ്രമം ഉണ്ടായിരുന്നു. അത് സ്ഥാപിക്കുവാൻ ശ്രീമാൻ ഗോവിന്ദൻ കണക്കപ്പിള്ളയും ശ്രീമാൻ പരമുപിള്ള സ്വാമിയും മുൻകയ്യെടുത്ത് പ്രവർത്തിച്ചത് വിസ്മരിക്കാൻ കഴിയുകയില്ല്. നൂറനാട് വില്ലേജ് സഭയുടെ ആദ്യത്തെ പ്രസിഡന്റ് ആയ വല്യവിളയിൽ മൗതുറാവുത്തർ, വൈസ്പ്രസിഡന്റ് ആയിരുന്ന വല്യതട്ടക്കാട്ട് കൃഷ്ണൻചാന്നാർ, ആദ്യത്തെ പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന ശ്രീമാൻ പി. എസ്. ഗോപാലക്കുറുപ്പ് തുടങ്ങിയ സാമൂഹ്യനായകന്മാരേയും പടനിലം ഹൈസ്കൂളിലെ ആദ്യമാനേജരും സാമൂഹ്യ പരിഷ്കർത്താവുമായിരുന്ന ശ്രീമാൻ പുന്നയ്ക്കാക്കുളങ്ങര മാധവനുണ്ണിത്താനെപ്പോലെയുള്ളവരെയും വിസ്മരിക്കാൻ സാധ്യമല്ല.

അതി പ്രശസ്തരായ കലാകാരന്മാർ നമ്മുടെ നാടിന്റെ പൊതുസമ്പത്തുതന്നെയായിരുന്നു. അവരിൽ പ്രമുഖ സംഗീതജ്ഞനും ചിത്രകാരനുമായ ശ്രീമാൻ മുള്ളിക്കുളം കൊച്ചുമ്മിണി ഭാഗവതർ (പടിഞ്ഞാറ്റതിൽ), മലമുകളിൽ ശ്രീമാൻ കൊച്ചുകുഞ്ഞ് ഭാഗവതർ ശാസ്ത്രീയസംഗീതജ്ഞനും മൃദംഗവിദ്വാനും മുഖർശംഖുവിദ്വാനും നാടകനടനുമായ പേരകത്തുശേരിൽ ശ്രീമാൻ നാണു ആശാനും പടിഞ്ഞാറ്റതിൽ മൃദംഗവിദ്വാനായ ശ്രീമാൻ സുകുമാരനും കലാരംഗത്ത് ഈ നാടീന്റെ അഭിമാനസ്തംഭങ്ങളായിരുന്നു. കൂടാതെ പഞ്ചവാദ്യ വിദ്വാൻമാരായിരുന്ന നീറ്റീയ്ക്കൽ പണിക്കരന്മാർ അതുപോലെതന്നെ "യുവകവി" എന്നപേരിൽ കേരള സാഹിത്യ ചരിത്രപുസ്തകത്തിൽ പേര് രേഖപ്പെടുത്തപ്പെട്ട എം.പി.പോറ്റി എന്നിവരേയും ഇവിടെ ഓർക്കുന്നു.

ആയൂർവേദവൈദ്യശാസ്ത്രത്തിലും ജോത്സ്യരംഗത്തും അതിനിപുണന്മാരായിരുന്നു പടിഞ്ഞാറ്റതിലും കിഴക്കതിലും ജോത്സ്യന്മാർ. കൊത്തുപണികളിലും ചിത്രവേലകളിലും അതിപ്രശസ്തരും പ്രഗത്ഭന്മാരുമായിരുന്നു പുലിമേൽ ആശാരിമാർ.

പുരാതന കുടുംബങ്ങളായ കൊയ്പ്പള്ളി മഠം, പാറ്റൂർ വീട്, ഇടപ്പോൺ കയ്യാലേത്ത് വീട്, ഇടക്കുന്നം തോപ്പിൽ വീട്, പടനിലം മാധവശ്ശേരി മഠം, പാലമേൽ നാട്ടിനാൽ വീട് തുടങ്ങി ഇങ്ങനെ പോകുന്നു ആ പട്ടിക.

സുപ്രസിദ്ധ സാഹിത്യകാരൻ ശ്രീ കാക്കനാടൻ, പ്രമുഖ മലയാള ഭാഷാപണ്ഡിതൻ ശ്രീ വട്ടപ്പറമ്പിൽ ഗോപിനാഥൻനായർ, ബഹുഭാഷാപണ്ഡിതനായ ശ്രീ സി.വി.ബി. ഭട്ടേതിരി, സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകരായിരുന്ന പരേതരായ ശ്രീ എം. ഡാനിയേൽ, ഇറവങ്കര ഗോപാലക്കുറുപ്പ് തുടങ്ങിയവർ പടനിലം ഹൈസ്കൂളിൽ അധ്യാപകവൃത്തിയിൽ ഏർപ്പെട്ടുകൊണ്ട് നൂറനാടിന്റെ വിദ്യാഭ്യാസ-സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ നൽകിയ സംഭാവനകൾ സ്മരണിയമാണ്.





പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	നൂറനാട് ഗ്രാമ പഞ്ചായത്ത്
പഞ്ചായത്താഫീസ് ആസ്ഥാനം	:	പടനിലം
സ്ഥാപിതം	:	30 12 1961
വാർഡുകൾ	:	11
പ്രസിഡന്റിന്റെ പേര്	:	കെ. രത്നമ്മ രവീന്ദ്രൻ
വൈസ് പ്രസിഡന്റിന്റെ പേര്	:	എൻ. സത്യൻ
ഉൾപ്പെടുന്ന വില്ലേജ്	:	നൂറനാട്
ബ്ലോക്ക് പഞ്ചായത്ത്	:	ഭരണിക്കാവ്
താലൂക്ക്	:	മാവേലിക്കര
ജില്ല	:	ആലപ്പുഴ
അസംബ്ലി മണ്ഡലം	:	പന്തളം
ലോകസഭാമണ്ഡലം	:	മാവേലിക്കര
അതിരുകൾ	:	വടക്ക്-അച്ചൻകോവിലൽ ആറ്
	:	തെക്ക് - കെ.പി. റോഡ്
	:	കിഴക്ക് - കരിങ്ങാലി പുഞ്ച
	:	പടിഞ്ഞാറ് - പെരുവേലിച്ചാൽ പുഞ്ച
അതിർത്തി പഞ്ചായത്തുകൾ	:	വടക്ക് - വെൺമണി പഞ്ചായത്ത്
	:	തെക്ക് - താമരക്കുളം പാലമേൽ പഞ്ചായത്തുകൾ
	:	കിഴക്ക് - പന്തളം പഞ്ചായത്ത്
	:	പടിഞ്ഞാറ് - ചുനക്കര തഴക്കര പഞ്ചായത്തുകൾ
ജനസംഖ്യ	:	24455
പുരുഷന്മാർ	:	11707
സ്ത്രീകൾ	:	12748



വോട്ടറന്മാർ	:	19091
പുരുഷന്മാർ	:	9166
സ്ത്രീകൾ	:	9925
ജനസംഖ്യാ വിതരണം	:	ച:കി:മീറ്ററിന് 532
വിസ്തീർണ്ണം	:	2654.39 ഹെക്ടർ
പുരയിടം	:	1488.9 ഹെക്ടർ
നിലം	:	215.19 ഹെക്ടർ
പുറമ്പോക്ക്	:	258 ഹെക്ടർ .03–0.33 ച.മീറ്റർ
സ്വന്തമായി ഭൂമിയുള്ളവർ	:	87.5%
നാലു സെന്റിന്റെ ഉടമസ്ഥർ	:	20 %
അഞ്ചുസെന്റിനും പത്തുസെന്റി		
നുമിടയിൽ ഭൂമിയുള്ളവർ	:	11%
പത്തിനും അൻപതിനും		
ഇടയിൽ ഭൂമിയുള്ളവർ	:	47%
അൻപതനുമുകളിൽ ഒരേക്കർ		
വരെ ഭൂമിയുള്ളവർ	:	5%
ഒരേക്കറിനുമുകളിൽ 5		
ഏക്കർവരെ ഭൂമിയ്ള്ളവർ	:	3 %
5 ഏക്കറിനമുകളിൽ ഭൂമിയുള്ളവർ	:	1%
സ്വന്തമായി ഭൂമിയില്ലാത്തവർ	:	12 %
ആകെവീടുകൾ	:	7250
താമസം ഉള്ളവ	:	5272
താമസം ഇല്ലാതത്തവയും		
സ്ഥാപനങ്ങളും	:	1978
കുടിലുകൾ	:	1318
തൊഴിൽകരം കൊടുക്കുന്നവർ	:	380
സർവ്വീസ് പെൻഷനേഴ്സ്	:	280
എക്സ് സർവ്വീസുകാർ	:	192
ആകെ സ്കൂളുൾ	:	8



ഹൈസ്കൂൾ	:	2 (എയ്ഡഡ്)
യു.പി.സ്കൂൾ	:	2
എൽ.പി. സ്കൂൾ	:	4
ഗവ: സ്കൂൾ	:	4
സ്വകാര്യസ്കൂൾ	:	4
സാക്ഷരത	:	97.75%
പുരുഷന്മാർ	:	98.91%
സ്ത്രീകൾ	:	92.75%
സർവ്വീസ് സഹകരണ സംഘങ്ങൾ	:	2
ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ	:	2
സിറികൾച്ചർ സഹകരണസംഘങ്ങൾ:		1
ഹരിജൻ സഹകരണ സംഘങ്ങൾ	:	1
പൊതുജനാരോഗ്യ സ്ഥാപനങ്ങൾ	:	6
ഗവ: സ്ഥാപനങ്ങൾ	:	1
സ്വകാര്യസ്ഥാപനങ്ങൾ	:	5
ദേശസാൽകൃത ബാങ്കുകൾ	:	3
പോസ്റ്റോഫീസ് (സബ്)	:	2
പോസ്റ്റോഫീസ് (ബ്രാഞ്ച്)	:	2
പ്രധാന മതവിഭാഗങ്ങൾ	:	ഹിന്ദു, ക്രൈസ്തവൻ, മുസ്ലീം
ഹിന്ദുദേവാലയങ്ങൾ	:	29
പൊതുക്ഷേത്രങ്ങൾ	:	7
കുടുംബക്ഷേത്രങ്ങൾ	:	22
ക്രൈസ്തവൻ ദേവാലയം	:	8
മുസ്ലീംദേവാലയം	:	1



നൂറനാട് ഗ്രാമപഞ്ചായത്ത് ആഫീസിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ

ക്രമനമ്പർ	തസ്തിക	എണ്ണം
1.	സെക്രട്ടറി	1
2.	ജൂനിയർ സൂപ്രണ്ട്	1
3.	അപ്പർ ഡിവിഷൻ ക്ലർക്ക്	4
4.	ലോവർ ഡിവിഷൻ ക്ലർക്ക്	4
5.	ഓവർസിയർ	1
6.	പ്യൂൺ	2
7.	ഓഫീസ് സ്വീപ്പർ	1
8.	മാർക്കറ്റ് സ്വീപ്പർ	1
9.	ലൈബ്രേറിയൻ(പാർട്ട് ടൈം)	1
	ആകെ	**16**



റവന്യൂകരകൾ

1. പുതുപ്പള്ളികുന്നം
2. ഇടക്കുന്നം
3. തത്തംമുന്ന
4. നെടുകുളഞ്ഞി
5. നടുവിലേമുറി
6. പാലമേൽ
7. കിടങ്ങയം
8. പഴഞ്ഞീക്കോണം
9. പുലിമേൽ
10. ഇടപ്പോൺ
11. പാറ്റൂർ
12. ആറ്റുവാചെറുമുഖ.


പഞ്ചായത്ത് വാർഡുകൾ

1. പുതുപ്പള്ളികുന്നം
2. ഇടക്കുന്നം
3. തത്തംമുന്ന
4. നടുവിലേമുറി
5. പാലമേൽ
6. പഴഞ്ഞീക്കോണം
7. പുലിമേൽ
8. ഇടപ്പോൺ
9. പാറ്റൂർ
10. ആറ്റുവാ
11. ചെറുമുഖ.

ജനസംഖ്യാവിഭജനം തൊഴിലടിസ്ഥാനത്തിൽ

കൃഷിക്കാർ	: 56 %
കർഷകത്തൊഴിലാളികൾ	: 20 %
മരാമത്ത് ജോലിക്കാർ	: 8%
സർക്കാർ ജീവനക്കാർ	: 7%
കച്ചവടക്കാർ	: 3 %
കുട്ട, വട്ടി, ഇഷ്ടിക മുതലായവ	: 4%
തയ്യൽ	: 0.5%
മത്സ്യബന്ധനം	: 1.5%

ഭൂപ്രകൃതിയും വിഭവങ്ങളും



ആലപ്പുഴ ജില്ലയുടെ തെക്ക് കിഴക്കേ അറ്റത്തായി അക്ഷാംശം വടക്ക് 9° 17' നും 9° 14'നും രേഖാംശം കിഴക്ക് 76° 36'നും 76° 39' നും ഇടയിൽ സ്ഥിതിചെയ്യുന്ന പ്രദേശമാണ് നൂറനാട്. പൊതുവേ ഉഷ്ണകാലാവസ്ഥ അനുഭവപ്പെടുന്ന പ്രദേശമാണിത്. നൂറനാടിന്റെ വടക്കേ അറ്റത്തുകൂടി അച്ചൻകോവിലാറ് പടിഞ്ഞാറോട്ടൊഴുകുന്നു. കല്ലട ജലസേജനപദ്ധതി കനാൽ പഞ്ചായത്തിന്റെ തെക്കു ഭാഗത്തുകൂടി കടന്നുപോകുകയും കനാലിന്റെ കൈവഴി പഞ്ചായത്തിന്റെ ഏകദേശം മദ്ധ്യഭാഗത്തുകൂടി കടന്നുപോകുകയും ചെയ്യുന്നു.

നൂറനാടിന്റെ ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് നൂറനാടിനെ നാലായി തരംതിരിക്കാം

1. ഉയർന്ന പ്രദേശങ്ങൾ
2. ചരിവു പ്രദേശങ്ങൾ
3. സമതലപ്രദേശങ്ങൾ
4. താഴ്വാരങ്ങൾ



ഭൂപ്രകൃതി വിവരണം

ക്രമനമ്പർ	ഭൂപ്രകൃതി	വിസ്തീർണ്ണം (ഹെക്ടർ)	ആകെ (ഹെക്ടർ)
1.	ഉയർന്ന പ്രദേശങ്ങൾ കുന്നുകളുടെ മുകളറ്റം (<8°)	654	654
2.	ചരിവു പ്രദേശങ്ങൾ കുത്തനെയുള്ള ചരിവ് (19–32°)	120	
	സാമാന്യം കുത്തനെയുള്ള ചരിവ് (12–17°)	312.17	
	ഇടത്തരം ചരിവ് (8–11°)	354.05	1206.22
	ചെറിയ ചരിവ് (<6°)	420	
3.	സമതലപ്രദേശങ്ങൾ	516.06	516.06
4.	താഴ്വാരങ്ങൾ	278.11	278.11
	ആകെ	**2654.39**	**2654.39**

ഉയർന്ന പ്രദേശങ്ങൾ

സമുദ്രനിരപ്പിൽ നിന്നും ഏകദേശം 121 മീറ്റർ ഉയരത്തിൽ സ്ഥിതിയ്യുന്ന പാറ്റൂർ മലമുകളിൽ പ്രദേശമാണ് നൂറനാടിന്റെ ഏറ്റവും ഉയർന്ന ഭാഗം. ഈ പ്രദേശത്തെ ചരിവ് 8° യ്ക്കും താഴെയാണ്. ലാറ്ററെറ്റ് മണ്ണാണ്. ഈ പ്രദേശത്ത് കൂടുതലായി കാണപ്പെടുന്നത്. മണ്ണൊലിപ്പ് കൂടുതലായ ഈ പ്രദേശത്ത് ജലലഭ്യത കുറവാണ്. റബ്ബർ, തെങ്ങ്. കമുക്, മരച്ചീനി, കശുമാവ് മുതലായവയാണ് ഇവിടെ വളരുന്ന പ്രധാന വിളകൾ.

ചരിവ് പ്രദേശങ്ങൾ

പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും ചരിവ് പ്രദേശങ്ങളായി കാണപ്പെടുന്നു. 1206.22 ഹെക്ടർ പ്രദേശങ്ങളും ഈ വിഭാഗത്തിലുൾപ്പെടുന്നു. 6 മുതൽ 32 വരെയുള്ള ചരിവ് പ്രദേശങ്ങളിലായിട്ടാണ് ഇവ കാണപ്പെടുന്നത്. റബ്ബർ, കമുക്, കശുമാവ്, തെങ്ങ്, മരച്ചീനി, കുരുമുളക്, കൊക്കോ, വാഴ, പച്ചക്കറികൾ മുതലായവയാണ് ഇവിടുത്തെ പ്രധാന കൃഷികൾ ഈ പ്രദേശങ്ങളിലെ ജലലഭ്യത സാധാരണ രീതിയിലാണ്.

സമതല പ്രദേശങ്ങൾ

സമുദ്രനിരപ്പിൽ നിന്നും 80 മീറ്റർ വരെ ഉയരത്തിൽ നിരപ്പായി കാണപ്പെടുന്നതാണ് ഈ പ്രദേശങ്ങൾ. സാധാരണ രീതിയിൽ ജലലഭ്യതയുള്ള ഈ പ്രദേശങ്ങളിലെ പ്രധാന



കൃഷികൾ ഏത്തവാഴ, ചേന, കാച്ചിൽ, ഇഞ്ചി, കുരുമുളക്, മരച്ചീനി, പച്ചക്കറികൾ, വെറ്റില തുടങ്ങിയവയാണ്.

താഴ്വാരങ്ങൾ

എക്കൽ മണ്ണും കളിമണ്ണും കാണപ്പെടുന്ന ഈ പ്രദേശങ്ങൾ സമുദ്രനിരപ്പിൽ നിന്നും ഏകദേശം 50 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്നു. ജലം ശേഖരിക്കുന്ന പ്രദേശങ്ങളായതിനാൽ ജല ലഭ്യത കൂടുതലാണ്. ഈ പ്രദേശങ്ങളിലെ പ്രധാന വിളകൾ നെല്ല്, എള്ള്, വാഴ, പച്ചക്കറികൾ, വെറ്റില, കരിമ്പ് മുതലായവയാണ്.

താപനില

പൊതുവെ താപനില ഉയർന്ന പ്രദേശമാണ് നൂറനാട്. 1990-94 വരെയുള്ള ശരാശരി താപനിലയുടെ വിവരങ്ങൾ പട്ടികയിൽ കൊടുക്കുന്നു.

1990-94ലെ ശരാശരി താപനില

വർഷം	താപനില°C	ജനു.	ഫെബ്രു.	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സെപ്തം.	ഒക്ടോ.	നവം.	ഡിസം.
1990	ഉയർന്നത്	32.1	35.1	36.2	36.3	32.7	31.3	30.2	30.5	32.4	32.4	32.1	33.3
	താഴ്ന്നത്	19.5	22.6	23.5	25.2	23.1	24.5	23.2	22.8	23.7	24.2	21.3	20.1
1991	ഉയർന്നത്	34.2	35.6	36.1	36.8	34.1	30.1	30.2	29.2	23.4	30.2	32.1	32.5
	താഴ്ന്നത്												
1992	ഉയർന്നത്	30.7	35.9	38.9	37.1	33.8	30.2	29.3	30.1	31.6	31.4	31.7	32.5
	താഴ്ന്നത്	19.2	20.9	21.3	24.1	23.5	23.8	22.2	22.7	22.5	22.3	31.6	20.4
1993	ഉയർന്നത്	33.7	35.2	36.5	36.1	33.8	30.2	29.6	30.2	32.1	31.5	31.4	31.8
	താഴ്ന്നത്	19.8	20.2	22.7	23.3	23.6	23.4	23.5	23.1	22.4	22.7	22.3	21.6
1994	ഉയർന്നത്	34.9	35.3	37.2	34.9	34.7	30.5	30.9	30.2	32.5	31.5	32.6	32.4
	താഴ്ന്നത്												



പഞ്ചായത്തിൽ അനുഭവേപ്പപ്പെടുന്ന പ്രതിമാസ ശരാശരി താപനിലയുടെ വിവരങ്ങൾ പട്ടിക യിൽ കൊടക്കന്നു.

പ്രതിമാസ ശരാശരി താപനില (1990-94)

ക്രമ നമ്പർ	മാസം	ഉയർന്ന താപനില	താഴ്ന്നതാപനില	ശരാശരി താപനില
1.	ജനുവരി	33.2	19.5	26.35
2.	ഫെബ്രുവരി	35.4	21.9	28.65
3.	മാർച്ച്	37.2	22.1	29.65
4.	ഏപ്രിൽ	36.3	24.7	30.05
5.	മെയ്	33.5	23.2	28.35
6.	ജൂൺ	30.2	23.1	26.65
7.	ജൂലൈ	29.4	23.1	26.25
8.	ആഗസ്റ്റ്	30.8	23.6	27.2
9.	സെപ്തംബർ	32.3	23.7	28.0
10.	ഒക്ടോബർ	31.5	23.3	27.40
11.	നവംബർ	32.5	22.0	27.30
12.	ഡിസംബർ	32.7	20.4	26.55

ഏറ്റവും ഉയർന്ന താപനില മാർച്ച് ഏപ്രിൽ മാസങ്ങളിൽ അനുഭവപ്പെടുന്നു.

വർഷപാതം

വർഷത്തിൽ ശരാശരി 2793.6 മി.മീറ്റർ മഴ ലഭിക്കുന്നു. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളി ലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ജനുവരി,ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഏറ്റവും കുറഞ്ഞ മഴ ലഭിക്കുന്നു കഴിഞ്ഞ 15 വർഷത്തെ വർഷപാതം താഴെ കൊടുത്തിരി ക്കുന്നു.



മഴയുടെ അളവ് (മി.മീ)


വർഷം	ജനു.	ഫെബ്രു.	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സെപ്തം.	ഒക്ടോ.	നവം.	ഡിസം.
1981	15.1	5.3	11.4	45.2	192.1	866.0	465.2	430.6	490.2	285.8	263.6	16.7
1982	13.5		74.8	56.4	148.5	637.2	388.6	379.9	46.5	231.9	219.1	32.2
1983	–	–	–	61.7	155.7	206.4	436.8	552.1	308.7	75.1	129.3	73.2
1984	127.3	86.4	87.6	157.3	162.9	461.3	409.5	165.3	296.1	153.2	193.6	7.5
1985	15.2	6.2	58.3	75.1	385.7	842.5	362.5	186.9	176.2	145.2	139.6	152.6
1986	–	8.2	24.3	152.7	93.5	405.2	235.5	302.6	216.2	296.5	208	143.2
1987	9	–	8.2	74.2	245.0	576.2	115.2	368.5	153.2	379.2	146.7	406.2
1988	8.4	–	123.5	186.2	153.2	493.5	523.8	593.4	637.2	89.9	362.4	28.1
1989	8.2	29	14.3	209.2	158.6	658.8	341.7	186.5	309.4	267.6	186.5	45.7
1990	8.4	–	11.5	13.5	536.8	505.6	486.4	590.8	123.2	297.5	583.4	13
1991	12.6	86.2	56.4	146.3	98.6	1164	368	598.1	–	347.6	12.8	2.4
1992	–	–	–	2.6	413.5	638.7	814.5	496.7	306.5	486.2	307.5	–
1993	10.2	7.6	2	76.2	145.3	926.7	796.8	254.3	140.2	518.3	515	23
1994	125	49.2	31.2	98.6	253.6	536.1	668.6	557.3	259.3	394.2	476.3	36.5
1995	–	49	11.5	–	253.2	453.	562.5	472.3	425.6	436.1	257	385.2

ഭൂഗർഭ ജല ലഭ്യത

പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 57.12% ഇടത്തരം ജല ലഭ്യതയുള്ള പ്രദേശങ്ങളാണ്. വർഷകാലത്ത് കുളങ്ങളിലും കിണറുകളിലും ജലലഭ്യത കൂടുതലാണെങ്കിലും വേനൽക്കാത്ത് അതിരൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു.

ജലശ്രോദസ്സുമായി ബന്ധപ്പെട്ടവിവരം

ക്രമനമ്പർ	ജലസ്രോതസ്സ്	കി.മീ/എണ്ണം
1	കിണറുകൾ(സ്വകാര്യസ്വത്തുൾപ്പെടെ)	4112
2.	കുളങ്ങൾ	12
3.	കുഴൽകിണറുകൾ	4
4.	നീരുറവകൾ	13
5.	കനാൽ (കെ. ഐ.പി)	6.8



കൃഷിയും ജലസേചനവും



ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ നൂറനാട് പഞ്ചായത്തിൽ കൃഷി വ്യാപകമായിരുന്നു. ഇരിപ്പൂ നിലങ്ങളും ഉയർന്ന കരപ്രദേശവും ആയിരുന്നു അക്കാലത്തെ കൃഷിസ്ഥലങ്ങൾ. വിസ്തൃതമായ കരപ്രദേശമെല്ലാം അന്ന് കൃഷിക്കുവേണ്ടി ഉപയോഗിച്ചിരുന്നില്ല എങ്കിൽ തന്നെയും മരച്ചീനിയും ഏത്തവാഴയും മറ്റ് കിഴങ്ങ് വർഗ്ഗങ്ങളും സമർദ്ധമായി ഉൽപാതിപ്പിച്ചിരുന്നു ജൈവവളങ്ങളുടെ സുലഭതയും മണ്ണിന്റെ ഫലഭൂയിഷ്ടതയും അന്നത്തെ അധ്വാനശീലരായിരുന്ന കർഷകർ പരമാവധി പ്രയോ



ജനപ്പെടുത്തിയിരുന്നു ഇന്നത്തെ രീതിയിൽ സേവന-വേതന വ്യവസ്ഥകൾക്ക് മൂല്യംകല്പിച്ചിരുന്നന്നില്ലെങ്കിൽതന്നെയും ആത്മാർത്ഥതയുള്ള കർഷകരും തൊഴിലാളികളും തമ്മിലുള്ള ബന്ധം ദൃഢമായിരുന്നു അന്ന്.

കാളയും കലപ്പയും ഇല്ലാത്ത കൃഷിക്കാരൻ ഉണ്ടായിരുന്നില്ല. വിസ്തൃതമായ പുൽമേടുകലും കുറ്റിക്കാടുകളും ആടുമാടുകളെ വളർത്തുന്നതിനും ആവശ്യമായ പച്ചിലവളം ലഭ്യമാക്കുന്നതിനും സഹായിച്ചിരുന്നു. ഇത്തരം ജൈവസമ്പത്തും ഫലപുഷ്ടിയുള്ള മണ്ണും അധ്വാനശീലരായ കർഷകരും കർഷകത്തൊഴിലാളികളും ഒത്തുചേർന്നാൽ ഉത്പാദനം വർദ്ധിപ്പിക്കാം എന്നതിൽ പക്ഷാന്തരമില്ലല്ലോ? ഉയർന്ന പ്രദേശങ്ങളായ കൂബ്ലൂർ മലയും പാറ്റൂർ മലയും മറ്റ് ഉയർന്ന സമതല പ്രദേശങ്ങളും എല്ലാം അന്നത്തെ കാർഷിക ഉല്പന്നങ്ങൾ വിളയിക്കുന്ന കേന്ദ്രങ്ങളായിരുന്നു.

നൂറനാട് പഞ്ചായത്തിലെ തത്തംമുന്ന വയൽ, കോഴിക്കാലാ വയൽ, തോട്ടയ്ക്കാട്ട് വയൽ, നമ്പ്യാർകുളങ്ങര വയൽ, ഇടക്കുന്നത്തിന്റെ പടിഞ്ഞാറുഭാഗത്തുള്ള വയൽ എന്നീ ഇരിപ്പൂ നിലങ്ങളായിരുന്നു. ആ കാലഘട്ടത്തിലെ പ്രധാന കൃഷിയിടങ്ങൾ. വെറും ചാണകവും ചാരവും പച്ചിലവളങ്ങളുമായിരുന്നു അന്നത്തെ പ്രധാന വളങ്ങൾ എന്നിരുന്നാലും സാമാന്യം നല്ല വിളവ് ലഭിച്ചിരുന്നതായി അന്നത്തെ കാര്യങ്ങൾ അറിയാവുന്നവർ അവകാശപ്പെടുന്നു. ഉയർന്ന മലമ്പ്രദേശത്തിനും ഇരുപ്പൂനിലത്തിനും ഇടയിലുള്ള ചരിവു പ്രദേശത്ത് തെങ്ങും കവുങ്ങും മറ്റ് ഫലവൃക്ഷങ്ങളും സമൃദ്ധിയായി വളർന്നിരുന്നു. ഈ ഭാഗങ്ങളിൽ കുരുമുളകു കൃഷിയും മറ്റ് ഇടവിളകളും ധാരാളമായി ഉണ്ടായിരുന്നു. ആകെക്കൂടി ഭക്ഷ്യോത്പാദന രംഗത്ത് നൂറനാട് പഞ്ചായത്ത് ഒട്ടും പിന്നിലായിരുന്നില്ല എന്നാണ് പഴമക്കാരുടെ അഭിപ്രായം. ഇന്ന് അനുഭവപ്പെടുന്നതരത്തിലുള്ള കീടബാധകളോ രോഗങ്ങളോ ഒന്നുംതന്നെ അന്നുണ്ടായിരുന്നില്ല.

ഉത്പാദിപ്പിക്കുന്ന കാർഷികവസ്തുക്കൾ അകലെയുള്ള ചന്തകളിൽ തലച്ചുമടായി കൊണ്ടുപോയി വിൽക്കുകയായിരുന്നു അന്നത്തെ രീതി. കാലം കടന്നുപോയി പഴയ രീതികളെല്ലാം ആധുനീകരീതിയ്ക്ക് വഴിമാറിക്കൊടുത്തു. കാർഷികരംഗത്ത് പുതിയ അറിവും രീതിയും നിലവിൽ വന്നു. ഉത്പാദനം വർദ്ധിക്കാൻ തുടങ്ങി. അന്നത്തെ 'കൊച്ചുവിത്തി'ന്റേയും പടനവെള്ളയുടേയും സ്ഥാനത്ത് 30ഉം 40ഉം വിളവ് തരുന്ന ജ്യോതിയും ത്രിവേണിയും ഭാരതിയും എല്ലാം കടന്നുവന്നു.

അപ്പർ കുട്ടനാട് എന്ന് വിശേഷിപ്പിക്കുന്ന കരിങ്ങാലി പാടവും പെരുവേലിൽ ചാൽ പുഞ്ചയും ഇന്ന് നെല്ലുൽപാദന രംഗത്തെ പ്രധാന കൃഷി ഭൂമികളാണ്. അച്ചൻകോവിലാറ്റിൽ ഇടവപ്പാതി, തുലാവർഷ സമയത്തുണ്ടാകുന്ന വെള്ളപ്പൊക്കം ഈ പ്രദേശത്തെ ജലാശയമാക്കി മാറ്റുന്നു. മഴകുറഞ്ഞ് ആറ്റിൽകൂടി ഈ ജലമെല്ലാം ഒഴുകി വറ്റിയതിന് ശേഷമാണ് പുഞ്ചയിൽ കൃഷി ഇറക്കുന്നത്. തുടർന്നുള്ള ആറുമാസം ജലാശയത്തിന്റെ സ്ഥാനത്ത് നെൽകൃഷി ആരംഭിക്കുകയായി.

ഇരിപ്പൂനിലങ്ങളിൽനിന്നുള്ള ഉത്പാതനം കുറഞ്ഞുകൊണ്ടിരുന്നു. അക്കാരണത്താൽ 1970-കളുടെ ആരംഭത്തോടുകൂടിത്തന്നെ നെൽ വയലുകൾ നികത്തി തെങ്ങും കമുകും റബ്ബറും മറ്റും വച്ചുപിടിപ്പിക്കുവാൻ തുടങ്ങി. നെൽകൃഷിയേക്കാൾ ലാഭകരമായി അനുഭവപ്പെട്ടു മറ്റ് വിളക്രമങ്ങൾ. ഈ കാലഘട്ടം മുതൽ നൂറനാട് പഞ്ചായത്തിലെ ഇരിപ്പൂനിലങ്ങളിൽ കൂടുതൽ ഭാഗവും മറ്റ് കൃഷികൾക്കായി വഴിമാറിക്കൊടുത്തു.

മഴയെമാത്രം ആശ്രയിച്ചുള്ള കൃഷിയായിരുന്നതുകൊണ്ട് യഥാവസരം മഴലഭിക്കാതെ വരികയും തക്കസമയത്ത് കൃഷിയിറക്കുന്നതിനും വളം കൊടുക്കുന്നതിനും സാധിക്കാതെ വരികയും അനവസരത്തിലെ വെള്ളപ്പൊക്കം ഈ കൃഷിയെ നശിപ്പിക്കുകയും ചെയ്യും. ഇത്തരത്തിലുള്ള പ്രതിബന്ധങ്ങളെ അതിജീവിക്കുന്നതിന് കർഷകർക്ക് കഴിയാതെ വരുന്നതു കൊണ്ട് അവർ മറ്റ് മാർഗ്ഗങ്ങൾ തേടുന്നു.





കാലത്തിന്റെ പോക്കിൽ ജനസംഖ്യയും വീടുകളുടെ എണ്ണവും കൂടി. അതനുസരിച്ച് ഭൂമിയുടെ വിസ്തൃതിയും ആളോഹരിക്രമത്തിൽ കുറഞ്ഞുവന്നു. വിസ്തൃതമായി കിടന്നിരുന്ന മേടുകളും കുറ്റിക്കാടുകളും റബ്ബറും തെങ്ങുമായി മാറി അതോടൊപ്പം ജൈവസമ്പത്തും കുറഞ്ഞു. അനിയന്ത്രിതമായ രാസവളപ്രയോഗം മണ്ണിന്റെ ഫലപുഷ്ടി കുറച്ചു. കൃഷിച്ചെലവ് വർദ്ധിച്ചു. നഷ്ടത്തിൽ കലാശിക്കുന്ന കൃഷിയെ ഉപേക്ഷിച്ച് ലാഭകരമായ ദീർഘവിളകളെത്തന്നെ കർഷകർ ആശ്രയിക്കുവാൻ തുടങ്ങിയതിന്റെ പരിണിത ഫലമാണ് ഇരിപ്പൂ നിലങ്ങൾ റബ്ബർതോട്ടവും തെങ്ങും കവുങ്ങും കലർന്ന തോട്ടവുമായി മാറാൻ കാരണം.

എന്നാൽ എഴുപതുകൾക്കുശേഷം പെരുവേലിൽച്ചാൽ പുഞ്ചയിലും കരിങ്ങാലിപ്പാടത്തും ഉത്പാദനരംഗത്തു കാര്യമായ പുരോഗതിതന്നെയുണ്ടായി. കാരണം കാർഷികരംഗത്തുണ്ടായ പരിഷ്കാരങ്ങളോടൊപ്പം അധ്വാനശീലരായ കർഷക-കർഷകത്തൊഴിലാളികളുടെ കൂട്ടായപ്രവൃത്തനമാണെന്നതിൽ തർക്കമില്ല. കറേഭാഗങ്ങളിൽ മാത്രം ഒതുങ്ങിനിന്നിരുന്നെങ്കിലും കാർഷിക രംഗത്തു നിലവിൽവരുത്തിയ ഇറിഗേഷൻ സംവിധാനവും, ഡീവാട്ടറിംഗ് സമ്പ്രദായവുമാണ് മറ്റൊരു കാരണം. അത്യുല്പാദന ശേഷിയുള്ള വിത്തുകളും, കൃഷിഭവൻ നിർദ്ദേശമനുസരിച്ച് രാസവളങ്ങളും കീടനാശിനികളും ഉപയോഗിച്ച് നെൽകൃഷിയെ പരമാവധി സംരക്ഷിക്കുന്നു എന്നതാണ് മറ്റൊരുകാരണം. ഇങ്ങനെ ഉത്പാദനം വർദ്ധിപ്പിക്കുന്നുണ്ടെങ്കിൽ തന്നെയും നല്ല ശതമാനം കൃഷിക്കാരും അസംതൃപ്തരാണ്.

കരിങ്ങാലിപ്പാടത്തും പെരുവേലിൽചാൽ പുഞ്ചയിലുമായി ആയിരത്തിയഞ്ഞൂറ് ഏക്കർ കൃഷിയോഗ്യമായ ഒരിപ്പൂനിലങ്ങളുണ്ട്. ഇരു പുഞ്ചകളിൽ നിന്നുമായി ഏക്കർ ഒന്നിന് 250 പറ നെല്ലുല്പാദിപ്പിക്കുവാൻ കഴിയും ഒരേക്കർ നിലം കൃഷിചെയ്ത് വിളവെടുപ്പ് നടത്തുന്നതുവരെ അറുപതിൽ കുറയാത്ത തൊഴിലവസരങ്ങൾ ഉണ്ടാകും ആകെ 1500 x 250 പറ നെല്ലും, 1500 x 60 തൊഴിലവസരങ്ങളും ഉണ്ടാകുന്നു. ഇത്രയും സാധ്യതയുള്ള പ്രദേശത്ത് ഇരുന്നൂറ് ഏക്കറിൽ താഴെയുള്ള ഭാഗത്തുമാത്രമേ ഇറിഗേഷൻ സംവിധാനങ്ങൾ ഫലപ്രദമായി നടക്കുന്നുള്ളൂ. ബാക്കി 1300 ഏക്കർ സ്ഥലത്തെ കൃഷിക്കും ഭാഗീകമായി വരൾച്ചയും നീർക്കെട്ട് ശല്യവും അനുഭവപ്പെടുന്നു. കുറേഭാഗം പൂർണ്ണമായി വെള്ളത്തിലാവുകയും, മറ്റുചിലഭാഗം പൂർണ്ണമായി വരൾച്ച ബാധിച്ച് നശിച്ചുപോകുന്ന രീതിയുമാണ്. സ്ഥലത്തിന്റെ സ്വഭാവം മനസ്സിലാക്കി വെള്ള ശല്യം ഒഴിവാക്കുകയും ജലസേചനം നടത്തേണ്ടിടത്ത് ഇറിഗേഷൻ തോടു നിർമ്മിച്ചും എൽ -1 പമ്പും സ്റ്റേഷനും സ്ഥാപിച്ചും തീരങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന ബണ്ഡുകൾ നിർമ്മിച്ചും ഇരിപ്പൂനിലങ്ങളാക്കാൻ സാധിക്കുന്ന ആയിരം ഏക്കറിൽ കൂടുതൽ സ്ഥലം ഇരുപുഞ്ചകളിലുമായിട്ടുണ്ട്. ഇരു കരപ്രദേശങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന ഗതാഗതയോഗ്യമായ ബണ്ഡ്നിർമ്മിച്ച് പാലവും ഷട്ടറും സ്ഥാപച്ചാൽ വിത്തും വളവും കൃഷിസ്ഥലത്ത് എത്തിക്കാനും വിളവെടുപ്പ് നഷ്ടം കൂടാതെ കൃഷിക്കാരന് നടത്തുവാനും കഴിയും.

ആഞ്ഞിലിമൂട് ഭാഗത്തുള്ള ഇറിഗേഷൻ കനാൽ തയ്യിൽ ഭാഗംമുതൽ ഇറവുവഴിവാണോലിമുക്കു മുതൽ പുഞ്ചയുടെ കിഴക്കേക്കരക്കുകൂടി പായിക്കോട്ടു മുക്കിൽ നിന്നും കിഴക്കക്കോട്ട് പോത്തുകുളിക്കൽ കുളം വരെ എത്തിച്ചാൽ കനാൽ ജലം 200 ഏക്കരർ സ്ഥലത്ത് ജലസേചനം നടത്തത്തുന്നതിനു കഴിയും. അതോടൊപ്പം അധികജലം ഒഴുകിയെത്തി താണനിലത്തിന് ദോഷംചെ

യ്യാതെ ആറ്റിലേക്ക് ഒഴക്കിവിടുന്നതിനും സൗകര്യമുണ്ട്. പോത്തുകുളിക്കൽ കുളംമുതൽ കല്ലുകുളംവരെയുള്ള തോടുമായി ബന്ധിപ്പിച്ചാൽ മതിയയാകും.

ആമ്പടവം മുതൽ ഇടപ്പോൺ കലങ്കുവരെയും ആത്മാവുമുക്കിന് പടിഞ്ഞാറുള്ള കെ.ഐ.പി. കനാൽ കോഴിക്കക്കാല വയൽ ഇറിഗേഷൻ തോടുവരെ നീട്ടുകയും കോഴിക്കാല വയലിനും കൈതമൂടും ഭാഗംവരെയും കുതിരപ്പൊഴിമുതൽ തെക്കോട്ടുള്ള തോടുവെട്ടുകയും ആനന്ദവിലാസം മുക്കുമുതൽ ആമ്പടവം വരെയും, തോട്ടുവരമ്പുകടവുമുതൽ ചേന്നാത്ത് കടവുവരെയും, പാണ്ടിയാൻതോടുമുതൽ കൊച്ചുതറവരെയും തോടും സബ്കനാലും വെട്ടി ജലസേചനസൗകര്യം ഏർപ്പെടുത്തുക.



കെ.ഐ.പി.യുടെ നൂറനാട് ഗ്രാമപഞ്ചായത്തിലുള്ള ഇടപ്പോൺ ഡിസ്ട്രിബ്യൂട്ടറിയുടെ മുഴുവൻ ഭാഗങ്ങളും കോൺക്രീറ്റുചെയ്യുക ഉയർന്ന ഭാഗങ്ങളിൽ വൃക്ഷവിളയ്ക്ക് ഇപ്പോൾ ജലം ലഭിക്കുന്നില്ല. എല്ലാ പ്രദേശത്തെയും കരകൃഷിക്ക് ജലസേചനം ലഭിക്കത്തക്കരീതിയിൽ കനാലുകളും ഭൂഗർഭ പൈപ്പുലൈനുകളും പുനഃസംവിധാനം ചെയ്യുക. ഇപ്പോൾ ജലസേചനസൗകര്യം ഇല്ലാത്ത പത്തും പതിനൊന്നും വാർഡുകളിലേക്കും വ്യാപിപ്പിക്കുക. ആവശ്യമായ എല്ലാഭാഗത്തും ഷട്ടറുകളും സ്ഥാപിക്കുക.

നൂറനാട് പഞ്ചായത്തിലെ എല്ലാ പഞ്ചായത്ത് കുളങ്ങളും യഥാവസരം മെയിന്റനൻസ് ചെയ്തും ഓവുചാലിൽകൂടി ഉപയോഗശൂന്യമായി ജലം ഒഴിക്കികളയാതെ ചീപ്പ് ഇട്ട് സൂക്ഷിക്കുകയും വേനൽകാലത്ത് വറ്റുന്നകുളങ്ങൾ താഴ്ത്തിയും എന്നും ജലലഭ്യത ഉറപ്പുവരുത്തുകയുംചെയ്ത് പുഞ്ചയുടെ തീരത്തുള്ള കുളങ്ങളിൽ നിലവിലുള്ള കടവ് കൂടാതെ മറ്റൊരു കടവുകൂടി നിർമ്മിച്ച് ഉണ്ടാക്കുക.

കരിങ്ങാലി പുഞ്ചയിൽ വലിയ തുരുത്തുമുതൽ കാവുള്ളതിൽ പടിഞ്ഞാറുവരെ ബണ്ടുകെട്ടി ശാസ്താംതുരുത്ത് പാലവും ചീപ്പും സ്ഥാപിക്കുക. ഒപ്പം അമ്പത് എച്ച്.പി.യുടെ രണ്ട് മോട്ടോർ സ്ഥാപിച്ച് ഡിവാട്ടറിംഗ് നടത്തുക.

പെരിവേലിൽചാൽ പുഞ്ചയിൽ ഡിവാട്ടറിംഗ് നടത്തുന്നതിനുള്ള തറ സ്ഥിരം തറയാക്കി ഉറപ്പിക്കുകയും ഇന്ന് നിലവിലുള്ള മോട്ടോറിന്റെ സ്ഥാനത്ത് അമ്പത് എച്ച്.പി.യുടെ രണ്ട് മോട്ടോറും 35 എച്ച്.പി.യുടെ ഒരു മോട്ടോറും സ്ഥാപിക്കുകയും ലീഡിംഗ്ചാനൽ ആഴംകൂട്ടി സൈഡ്കെട്ടി ഉയർത്തുകയും ചെയ്യുക.

പെരുവേലിൽചാൽ പുഞ്ചയിൽ പായിക്കാട്ടുമുക്കിന് 35 എച്ച്.പി.യുടെ ഒരു പമ്പും സ്റ്റേഷനും സ്ഥാപിക്കുക.

പെരുവേലലിൽചാൽ പുഞ്ചയിൽ ചുനക്കര തുണ്ടിൽ കടവുമുതൽ പുലമേൽ പുല്ലേലിൽകടവുവരെയുള്ള ഒരു ഗതാഗതയോഗ്യമായ ബണ്ട് നിർമ്മിച്ച് ചാലിന്റെ ഭാഗത്ത് പാലവും ഷട്ടറും സ്ഥാപിക്കുക. പായക്കട്ടുമുക്കുമുതൽ കൂണ്ലൂർമലവരെയും, വാളോലിമുക്കുമുതൽ തുണ്ടിൽ കടവുവരെയും മണക്കാട്ടേത്ത് വടക്കുവശം മുതൽ താഴത്തിടത്ത് തെക്കുവശം വരെയും, കരങ്ങാലിൽചാൽപുഞ്ചയിൽ ആനകെല്ലാവരെയുള്ള



ണ്ട് ബലപ്പെടുത്തുക ഹരിപ്പാട്ടേത്തു കടവുമുകൽ കൊടുവാക്കൊല്ലാ വരെയുള്ള ബണ്ട് മെയിന്റനൻസ്ചെയ്യുക. പാറ്റൂർ വയലിൽ നിലവിലുള്ള കരത്തോടിന്റെ സൈഡ് കെട്ടിഉറപ്പിക്കുക. കല്ലുകണ്ടംമുതൽ തെക്കോട്ടുള്ളതോടിന്റെ സൈഡ് കെട്ടി പമ്പുസെറ്റ് സ്ഥാപിക്കുക. കൊറ്റൻകേരിയുടെ വടക്കുവശത്തുള്ള തോട് സൈഡുകെട്ടി ബലപ്പെടുത്തുക. പുല്ലൻപ്ലാവിൽ തെക്കേമുക്കുമുതൽ കുളങ്ങരവീട്ടിൽകുളം വരെയും ലക്ഷംവീട്മുതൽ വയൽവരെ സൈഡുകെട്ടി മണ്ണൊലിപ്പ് തടയുക.

വെട്ടിയാർ പാലം ഉയർത്തി പണിതു ഷട്ടർ സംവിധാനം ഏർപ്പെടുത്തുക. പാലം മുതൽ മോട്ടോർതറവരെ സൈഡുവാൾ കെട്ടി ബലപ്പെടുത്തുക.

പെരുവേലിൽചാൽ പുഞ്ചയിൽ ഉള്ള എല്ലാ ഇറിഗേഷൻ തോടുകളും യഥാർത്ഥവീതിയിൽ കൃഷി സമയത്തുതന്നെ മെയിന്റൻസു ചെയ്ത് ജലസേചനസൗകര്യം ഉണ്ടാക്കുക.

അത്യുല്പാദനലശേഷിയുള്ള വിത്തിനങ്ങൾ, രാസവളം, കീടനാശിനി, കക്കാ ഇവ സബ്സീഡി നിരക്കിൽ വിതരണം ചെയ്യുക. യഥാസമയം മണ്ണുപരിശോധിക്കുക. ട്രില്ലർ, ടാക്ടർ, മെതിയന്ത്രം, നടീൽ യന്ത്രം, പാറ്റു മെഷീൻ ഇവ നെല്ലുല്പാദകസമിതികൾക്ക് വിതരണം ചെയ്യുക. നൂറനാട് പഞ്ചായത്തുകേന്ദ്രമാക്കി ഒരു വിത്തുല്പാദനകേന്ദ്രം, കർഷകർക്കുവേണ്ടുന്ന സാമ്പത്തിക സഹായം നല്കുന്നതിനുള്ള സംവിധാനങ്ങൾ, വിള ഇൻഷുറൻസ് വ്യക്തിഗത ഇൻഷുറൻസ് പദ്ധതിയാക്കി മാറ്റുക, ഉല്പന്നത്തിന്റെ വില കണക്കാക്കി നഷ്ടപരിഹാരം നല്കുക. കൊയ്ത്തുകാലങ്ങളിൽ കളങ്ങളിൽ വെള്ളവും വെളിച്ചവും എത്തിക്കുക. കളങ്ങളായി ഉപയോഗിച്ചിരുന്ന സ്ഥലങ്ങൾ കോൺക്രീറ്റുചെയ്ത് ഉറപ്പിച്ചുകൊടുക്കുക. എന്നീ ആവശ്യങ്ങൾ കാർഷികാവശ്യങ്ങളായുണ്ട്.

മേൽവിവരിച്ച സൗകര്യങ്ങൾ ലഭ്യമാക്കിയാൽ പെരുവേലിൽചാൽ, കരിങ്ങാലിചാൽ പുഞ്ചകളിൽ നിന്നും ഇന്നു ലഭിച്ചുകൊണ്ടിരിക്കുന്ന 1600 ടൺ നെല്ലിന്റെ സ്ഥാനത്ത് 3500 ടൺ നെല്ലുവരെ ഉല്പാദിപ്പിക്കുവാൻ കഴിയും. നിലവിലുള്ള തൊഴിലവസരങ്ങളിൽ നിന്നും 30000 തൊഴിൽ ദിനങ്ങളായി ഉയർത്തുവാനും കഴിയും. ഇതുമൂലം കർഷക-കർഷകതൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുവാൻ കഴിയും.

നൂറനാട് പഞ്ചായത്തിൽ പകുതിയിൽ കൂടുതൽ കരപ്രദേശമാണ്. ഒട്ടുമിക്ക ഫലവൃക്ഷങ്ങളും നാണ്യവിളകളും കിഴങ്ങുവർഗ്ഗങ്ങളും പച്ചക്കറികൾ എന്നിവയും നൂറനാട് പഞ്ചായത്തിൽ കൃഷിചെയ്യുന്നുണ്ട്.കൃഷിഭവൻ കണക്കനുസരിച്ച് തെങ്ങ് 450 ഹെക്ടറിലും റബ്ബർ 370 ഹെക്ടറിലും കൃഷിചെയ്യുന്നു. പയർ പച്ചക്കറി ഏത്തവാഴ മരച്ചീനി ഇവ ഇടവിളകളായും ആവർത്തന കൃഷിയായും നടത്തുന്നു കുരുമുളക് കശുമാവ്, മാവ്, പ്ലാവ്, കവുങ്ങ് എന്നിവ തോട്ടവിളകളായും വീട്ടുവ

ളപ്പിലെ കൃഷിയായും ഈപ്രദേശത്ത് കാണുന്നു.

പച്ചക്കറി ഉത്പാദനത്തിൽ നൂറനാട് പഞ്ചായത്ത് ഇതരപ്രദേശങ്ങളെ പിന്നിലാക്കുന്ന തരത്തിൽ ഉത്പാദനവർദ്ധനവ് ഉണ്ടാക്കാന്നു. പാവൽ, പടവലം, പച്ചമുളക്, പയർ, വെള്ളരി, ചീര, വഴുതന എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ തന്നെ കൃഷി ചെയ്തു വരുന്നു. കേരളത്തിന്റെ നാനാഭാഗത്തുന്നു നിന്നും കച്ചവടക്കാർ ഈ പ്രദേശത്തുവന്ന് പച്ചക്കറികൾ വാങ്ങാറുണ്ട്. എന്നാൽ പച്ചക്കറി കൃഷിക്കാരെ സംബന്ധിച്ച് യാതൊരു പരിഗണനയും ഗവൺമെന്റിൽ നിന്നും ലഭിക്കുന്നില്ല. രോഗ–കീടബാധകൾ സംഭവിച്ചാൽ കൃഷിക്കാർക്ക് വമ്പിച്ച നഷ്ടം സംഭവിക്കുന്നു.

നൂറനാട് ഗ്രാമപഞ്ചായത്തിനെ പച്ചക്കറി ഗ്രാമമായി പ്രഖ്യാപിക്കുക. എല്ലാ കുടുംബങ്ങൾക്കും പച്ചക്കറി കൃഷിക്കു വേണ്ടി പ്രോത്സാഹനം കൊടുക്കുക. നല്ലയിനം പച്ചക്കറിവിത്തുകൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുക. ഉപാധിരഹിതമായി കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കുക. സാങ്കേതിക പരിശീലനം നൽകുക. ഗ്രൂപ്പ് ഫാമിംഗ് എല്ലാ വാർഡുകളിലും തുടങ്ങുക. മരുന്ന് തളിക്കുവാനുള്ള സ്പ്രേയർ സൗജന്യനിരക്കിൽ ആവശ്യക്കാർക്ക് വിതരണം ചെയ്യുക. ഉത്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള വിപണനകേന്ദ്രങ്ങൾ തുടങ്ങുക. രോഗകീട വിമുക്തമാക്കുന്നതിനുള്ള പഠനഗവേഷണങ്ങൾ കൃഷിഭവൻ കേന്ദ്രമാക്കി തുടങ്ങുക.

നമ്മുടെഗ്രാമ പഞ്ചായത്തിൽ 8500 തെങ്ങ് വരുമെന്നാണ് കൃഷിഭവൻ കണക്ക്. ഇതിൽ പകുതിയോളം രോഗബാധിതമാണ്. ഓലചീയൽ, കൂമ്പുചീയൽ, ചെന്നീരൊലിപ്പ്, കാറ്റുവീഴ്ച ഇവയാണ് മുഖ്യ.രോഗങ്ങൾ ചെമ്പൻ ചെല്ലിയുടേയും, കൊമ്പൻചെല്ലിയുടേയും ആക്രമണം രൂക്ഷമാണ്. കായ്ഫലം ഉള്ളതിൽനിന്നും ശരാശരി നാല്പതു നാളികേരം ലഭ്യമാണ്.

രോഗംബാധിച്ച തെങ്ങുകൾ നീക്കം ചെയ്യുന്നതിനും പുതിയവ വച്ചുപിടിപ്പിക്കുന്നതിനും വേണ്ട നടപിടികൾ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ സ്വീകരിച്ചിട്ടില്ല. ഇതിനുവേണ്ട പരിഹാരമാർഗ്ഗങ്ങൾ പഞ്ചായത്തിൽ നിന്നും ചെയ്തുതരണമെന്ന് ആവശ്യപ്പെടുന്നു.

നൂറനാട് പഞ്ചായത്തിലെ ഒരു വിഭാഗം കർഷകരുടെ ഉപജീവനമാർഗ്ഗംകൂടിയാണ് വെറ്റിലക്കൊടികൃഷി. ഒരൗഷധച്ചെടികൂടിയായ വെറ്റിലക്കൊടികൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് കാര്യമായ നടപിടികൾ ഒന്നുംതന്നെ ഗവൺമെന്റിൽനിന്നും ലഭിക്കുന്നില്ല.



റബ്ബർ

നൂറനാട് ഗ്രാമപഞ്ചായത്തിൽ വളരെ വേഗം വർദ്ധിച്ചുകൊണ്ടിരിക്കുന്ന നാണ്യവിള യാണ് റബ്ബർ. ഇന്ന് 370 ഹെക്ടർസ്ഥലത്ത് റബ്ബർ കൃഷിചെയ്യുന്നുണ്ട്. റബ്ബർബോർഡിന്റെ ഒരു നേഴ്സറി നൂറനാട് പഞ്ചായത്ത് കേന്ദ്ര മാക്കി തുടങ്ങുക. തൊഴിലാളികൾക്കും കൃഷി ക്കാർക്കും വിദഗ്ധപരിശീലനം നൽകുക. ബോർഡിൽനിന്നും ഉള്ള സബ്സീഡി നിരക്കു വർദ്ധിപ്പിക്കുക. ഒരു ടാപ്പിംഗ് സ്കൂൾ ഈ പഞ്ചായത്തിൽ ആരംഭിക്കുക.

നൂറനാട് പഞ്ചായത്തുപ്രദേശത്ത് രണ്ടു സീസണുകളിലായി 500 ഹെക്ടർസ്ഥലത്ത് ഏത്തവാഴകൃഷി ചെയ്യുന്നുണ്ട്. ഭൂരിഭാഗവും ഉണങ്ങിയും പ്രകൃതിക്ഷോഭം മൂലം ഒടിഞ്ഞും നശിക്കാറുണ്ട്. ഇതിനെ സംരക്ഷിക്കത്തക്ക രീതിയിലുള്ള യാതൊരു വിധ നടപടികളും ഇന്നുവരെ ഗവൺമെന്റു ഭാഗത്തുനിന്നും ഉണ്ടാ യിട്ടില്ല. ഉത്പാദനശേഷി കൂടിയ ഇനം വാഴ യുടെ കന്നുകൾ കർഷകർക്കു വിതരണം ചെയ്യുക. പുതിയ ഇനമായ 'കിന്റ്ൽ'വാഴ സൗജന്യനിരക്കിൽ വിതരണം ചെയ്യുക. മണ്ട യടപ്പുരോഗത്തിന് പ്രതിവിധിയായി ഉപയോ ഗിക്കുന്നതിന് ഫ്യൂരിഡാൻ സൗജന്യനിരക്കിൽ കൃഷിക്കാർക്കു നല്കുക.

ഈ പഞ്ചായത്തിലെ വ്യാപകമായ ഒരു കൃഷിയാണ് ഇഞ്ചി. നൂറ്റിയമ്പതു ഹെക്ടർ സ്ഥലത്ത് കൃഷിയെ്തുവരുന്നു. സുഗന്ധവിള യായ ഇഞ്ചിയുടെ ഉത്പാദനം വർദ്ധിപ്പിക്കേ ണ്ടത് ആവശ്യമാണ്. ഉത്പാദനവർദ്ധനവിനു വേണ്ടി കൃഷിഭവനിൽക്കൂടി നടപ്പിലാക്കികൊ ണ്ടിരിക്കുന്ന പദ്ധതികൾ പഞ്ചായത്തിലെ എല്ലാ കൃഷിക്കാർക്കും ലഭ്യമാക്കുക.

കശുമാവ്, കമുക്, കുരുമുളക് ഇവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നില വിലുള്ള പദ്ധതികൾ വിപുലീകരിക്കുക. എല്ലാ കൃഷിക്കാർക്കും ധനസഹായം ലഭ്യമാക്കുക.

കിഴങ്ങുവർഗ്ഗങ്ങൾ പയറുവർഗ്ഗങ്ങൾ, മഞ്ഞൾ, ഔഷധച്ചെടികൾ പുഷ്പകൃഷി തുട ങ്ങിയവ സാർവ്വത്രീകമായി കൃഷിചെയ്യുന്നതി നുള്ള പ്രോത്സാഹനം നല്കുക.



ഉത്പന്നങ്ങളുടെ വിലയും വിപണനവും

നെല്ല്



വിളവെടുപ്പ്കാലത്ത് കാർഷിക ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒന്നുംതന്നെയില്ല. പ്രധാന വിളയായ നെല്ലിന്റെ വിളവെടുപ്പ് സമയത്ത് ഇടത്തട്ടുകാരന്റെ ചൂഷണത്തിന് വിധേയമാകേണ്ട സാഹചര്യമാണ് ഇവിടെ ഉള്ളത്. അതുപോലെതന്നെ മറ്റ് ഉത്പന്നങ്ങളുടെ കാര്യത്തിലും. പച്ചക്കറി, ഏത്തക്കുല, വെറ്റില, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ, ഇഞ്ചി, നാളീകേരം തുടങ്ങിയവ.

നൂറനാട് പഞ്ചായത്തിൽ വർഷത്തിൽ എല്ലാദിവസവും നെല്ല് ഒഴികേ മറ്റെല്ലാ ഉത്പന്നങ്ങളും കർഷകന് വിറ്റഴിക്കേണ്ടി വരുന്നുണ്ട്. ഇപ്പോൾ ഇവിടെനിന്നും കിലോമിറ്ററുകൾ അകലെയുള്ള പന്തളം. താമരക്കുളം, പറക്കോട്, പത്തനംതിട്ട, ചെങ്ങന്നൂർ എന്നീ മാർക്കറ്റുകളിൽ എത്തിച്ചാണ് വിപണനം നടത്തുന്നത്. വിപണനസൗകര്യം പഞ്ചായത്തിൽതന്നെ ഇല്ലാത്തതിനാൽ കൃഷിക്കാർക്ക് സാമ്പത്തികം ഉൾപ്പടെ പലബുദ്ധിമുട്ടുകളും സഹിക്കേണ്ടി വരുന്നു. അതുകൊണ്ട് പഞ്ചായത്തിന്റെ നേതൃത്വത്തിലും കൃഷിഭവന്റേയും കാർഷികസമിതികളുടെ സഹകരണത്തോടും ഒരു സംഭരണകേന്ദ്രം തുടങ്ങുകയും കൃഷിക്കാരിൽ നിന്ന് ഉല്പന്നങ്ങൾ വാങ്ങി കേടുകൂടാതെ സംഭരിച്ച് വിപണനം നടത്താനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

നൂറനാട് പഞ്ചായത്തിൽ 85% ആളുകളും കാർഷിക രംഗവുമായി ബന്ധപ്പെട്ടുപോരുന്നവരാണ്. ഇതിൽ 84% ആളുകളും ഒരേക്കറിൽ താഴെ കൃഷിഭൂമി സ്വന്തമായിള്ളവരാണ്. ഒന്നു മുതൽ രണ്ടര ഏക്കർവരെ കൃഷിഭൂമിയുള്ളവർ 13% ആകുന്നു. എന്നാൽ രണ്ടര ഏക്കറിൽ കൂടുതൽ കൃഷിഭൂമിയുള്ളവർ 3% മാത്രമാകുന്നു.

ഇന്നത്തെ സാഹചര്യത്തിൽ സ്വയം പണിയെടുക്കുന്നവരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു. അതിനുള്ള കാരണം പലതാണ്. മൊത്തം ജനസംഖ്യയിൽ 50% ആളുകളും കർഷകതൊഴിലാളികളാണ്. 35% ഉടമസ്ഥർ തന്നെ കാർഷിക വൃത്തി നടത്തുന്നു.

കൂലിസേവനവ്യവസ്ഥകൾ

ഇന്ന് നിലനിൽക്കുന്ന സേവനവ്യവസ്ഥയും കൂലി വ്യവസ്ഥയും ഇന്നത്തെ വിലനിലവാരവുമായി ബന്ധപ്പെടുത്തി കർഷകനും തൊഴിലാളികളുമായി ചർച്ചചെയ്ത് മാറ്റം വരുത്താവുന്നതാണ്.

നടപ്പു പദ്ധതികളുടെ അവലോകനം

ജലസേചനത്തിനുവേണ്ടി കെ.ഐ.പി. നടപ്പിൽ വരുത്തിയിട്ടുള്ള പദ്ധതികൾ ഇന്നും പൂർത്തീകരിച്ചിട്ടില്ല. ഉള്ളവയ്ക്ക് ഉദ്ദേശിക്കുന്ന പ്രയോജനം (ലക്ഷ്യം) ലഭിച്ചിട്ടില്ല. കാലവും



സ്ഥലവും മനസ്സിലാക്കി പുനഃസംവിധാനം ചെയ്യേണ്ടിയിരിക്കുന്നു. യഥാർത്ഥത്തിൽ കെ.ഐ & റ്റി.സി.ഡി.പി- കല്ലട, ഇറിഗേഷൻ ആൻഡ് വൃക്ഷ-വിള വികസനപദ്ധതി - എന്ന പേരിൽ നടപ്പിൽ വരുത്തിയ പദ്ധതി കരകൃഷിക്ക് പ്രയോജനപ്പെടുന്നില്ലെങ്കിൽ വിരോധാഭാസമല്ലേ. ആകയാൽ കെ.ഐ.പി.-ഭൂഗർഭ പൈപ്പ് ലൈനുകളും ഉപരിതല കനാലുകളും മാവേലിക്കര താലൂക്കിൽ ഏറ്റവും കൂടുതൽ നെല്ല് ഉത്പാദിപ്പിക്കുന്ന പെരുപേലിൽചാൽ പുഞ്ചയും കരിഞ്ഞാലിപാടവും ഉല്പെടുന്ന നൂറനാട് പഞ്ചായത്തിൽ നെൽകൃഷിക്കും കര കൃഷിക്കും പ്രയോജനപ്പെടത്തക്കരീതിയിൽ പനഃസംവിധാനം ചെയ്യണം. ഇന്നത്തെ നിലയിൽ ഈ പദ്ധതി പരാചയം തന്നെയാണ്.

പ്രശ്നങ്ങൾ

1. **ജലസേചനത്തിനായുള്ള ജലലഭ്യത വേണ്ടത്രയില്ല.**

   പെരുവേലിൽ ചാലിൽ പോത്തുകുഴിക്കൽ കുളത്തിൽ നിന്നും കൃഷിക്കാവശ്യമായ ജലം കിട്ടുന്നില്ല.

2. **നല്ല നടീൽ വസ്തുക്കൾ കിട്ടാനില്ല**

   നെൽവിത്ത്, വാഴക്കന്ന്, കിഴങ്ങുവർഗ്ഗങ്ങൾ പച്ചക്കറി വിത്ത്

3. **കീടബാധ**

   നെല്ലിനും പച്ചക്കറിക്കും തെങ്ങിനും

4. **നീർകെട്ട്**

   പെരുവേലിൽചാൽ കരിങ്ങാലിൽ പുഞ്ചയിൽ

5. **ആവശ്യമായ കാർഷിക യന്ത്രങ്ങൾ കിട്ടാനില്ല**

   ട്രില്ലർ. ട്രാക്ടർ, കൊയ്ത്തു-മെതി യന്ത്രം

6. **മരുന്ന് തളിക്കാനുള്ള ഉപകരണങ്ങൾ**



ഭൂവിനിയോഗം

വിനിയോഗം	വിസ്തീർണ്ണം (ഹെക്ടറിൽ)
നെല്ല് ഒന്നാംവിള	275
നെല്ല് രണ്ടാംവിള	275
നെല്ല് മൂന്നാംവിള (പുഞ്ച)	700
തെങ്ങ്	450
റബ്ബർ	370
പച്ചക്കറി	500
ഏത്തവാഴ, കുടിവാഴ തുടങ്ങി.	250
കുരമുളക്	35
ഏലം, കാപ്പി, ഗ്രാബൂ	15
എള്ള്	5
കമുക്	35
ചേന, ചേമ്പ് തുടങ്ങി.	15

ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തർണ്ണം (ഹെക്ടറിൽ)
നിലം	950.3
പുരയിടം	1488.9
പുറമ്പോക്ക്	215.19
കൃഷിയോഗ്യമായ തരിശ്	
കൃഷിയോഗ്യമല്ലാത്ത തരിശ്	
ആകെ	2654.39



നടീൽവിള വിതരണം

ഇനം	1993-94	1994-95	1995-96
തെങ്ങ്	835	940	1060
കശുമാവ്	-	-	356
കുരുമുളക്	10000	10000	14164
കമുക്	-	790	1200

രാസവള-കീടനാശിനി

		1993-94			1994-95			1995-96		
ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	രാസ വളം കി.ഗ്രാം	കീടനാശിനി		രാസ വളം കിഗ്രാം	കീടനാശിനി		രാസ വളം കി.ഗ്രാം	കീടനാശിനി	
			ദ്രവം	ഖരം		ദ്രവം	ഖരം		ദ്രവം	ഖരം
	സഹകരണം	52089	137 ലി.	986	47913	109 ലി.	698	53118	146 ലി.	1019
	സ്വകാര്യം	97154	228ലി	1367	90913	240 ലി	1431	84317	213 ലി	1349

ദുരിദാശ്വാസവിതരണം

പ്രസ്തുത പദ്ധതിപ്രദേശത്തിന്റെ വിസ്തീർണ്ണം

വർഷം	വെള്ളപ്പൊക്കം	വരൾച്ച	കൊടുംകാറ്റ്	ഉരുൾ പൊട്ടൽ	ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
1	2	3	4	5	6	7
1993-94	1099"				1099	120723
94-95	1350"				340	177250
95-96		73			73	6513



നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	അണക്കെട്ട് വിസ്തീർണ്ണം (ഹെക്ടർ)	എസ്റ്റിമേറ്റ് തയ്യാറായി എങ്കിൽ അങ്കങ്ങൾ	ലക്ഷ്യം
1	പുരംബണ്ട് നിർമ്മാണം ഐരാണിക്കുടി പാലത്തിന് പടിഞ്ഞാറുവശം തെക്കോട്ട് ചേന്നാത്ത് മുക്ക് വരെ 500 മീറ്റർ		700000	കരിങ്ങാലിച്ചാൽ പുഞ്ച യിലെ ജലം സുഗമ മായി വഹിക്കുക. കര ഇടിഞ്ഞ് തോട് നശിക്കു ന്നത് തടയുക. കൃഷി ഇന്നത്തേതിൽ ലാഭകര മാക്കുക.
2	കാരിയോട്ട്-കരയം മുട്ടം എൽ.ഐ.സ്റ്റേഷൻ വർക്ക്			കാരിയോട്ട് കരയം മുട്ടം പാടത്തിന് ജലസേ ചനം
3.	പെരുംതുരുത്തി കോളനിമുക്ക് ബണ്ട്			കരിങ്ങാലിച്ചാൽ പഞ്ച യിലെ വെള്ളം വറ്റിച്ച് കൃഷി ചെയ്യുന്നതി നുള്ള സൗകര്യം
4.	വെട്ടിയാർ പാലം, കുമ്പുളുമല ബണ്ട് കം റോഡ്		4400000	പെരുവേലിൽചാൽ പടി ഞ്ഞാറ് കിഴക്ക് ബ്ലോക്കു കളിലെ കൃഷിക്കും കൃഷിക്കാർക്കും കൂടു തൽ വിളവും, ലാഭവും ലഭിക്കുന്നതിന് സഹാ യിക്കുന്നു.



ചെറുകിട ജലസേചനതോടുകൾ സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	തോടിന്റെ പേര്	ആകെനീളം മീറ്റർ	ശരാശരി വീതി മീറ്റർ	സംരക്ഷിക്കപ്പെട്ട തോടിന്റെ നീളം	തൻവർഷം ചെലവഴിച്ച തുക
1	അച്ചൻകോവിൽ വാലി എൽ.ഐ. സ്കീം മെയിന്റനൻസ് സ്കീം, മുറിഞ്ഞപുഴ എൽ.ഐ സ്റ്റേഷൻ	2.4 കി.മീ	60 സെ.മീ	2.5 കി.മീ	20055
2	പെട്ടി, പറ, എൽ.ഐ. സ്റ്റേഷൻ, ഷഡ്ഡു & ബണ്ട്				78731
3.	എൽ.ഐ.സ്റ്റേഷൻ നമ്പർ 1 ഷഡ്				7114
4.	എൽ.ഐ.സ്റ്റേഷൻ നമ്പർ 4 & മെയിന്റനൻസ്	2 കി.മീ	60 സെ.മീ	2. കി.മീ	30015
5.	കരിങ്ങാലിച്ചാൽ-ഹൈകട്ട്-ചാനൽ സ്കൂയിസ്. അറ്റകുറ്റപ്പണി) (പാണ്ഡ്യൻതോട്)				200000



പണിപൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോആയ ജലസേചനപദ്ധതികളുടെ വിവരങ്ങൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	എസ്റ്റിമേറ്റ് തുക	വിസ്തീർണ്ണം ഹെക്ടർ	മറ്റുവിവരങ്ങൾ
1	2	3	4	5	6	7
1	കല്ലട ഇറിഗേഷൻ പ്രോജക്ട്	1962	പൂർത്തിയായിട്ടില്ല	1992-ലെ എസ്റ്റിമേറ്റനുസരിച്ച് 540 കോടിരൂപ	53000	താമരക്കുളം പഞ്ചായത്തിലെ മൂന്ന്-നാല് വാർഡുകളിൽകൂടി കടന്നുപോകുന്ന ചാരുംമൂട് ഡിസ്ട്രിബ്യൂട്ടറിയുടെ പണി നടന്നുകൊണ്ടിരിക്കുന്നു. ഈ കനാൽ മേക്കുംമുറി ഭാഗത്തുകൂടി വേടരപ്ലാവിൽ അവസാനിക്കുന്നു. മൂന്നാം വാർഡിൽകൂടി ചാരുംമൂട് ഭരണിക്കാവ് റോഡ് ക്രോസ് ചെയ്ത് കടന്നുപോകുന്ന വള്ളികുന്നം ഡിസ്ട്രിബ്യൂട്ടറിയുടെ പണി പൂർത്തീകരിച്ചിട്ടില്ല. മൊത്തത്തിൽ കനാൽ പണികൾ പൂർത്തീകരിച്ചിട്ടില്ല.

തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

ക്ര.മ നമ്പർ	തെങ്ങ് എണ്ണം				രോഗം ബാധിച്ചതെങ്ങ്					
	തെങ്ങുകൃഷി	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽട്ട്	ലീവ് റോട്ട്	ബഡ് റൂട്ട്	സ്റ്റെബ്ലീഡിംഗ്	മറ്റുള്ളവ	ആകെ
1	2	3	4	5	6	7	8	9	10	11
1	30	1110	3990	5100		371	596		4133	5100
2	28	1070	3690	4760		590	275		3895	4760
3	49	1129	7201	8330		1547	105	2	6676	8330
4	51	1140	7530	8670		1619	229	6	6816	8670
5	33	1010	4600	5610		1413	140		4057	5610
6	40	1181	5619	6800		1398	215		5187	6800
7	50	1130	7370	8500		1893	312		6295	8500
8	50	881	7619	8500		1619	411		6470	8500
9	40	1193	5607	6800		939	209		5152	6800
10	40	899	5901	6800		997	206		5097	6800
11	39	931	5699	6630		819	294		5517	6630



വിളവിസ്തീർണ്ണവും ഉത്പാദനവും

നമ്പർ	വിള	വിസ്തീർണ്ണം	മൊത്തം ഉത്പാദനം	ഉത്പാദനക്ഷമത
1	നെല്ല് ഒന്നാംവിള	275	539	1.96
	നെല്ല് രണ്ടാംവിള	275	582	2.12
	നെല്ല് മൂന്നാംവിള	700	1600	2.28
2	തെങ്ങ്	450	2593440	40 കായ് ഒരു
				തെങ്ങിന്
3.	പയർ	25	7.5	.300
4.	എള്ള്	2.5	.400	.160
5.	പച്ചക്കറികൾ	500	600	1.200
6.	വാഴ	300	3750	15
7.	മരച്ചീനി	250	3750	15
8.	കുരുമുളക്	50	12.50	.25
9.	പ്ലാവ്	50	–	–
10.	കശുമാവ്	35	28	.800
11.	മാവ്	15	–	–
12	റബ്ബർ	370	25.90	.700
13.	കമുക്	35	490000	14,000
				കാ./ഹെക്ടർ
14.	ഇഞ്ചി	135	–	–

മൃഗസംരക്ഷണവും മത്സ്യബന്ധനവും



നൂറനാട് പഞ്ചായത്തിൽ നിലമുഴുന്നതിനും വണ്ടിവലിക്കുന്നതിനും പാലിനും ജൈവവളത്തിനുമായി ധാരാളം കന്നുകാലികളെ പതിറ്റാണ്ടുകൾക്ക് മുമ്പ് വളർത്തിയിരുന്നു.പുഞ്ചപ്പാടങ്ങളും വിരിപ്പുനിലങ്ങളും നിറഞ്ഞ ഈ പ്രദേശത്തിന്റെ സമ്പത്ഘടനയേയും ജനങ്ങളുടെ ഉപജീവനമാർഗ്ഗത്തേയും കൃഷിയും കന്നുകാലിവളർത്തലും ഏറെ സ്വാധീനിച്ചിരുന്നു.

കന്നുകാലികളെ മേയിക്കുന്നതിന് പുല്ലു നിറഞ്ഞ ധാരാളം പ്രദേശങ്ങൾ നൂറനാട്ടുണ്ടായിരുന്നു. പശുവിന് പുല്ലുപറിച്ച് കൊടുത്തിട്ടാല്ലാത്ത ഒരു കുട്ടിപോലും പത്തുവർഷത്തിനു മുമ്പ് വരെനൂറനാട്ട് ഉണ്ടായിരുന്നില്ല. വയലുകളിൽ നെൽകൃഷി ചെയ്തിരുന്നതിനാൽ ധാരാളം വൈക്കോലും ലഭിച്ചിരുന്നു. അതിനാൽ കന്നുകാലിവളർത്തൽ ഒരു ഭാരമായി നൂറനാട്ടെ ജനങ്ങൾക്ക് തോന്നിയിരുന്നില്ല.

നെൽകൃഷി ആദായകരമല്ലാതായപ്പോൾ വയലുകളിൽ മറ്റു കൃഷികൾ ആരംഭിച്ചു. പാർപ്പിടങ്ങൾ വർദ്ധിച്ചപ്പോൾ മേച്ചിൽപ്പുറങ്ങൾ ഇല്ലാതായി. കാലികൾക്കാവശ്യമായ വൈക്കോലും തീറ്റപ്പുല്ലും ദുർലഭമായപ്പോൾ കാലിവളർത്തൽ കുറഞ്ഞുവന്നു. ഇത് കൃഷിയേയും ബാധിച്ചു.

വളർത്തുമൃഗങ്ങളുടെ എണ്ണം കഴിഞ്ഞ കുറേവർഷങ്ങളായി വളരെയധികം കുറഞ്ഞിട്ടുണ്ട്. സെൻസസ് കണക്കുകൾ ഈ ഗണ്യമായ കുറവു നമ്മെ ബോധ്യപ്പെടുത്തുന്നു. പശു, ആട്, എരുമ, കോഴി, താറാവ് തുടങ്ങിയവയെ വളർത്തുന്നതിന് അനുകൂലമായ പരിതസ്ഥിതികളുണ്ടെങ്കിലും നൂറനാട്ടെ കർഷകർ അതിന് താൽപര്യം കാണിക്കുന്നില്ല. നല്ലയിനം സങ്കര പശുക്കളുടേയും എരുമകളുടേയും നല്ലയിനം കോഴി, താറാവ് ഇവകളുടേയും ദൗർലഭ്യം, സാമ്പത്തിക ബുദ്ധിമുട്ടുകൾ എന്നിവകാരണം ഈ ഉപതൊഴിലുകളിൽ



നിന്നും കൂടുതൽ ആളുകളും വിട്ടു നിൽക്കുന്നതിന് കാരണമാകുന്നു. ബാങ്ക് വായ്പാ സൗകര്യങ്ങളും നല്ലയിനം സങ്കര പശുക്കളേയും എരുമകളേയും നല്ലയിനം കോഴി, താറാവ് മുതലായവയേയും ലഭ്യമാക്കിക്കൊണ്ട് പ്രോത്സാഹനം ചെയ്താൽ കൂടുതൽ കർഷകരെ ആകർഷിക്കുവാനും ഒരു സ്വയം തൊഴിൽ പദ്ധതിയായോ ഉപതൊഴിലായോ ഇവ വളർത്തിയെടുക്കുവാൻ കഴിയും. മൂന്നു പശുക്കൾ ആല്ലെങ്കിൽ എരുമകൾ അടങ്ങുന്ന ഒരു യൂണിറ്റോ, നൂറു കോഴി അല്ലെങ്കിൽ താറാവ് അടങ്ങുന്ന ഒരു യൂണിറ്റോ ശ്രദ്ധാപൂർവ്വം പരിരക്ഷിച്ചാൽ ഒരു സ്വയംതൊഴിൽ പദ്ധതിയായി ഒരു ചെറിയ കുടുംബത്തിന് ജീവിതമാർഗ്ഗം ആവുകതന്നെചെയ്യും.

നിലവിലുള്ള ക്ഷീരോത്പാദക സഹകരണസംഘം വിപുലപ്പെടുത്തുകയോ പുതിയ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയോ വഴി ഈ തൊഴിൽ കൂടുതൽ വ്യാപിപ്പിക്കുവാൻ കഴിയും. കൂടാതെ രണ്ടു വാർഡുകൾക്ക് ഒന്നു വീതമെങ്കിലും മൃഗാശുപത്രിയുടെ സബ് സെന്ററുകൾ സ്ഥാപിച്ച് ഇവയുടെ ആരോഗ്യപരിപാലനം നടത്തപ്പെടേണ്ടതാണ്. നിലവിലുള്ള കന്നുകാലി ചന്ത വിപുലപ്പെടുത്തുകയും ജനങ്ങൾക്ക് വായ്പാ സൗകര്യം ലഭ്യമാക്കുകയും ചെയ്യേണ്ടത് പ്രധാന ശ്രദ്ധപതിക്കേണ്ട വിഷയമാണ്.





വളർത്തുമൃഗങ്ങളുടെ എണ്ണം

പഞ്ചായത്തിൽ 1000 പശുക്കളും 113 കാളകളും 1149 ആടുമാണുള്ളത്. കൂടാതെ 13000 കോഴികളും 4500 താറാവുകളും ഉൾപ്പടെ 17500 വളർത്തു പക്ഷികളാണ് പഞ്ചായത്ത് അതിർത്തിയിലുള്ളത്.

മൃഗചികിത്സ-ബീജസങ്കലന സൗകര്യങ്ങൾ

പഞ്ചായത്തിലെ ഏകമൃഗാശുപത്രി കുതിരകെട്ടുംതടം കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 10204 കന്നുകാലികളെയും പതിനഞ്ച് എരുമകളേയും 1077 ആടുകളേയും 3515 കോഴികളേയും വിവിധ രോഗങ്ങൾക്കായി ചികിത്സിച്ചിട്ടുണ്ട്. കൂടാതെ 405 കന്നുകാലികൾക്കും 4350 കോഴികൾക്കും 1750 താറാവുകൾക്കും 1035 പട്ടികൾക്കും രോഗ പ്രതിരോധ കുത്തിവെയ്പ് നടത്തിയിട്ടുണ്ട്. 16 പശുക്കൾക്കും 10 ആടിനും പേവിഷം ബാധിച്ചതിനുള്ള കുത്തിവെയ്പ് നടത്തിയിട്ടുണ്ട്.

ബീജസങ്കലനകാര്യത്തിൽ പഞ്ചായത്തിലെ തെക്കൻ മേഖലയിലുള്ള അഞ്ച് വാർഡിലുള്ള കർഷകർ പാലമേൽ പഞ്ചായത്തിലുള്ള നൂറനാട് മൃഗാശുപത്രിയേയും ചാരുംമൂട് ഗോസംവർദ്ധന ഉപകേന്ദ്രത്തേയുമാണ് ആശ്രയിക്കുന്നത് വടക്കൻ വാർഡുകളിലെ കർഷകരിൽ ഒരു വിഭാഗം വെട്ടിയാർ മുടിയൂർക്കോണം എന്നീ ഉപകേന്ദ്രങ്ങളേയും ആശ്രയിക്കേണ്ടിവരുന്നു.



നൂറനാട് പഞ്ചായത്ത് കാലി സമ്പത്ത് എന്നതുപോലെ മത്സ്യസമ്പത്തിലും അനുഗ്രഹീതമാണ്. പഞ്ചായത്ത് അതിർത്തിയിലുള്ള 1020 ഏക്കർ പുഞ്ചപ്പാടവും നാലുകിലോമീറ്റർ ദൈർഘ്യം വരുന്ന അച്ചൻകോവിലാറും നിരവധി ഉൾനാടൻ കുളങ്ങളും മത്സ്യസമ്പത്തിന്റെ കാര്യത്തിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നു. ആകെയുള്ള 190 പരമ്പരാഗത മത്സ്യതൊഴിലാളി കുടുംബങ്ങളിൽനിന്നും 250 പുരുഷന്മാർ മത്സ്യബന്ധനം നടത്തുമ്പോൾ 131 സ്ത്രീകളും 9 പുരുഷന്മാരും മത്സ്യവിപണന രംഗത്തും പ്രവൃത്തിയെടുക്കുന്നു കൂടാതെ 12 പുരുഷന്മാർ മത്സ്യബന്ധന ഉപകരമങ്ങൾ നന്നാക്കൽ തൊഴിലിലും ഏർപെട്ടിരിക്കുന്നു.

മത്സ്യ ബന്ധനത്തിനായി 69 നാടൻ വള്ളങ്ങളും 8 എം.എം-10എം.എം നൈലോൺ നീട്ട്, ഡങ്കീസ്, കോരുവല മുതലായ വലകളും ഉണ്ട്. രണ്ട് കുടിൽ വ്യവസായങ്ങളും കന്നുകാലി വളർത്തൽ കൃഷി എന്നീ ഉപതൊഴിലുകളിലും കൂടി ഏറ്റെടുത്ത പഞ്ചായത്തിലെ 190 മത്സ്യ തൊഴിലാളി കുടുംബങ്ങളിലെ ജീവിത പശ്ചാത്തലം താരതമ്യേന ഭദ്രവും കേരളത്തിനാകെ അനുകരണീയവുമാണ്.

സമീപകാലത്ത് ശാസ്ത്രീയ മീൻ വളർത്തലിന് സഹകാര്യമേഖലയിൽ മീൻവളർത്തൽ കേന്ദ്രം തുടങ്ങിയിട്ടുണ്ട് ഈ റിപ്പോർട്ട് നൂറനാട് ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണ മത്സ്യബന്ധന മേഖലകളിലേക്ക് ഒരു എത്തിനോട്ടം മാത്രമേ ആകുന്നുള്ളു.

പ്രശ്നങ്ങൾ / നിർദ്ദേശങ്ങൾ

1. മൃഗാശുപത്രി: പഞ്ചായത്തിലെ ഏക മൃഗാശുപത്രി പഞ്ചായത്തിന്റെ ഉത്തര മുറിയിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ആശുപത്രിക്കുവേണ്ടി പഞ്ചായത്തിൽനിന്നും അനുവദിച്ച സ്ഥലത്ത് ആധുനിക സജ്ജീകരണങ്ങളോടുകൂടി അടിയന്തിരമായി ഒരു കെട്ടിടവും ചുറ്റുമതിലും അത്യാവശ്യമായ ഫ്രിഡ്ജും, മൈക്രോസ്കോപ്പ് തുടങ്ങിയ സാങ്കേതിക ഉപകരണങ്ങളും ഫർണിച്ചറുകളും ലഭ്യമാക്കേണ്ടതാണ്. കൂടാതെ ആശുപത്രിയിലേക്ക് ഒരു അറ്റന്ററുടെ തസ്തികകൂടി സൃഷ്ടിച്ച് നീയമനം നടത്തേണ്ടതാണ്.
2. തെക്കൻ മേഖലയിലെ 1,2,3 വാർഡുകളിലെ കർഷകർക്ക് സൗകര്യാർദ്ധം ഇടക്കുന്നം ക്ഷീരോത്പാദനസംഘത്തോട് അനുബന്ധിച്ചും കിടങ്ങയം ക്ഷീരോത്പാദകസഹകരണസംഘത്തോട് അനുബന്ധിച്ചും ഓരോ ഐ.സി.ഡി.പി. സബ് സെന്റർ വീതം അനുവദിക്കേണ്ടതാണ്.
3. ആശുപത്രിയിലെ അത്യാവശ്യമായ മരുന്നുകളും പ്രതിരോധ ഔഷധങ്ങളും ലഭ്യമാക്കേണ്ടതാണ്.
4. പ്രത്യേക കന്നുകുട്ടി പരിപാലനപരിപാടിയിൽ നൂറനാട് പഞ്ചായത്തിനേകൂടി ഉൾപ്പെടുത്തുക.
5. രണ്ടു വാർഡിന് ഒരു പാൽ സഹകരണസംഘം എന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിൽ രണ്ട് ക്ഷീരസഹകരണസംഘങ്ങൾ കൂടി അനുവദിക്കുക.
6. കന്നുകാലി തീറ്റയുടെ ദൗർലഭ്യവും കാലിത്തീറ്റയുടെ അമിതമായ വിലക്കയറ്റവും കാരണം ക്ഷീരകർഷകർക്ക് ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സഹകരണ മേഖലയിൽ ഒരുകാലിത്തീറ്റ ഫാക്ടറി പഞ്ചായത്തു തലത്തിൽ സ്ഥാപിക്കുക.
7. കറവ മാടുകളെ വാങ്ങുവാൻ വേണ്ടി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കർഷകർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഉദാരവ്യവസ്ഥയിൽ ലോണുകളും മറ്റും ലഭ്യമാക്കുക.



8. അപ്കോസ് സംഘങ്ങളുടെ നീയമാവലിയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി അംഗങ്ങൾക്ക് ഉദാരമായ വ്യവസ്ഥയിൽ ലോൺ ലഭ്യമാക്കുക.

9. ദുർബല വിഭാഗങ്ങളുടെ കറവമാടുകൾക്ക് വാർഡുതലത്തിൽ ഗ്രൂപ്പ് ഇൻഷുറൻസ് നടപ്പിലാക്കുക.

10. മിനിഡയറി യൂണിറ്റ് ആവശ്യാനുസരണം അനുവദിക്കുക.

11. കന്നുകുട്ടി പരിപാലനത്തിനുവേണ്ടി വിരമരുന്നുകളും ധാതുലവണങ്ങളും ആവശ്യാനുസരണം ലഭ്യമാക്കുക.

12. കാലിത്തീറ്റയുടെ വിലവർദ്ധന കാരണം കറവയിൽതന്നെ കാളക്കുട്ടികളെ കയ്യൊഴിയുന്ന ഒരു പ്രവണതയാണ് കണ്ടുവരുന്നത് അങ്ങനെയുള്ള കാളക്കുട്ടികളെ പരിപാലിക്കുവാൻ പഞ്ചായത്തടിസ്ഥാനത്തിൽ സഹകരണമേഖലയിൽ കാളക്കുട്ടി പരിപാലനയൂണിറ്റ്. വിദഗ്ധ സമിതിയിടെ മേൽനോട്ടത്തിൽ സ്ഥാപിച്ച് 32 മാസം വരെ വളർത്തി മാംസ്യാവശ്യത്തിനുവേണ്ടി വിപണനം നടത്താവുന്നതാണ്. ഈ മേഖലയിൽ കുറേ തൊഴിലവസരങ്ങൾ ഉണ്ടാകുവാൻ സാധിക്കുന്നതാണ്.

13 കാലിത്തൊഴുത്ത് നിർമ്മാണം, ജൈവവള നിർമ്മാണ ടാങ്കുകൾ, ബയോഗ്യാസ് ടാങ്കുകൾ എന്നിവ താഴ്ന്ന വരുമാനക്കാർക്ക് ഗുണകരമാകത്തക്കരീതിയിൽ നിർമ്മിച്ച് ലഭ്യമാക്കുക.

14. ഉത്പാദനചെലവിന്റെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ പാലിന്റെ വില പുനർനിർണ്ണയം ചെയ്യുകയും കാലിത്തീറ്റ സൗജന്യനിരക്കിൽ ലഭ്യമാക്കുകയും ചെയ്യണം.

15. പുല്ലുകൃഷി വ്യാപകമാക്കുന്നതിനുള്ള പ്രോത്സാഹനം നൽകുക.

16. ക്ഷീരകർഷകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുകയും അവ കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്യുക.

17. മൃഗാശുപത്രിയുടെ സേവനം എല്ലാവർക്കും ലഭ്യമാകത്തക്കരീതിയിൽ പഞ്ചായത്തിന്റെ വിവിധ കോണുകളിൽ ഗോരക്ഷാക്യാമ്പുകളും കുത്തിവയ്പ് ക്യാമ്പുകളും സംഘടിപ്പിക്കുക.

18. ക്ഷീരകർഷകർക്ക് ബോധവൽക്കരണ ക്യാമ്പ് ക്ഷീരസംഘങ്ങളുമായി ബന്ധപ്പെടുത്തി നടത്തുക.

19. വളർത്തു നായ്ക്കൾക്ക് പേവിഷത്തിനെതിരായി പ്രതിരോധ കുത്തിവയ്പ്പും ലൈസൻസും നിർബന്ധമാക്കുക. പേവിഷബാധയ്ക്കെതിരായ കുത്തിവയ്പ്പിനുള്ള വാക്സിൻ സൗജന്യമായി വിതരണം ചെയ്യുക. തെരുവുനായ്ക്കളുടേയും ലൈസൻസില്ലാത്ത വളർത്തുനായ്ക്കളുടേയും നിർമ്മാർജ്ജനപരിപാടി കർക്കശമാക്കുക.

20. വളർത്തു പക്ഷികൾ നല്ലയിനം കോഴിക്കുഞ്ഞുങ്ങളേയും താറാവിൻ കുഞ്ഞുങ്ങളേയും കുറഞ്ഞവിലയ്ക്ക് ആവശ്യാനുസരണം ലഭ്യമാക്കുക.

21. താറാവിൻ കുഞ്ഞുങ്ങളുടേയും കോഴിക്കുഞ്ഞുങ്ങളുടേയും നഴ്സറി സഹകരണാടിസ്ഥാനത്തിൽ ,സ്ഥാപിക്കുക.

22. ഇറച്ചിക്കോഴികളുടെ നഴ്സറിയും വിപണനവും വാർഡ് തലത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

23. നൂറനാടിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ബായ്ക്ക്യാർഡ് താറാവുവളർത്തൽ യൂണിറ്റുകൾ പ്രചരിപ്പിക്കുക.

24. ആടുവളർത്തൽ യൂണിറ്റുകൾ വാർഡ് അടിസ്ഥാനത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് അനുവദിക്കുക.

25. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും വാങ്ങുന്നതിന് ബാങ്കു വായ്പാ സൗകര്യങ്ങൾ നടപ്പിലാക്കുക.

26. മത്സ്യബന്ധനമേഖലയിൽ മത്സ്യ വിപണനത്തിനും മത്സ്യത്തൊഴിലാളികളുടെ കൂട്ടായ്മയ്ക്കും ഉപകരിക്കുവാൻ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഓരോ ലാന്റിംഗ് സെന്റർ 6,7 എന്നീ വാർഡുകലിൽ സ്ഥാപിക്കുക.

27. മുമ്പുണ്ടായിരുന്ന ഏലിയാസ് നഗർ രണ്ടുകുറ്റി കടത്ത് പുനഃസ്ഥാപിക്കുകയോ, വള്ളക്കടവ് രണ്ടു കുറ്റിയുമായി ബന്ധിപ്പെടുത്തി ഒരു ബണ്ട് നിർമ്മിക്കുകയോ ചെയ്ത് മത്സ്യ വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

28. മത്സ്യതൊഴിലാളികളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ, പെൻഷൻ മറ്റ് ക്ഷേമപ്രവർത്തനങ്ങൾ എന്നിവ ത്വരിതപ്പെടുത്തുക.


29. രാത്രികാലങ്ങളിലെ മത്സ്യബന്ധനത്തിന് മണ്ണെണ്ണവിളക്കാണ് ഉപയോഗിക്കുകന്നത്. ആയതിനാൽ ഓരോ തൊഴിലാളിക്കും അഞ്ച് ലിറ്റർ മണ്ണെണ്ണയുടെ പെർമിറ്റ് അനുവദിക്കേണ്ടതാണ്.

30. പുതുതായി മത്സ്യകൃഷിയിൽ ഏർപ്പെടുന്നവർക്ക് കാലോചിതമായ സാമ്പത്തിക സഹായവും സാങ്കേതിക ഉപദേശവും ലഭ്യമാക്കുക.

31. ഉൾനാടൻ മത്സ്യസമ്പത്തിന്റെ അഭിവൃദ്ധിക്കു വേണ്ടി കണ്ടൽക്കാടുകൾക്ക് സമാനമായ കൈതക്കാടുകൾ ജലാശയത്തോടു ചേർത്ത് നട്ടുപിടിപ്പിക്കുക.

32. നൂറനാട് പഞ്ചായത്തിലെ ഒന്നും രണ്ടും വാർഡുകളിലെ കർഷകരുടെ പൊതു അഭിപ്രായം പരിഗണിച്ച് പറയൻകുളത്തെ വരട്ടുചിറ ഉദ്ധരിച്ചു പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു മീൻ വളർത്തൽ കേന്ദ്രം തുടങ്ങിയാൽ പഞ്ചായത്തിലേക്ക് ഒരു വരുമാനമാർഗ്ഗം എന്നതിലുപരി മീൻ വളർത്തലിൽ കർഷകർക്ക് അറിവു പകരുന്നതിനും ഏതാനും കുടുംബങ്ങൾക്ക് തൊഴിൽ സാദ്ധ്യത ഉണ്ടാക്കാവുന്നതും ആകുന്നു.

33. ഒരിപ്പൂമാത്രം കൃഷി ചെയ്യുന്ന നമ്മുടെ പുഞ്ചപ്പാടങ്ങളിൽ വർഷത്തിൽ എട്ടുമാസവും വെള്ളം കയറിക്കിടക്കുന്ന സ്ഥിതിയാണ്. ആവശ്യമായ ശാസ്ത്രീയ രീതി അവലംബിച്ച് കുട്ടനാടൻ മാതൃകയിൽ ഈ പാടങ്ങൾ മത്സ്യകൃഷിക്ക് ഉപയുക്തമാക്കിയാൽ അത് കർഷകർക്ക് കൂടുതൽ വരുമാനത്തിനും മത്സ്യബന്ധനതുറയിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുന്നതിന് സഹായകരവും ആയിരുക്കും.





വാർഡ്	പശു	കാള	ആട്	കോഴി	താറാവ്	എരുമ
1	120	13	120	1227	–	1
2	112	9	127	1017	–	1
3	87	11	59	1289	–	–
4	71	8	61	1341	–	–
5	82	7	94	1273	–	–
6	92	12	58	1288	1203	–
7	96	10	128	1452	–	–
8	107	8	117	997	750	2
9	89	14	102	1054	–	–
10	64	11	186	1002	1020	2
11	80	10	97	1087	1500	1
ആകെ	**1000**	**113**	**1149**	**13000**	**4500**	**7**

വിഭാഗം	നാടൻ	സങ്കരം	ആകെ
കാള	85	28	113
പശു	370	630	1000

വ്യവസായം



നൂറനാട് പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കൃഷിയെ ഒരു മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരിക്കുന്നു. കൃഷിയെ പൂർണ്ണമായും ആശ്രയിച്ചുകൊണ്ട് നാടിന്റെ സമഗ്രമായ വികസനം സാധ്യമല്ല. വ്യവസായവല്കരണമാണ് ഇതിന് പരിഹാരം. കാർഷിക ഉല്പന്നങ്ങളെ ഉപയോഗപ്പടുത്തിയുള്ള വ്യവസായങ്ങൽക്ക് നൂറനാട് പഞ്ചായത്തിൽ സാധ്യതകൾ ഏറെയാണ്. എന്നാൽ ഇപ്പോൾ വ്യാവസായികമായി ഈ പഞ്ചായത്ത് വളരെ പിന്നോക്കമാണ്. പൊതു മേഖലയിലോ സഹകരണ മേഖലയിലോ ഒരു വ്യവസായം പോലും ഈ പഞ്ചായത്തിൽ നിലവിലില്ല.

വ്യവസായ വികസനത്തിനാവശ്യമായ അടിസ്ഥാന ഘടകങ്ങളായ വൈദ്യുതി. ജലം, മുഷ്യവിഭവശേഷി എന്നിവ സുലഭമായി ഉള്ള പഞ്ചായത്താണ് നൂറനാട്. എന്നാൽ ഇവയൊന്നും ഫലപ്രദമായി ഉപയോഗിക്കുവാൻ നാളിതുവരെ നമുക്ക് കഴിഞ്ഞിട്ടില്ല.

നൂറനാട് പഞ്ചായത്തിന്റെ വ്യാവസായിക വികസനത്തിന് സഹായകരമായ ചില പദ്ധതികൾ ചുവടേചേർക്കുന്നു.

1. നൂറനാട് പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന റബ്ബർ അസംസ്കൃതവസ്തു ഉപയോഗിച്ച് റബ്ബർ അധിഷ്ടിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.
2. ഈ പഞ്ചായത്തിലെ കാർഷിക മേഖലയിൽ ഏറ്റവും കൂടുതൽ ഉത്പാദിപ്പിക്കപ്പെടുന്ന നെല്ല് സംഭരിക്കുവാനും അത് അരിയാക്കി വിപണനം ചെയ്യുവാനും ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.
3. റെഡിമെയ്ഡ് ഗാർമെന്റ്സ്, പട്ടുനൂൽ നിർമ്മാണം. തേനീച്ച വളർത്തൽ, കരകൗശലവസ്തുക്കളുടെ നിർമ്മാണം, കറിപൗഡർ, അച്ചാർ നിർമ്മാണം, മെഴുകുതിരി, ചന്ദനത്തിരി-സോപ്പ് എന്നിവ നിർമ്മിക്കുന്നതിനുവേണ്ടി വനിതാ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക. (ഇതിന് ഖാദിബോർഡിന്റെ സാങ്കേതിക സാമ്പത്തിക സഹായം സ്വീകരിക്കാവുന്നതാണ്).
4. ബുക്ക്ബൈൻഡിംഗ്, ആൽബം ബൈൻഡിംഗ്, ലാമിനേഷൻ, എൻവലപ്, മറ്റു അനുബന്ധ വ്യവസായങ്ങളുടെ നിർമ്മാണ, വിപണനകേന്ദ്രം ആരംഭിക്കാവുന്നതാണ്.





5. നൂറനാട്, പഞ്ചായത്തിന്റെ പലഭാഗങ്ങളിൽ നിന്നും ഇഷ്ടിക നിർമ്മാണത്തിനാവശ്യമായ മണ്ണ് ഈ പഞ്ചായത്തിന് പുറത്തുള്ള നിർമ്മാണ കേന്ദ്രങ്ങളിലേക്ക് കൊണ്ടുപോകുന്നു. നമ്മുടെ പഞ്ചായത്തിൽ കൂടുതൽ ഇഷ്ടിക നിർമ്മാണ കേന്ദ്രങ്ങൾ ആരംഭിച്ചു കൊണ്ട് കൂടുതൽ തൊഴിലവസരങ്ങൾ ഇവിടെ ഉണ്ടാക്കാവുന്നതാണ്.

6. പ്ലാസ്റ്റിക് അധിഷ്ടിത വ്യവസായങ്ങൾ ആരംഭിക്കുക. (പ്ലാസ്റ്റിക് കവർ, ബക്കറ്റ്, മഗ്ഗ്, ജാർ, കസേര) തുടങ്ങി റബ്ബർ മരത്തിൻ മഴക്കാല സംരക്ഷണം നല്കുന്ന ഷെയ്ഡുകൾ വരെ).

7. കൂടുതൽ വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി പഞ്ചായത്ത് അടിസ്ഥാനത്തിൽ കശുവണ്ടി ശേഖരണത്തിനും സംസ്കരണത്തിനുമായി ചെറുകിട വ്യവസായ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

8. ഡയറിഫാം സ്ഥാപിച്ച്. പാൽ സംസ്കരണവും പാൽ ഉപയോഗിച്ചുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകളും തുടങ്ങുക.

9. സിമന്റ്, മണൽ എന്നിവ ഉപയോഗിച്ച് ഗൃഹനിർമ്മാണ വസ്തുക്കൾ ഉണ്ടാക്കുവാൻ ഒരു വ്യവസായ യൂണിറ്റ് സ്ഥാപിക്കുക.

10. നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന കൊപ്രാ സംഭരിച്ച് വെളിച്ചെണ്ണ ഉത്പാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും വ്യവസായ യൂണിറ്റ് സ്ഥാപിക്കുക.

11. റക്സിൻ ഉപയോഗിച്ചുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുവാൻ ഒരു അപ്ഹോൾസ്റ്ററിയൂണിറ്റ് സ്ഥാപിക്കുക.

12. കാലിത്തീറ്റയുടെ ഉപഭോഗം അമിതമായുള്ള ഈ പ്രദേശത്ത് ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നത് ഉചിതമായിരിക്കും.

13. നൂറനാട് പഞ്ചായത്തിന്റെ മധ്യഭാഗം കേന്ദ്രീകരിച്ച് മിനിഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.

14. ആസിഡ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

15. എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് സ്ഥാപിക്കുക.

16. ടയർ റീട്രേഡിംഗ് യൂണിറ്റ് സ്ഥാപിക്കുക.

17. റബ്ബർ തടി സംസ്കരണ യൂണിറ്റ് സ്ഥാപിക്കുക.

18. അലൂമിനിയം ഫാബ്രിക്കേഷൻ യൂണിറ്റ് സ്ഥാപിക്കുക.

19. വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പാക്കുന്നതിനുവേണ്ടി തീപ്പട്ടി നിർമ്മാണശാല സ്ഥാപിക്കുക.

20. വ്യാവസായിക അടിസ്ഥാനത്തിൽ കോഴി ആടുവളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുക.

21. കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾ ആരംഭിക്കുക.

22. ഫൈബർ വ്യവസായ യൂണിറ്റ് ആരംഭിക്കുക.

23. വാഷിംഗ്പൗഡർ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

24. സോഫ്റ്റ് ഡ്രിഗ്സ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

25. പുതുപ്പള്ളികുന്നം വാർഡിൽ നിലവിലുള്ള 'മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പരമാവധി വ്യവസായങ്ങൾ ആരംഭിക്കുക

26. കരിങ്ങാലിച്ചാൽ പുഞ്ചയുടേയോ പെരുവേലിൽചാൽ പുഞ്ചയുടേയോ തീരത്ത് ഒരു സിമന്റ് ഫാക്ടറിസ്ഥാപിക്കുന്നതിനുള്ള സാധ്യതയുണ്ട്.



പരമ്പരാഗത വ്യവസായങ്ങൾ

പരമ്പരാഗത വ്യവസായ മേഖലയിൽ കുട്ട, വട്ടി, ചൂരൽകസേര എന്നിവയുടെ നിർമ്മാണമാണ് നടന്നുകൊണ്ടിരിക്കുന്നത്. പഞ്ചായത്തിലെ മിക്ക വാർഡുകളിലും ഇത്തരം നടന്നുകൊണ്ടിരിക്കുന്നു. എന്നാൽ ഈ വ്യവസായം ഇന്ന് തകർച്ചയിലാണ്. അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യവും അമിതമായ വിലയും ഇതിനൊരു കാരണമാണ്. അതുകൊണ്ട് ബാംബു കോർപ്പറേഷനുമായി ബന്ധപ്പെട്ടുകൊണ്ട് അസംസ്കൃതവസ്തുക്കൾ തൊഴിലാളികൾക്ക് എത്തിച്ചുകൊടുക്കാവുന്നതാണ്. ഇന്ന് നാമമാത്രമായി നടന്നുകൊണ്ടിരിക്കുന്ന ഈ കുടിൽ വ്യവസായത്തെ പുനഃരുദ്ധരിച്ചുകൊണ്ട് സഹകരണാടിസ്ഥാനത്തിൽ പനമ്പ്, കുട്ട,വട്ടി, തഴപ്പായ്, മുറം, ഒറ്റാൽ, മത്സ്യബന്ധനത്തിനുപയോഗിക്കുന്ന കൂടകൾ, ചൂരൽ കസേരകൾ, ചൂരലുകൊണ്ട് നിർമ്മിക്കാവുന്ന ഫർണിച്ചറുകൾ എന്നിവയുടെ നിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. കൂടാതെ മിക്ക വാർഡുകളിലും നിലവിലുള്ള പരമ്പരാഗത വ്യവസായമായ പർപ്പട നിർമ്മാണം വിപുലമാക്കുവാൻ ഒരു വ്യവസായ യൂണിറ്റ് സ്ഥാപിക്കാവുന്നതാണ്. കൂടാതെ പരമ്പരാഗത വ്യവസായങ്ങളായ സ്വർണ്ണപ്പണി, ഇരുമ്പുപണി, കൃഷിആയുധങ്ങൾ നിർമ്മിക്കൽ എന്നിവയും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

നിലവിലുള്ള വ്യവസായയൂണിറ്റുകൾ

നിലവിലുള്ള വ്യവസായയൂണിറ്റുകളിൽ പ്രധാനം പുതുപ്പള്ളികുന്നം വാർഡിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അലൂമിനിയം പാത്രനിർമ്മാണം, ആണി, സ്റ്റീൽ ഫർണിച്ചറുകൾ എന്നീ വ്യവസായങ്ങളാണ്. ചെരുപ്പ് ഫാക്ടറിയും കുടഫാക്ടറിയും പ്രവർത്തിച്ചിരുന്നു എങ്കിലും ഇവ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇഷ്ടിക നിർമ്മാണം നൂറനാട് പഞ്ചായത്തിൽ ലാഭകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യവസായമാണ്. ഇലക്രിക് ചോക്കുകൾ നിർമ്മിക്കുന്ന ഒരു വ്യവസായയൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. റബ്ബർതടി സംസംകരണം ലാഭകരമായി പ്രവർത്തിച്ചുവരുന്ന ഒരു വ്യവസായ യൂണിറ്റ് ഈ പഞ്ചായത്തിൽ നിലവിലുണ്ട്. ഒരു ക്രഷർമെറ്റൽ യൂണിറ്റ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ബീഡി നിർമ്മാണം, ഫർണിച്ചർ നിർമ്മാണ യൂണിറ്റുകളും എഞ്ചിനീയറിംഗ് വ്യവസായയൂണിറ്റുകളും ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്റ്റീൽ ഫർണിച്ചർ നിർമ്മാണം. പ്രിന്റിംഗ് വർക്ക്സ്, റഡിമെയ്ഡ് ഗാർമെന്റ്സ്, ഓർണമെന്റ്സ് ജോബുവർക്ക്, ടയർ റീട്രേഡിംഗ്, ഫോട്ടോഗ്രാഫിക് ജോബു വർക്ക്, തടിയറപ്പുമില്ലുകൾ, ബാറ്ററി ചാർജിംങ്, സോഡ, ലഘുപാനീയ നിർമ്മാണം, നെല്ലുകുത്ത്, പൊടിമില്ലുകൾ എന്നിവയും പ്രവർത്തിച്ചുവരുന്നു. ഈ പഞ്ചായത്തിൽ ഒരു സിനിമാശാലയും പ്രവൃത്തിക്കുന്നു.

പ്രശ്നങ്ങൾ

- പഞ്ചായത്തിൽ സുലഭമായി കിട്ടുന്ന റബ്ബർ ഉപയോഗപ്പെടുത്തി ഉല്പന്നങ്ങൾ നിർമ്മിക്കുവാൻ സാധിക്കുന്നില്ല.
- പരമ്പരാഗത വ്യവസായത്തൊഴിലാളികൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കൾ മിതമായ നിരക്കിലും ആവശ്യാനുസരണവും ലഭിക്കുന്നില്ല.
- തൊഴിൽപരിശീലനത്തിനുള്ള സൗകര്യങ്ങളില്ല.
- വനിതകൾക്ക് തൊഴിലവസരങ്ങൾ കുറവാണ്.
- നെല്ല് തേങ്ങ മുതലായവ കർഷകരിൽ നിന്ന് യഥാസമയം ശേഖരിക്കുവാനും അവ



യുടെ ഉപോല്പന്നങ്ങൾ വിപണനം ചെയ്യുവാനോ സാധിക്കുന്നില്ല. സംഭരണശാലകൾ ഇപ്പോൾ ഇല്ലാത്തത് ഒരു പ്രധാന പ്രശ്നമാണ്.

- സാങ്കേതിക പരിജ്ഞാനമുള്ള ഒട്ടനവധി ആളുകൾ നൂറനാട് പഞ്ചായത്തിലുണ്ടെങ്കിലും അവർക്കാവശ്യമായ തൊഴിൽ നൽകുവാൻ ഇപ്പോൾ സാധിക്കുന്നില്ല.

നിലവിലുള്ള വ്യവസായ യൂണിറ്റുകൾ

നമ്പർ	തൊഴിൽശാലകൾ	യൂണിറ്റുകളുടെ എണ്ണം	തൊഴിലാളികളുടെ എണ്ണം
1	ക്രഷർമെറ്റൽയൂണിറ്റ്	1	5
2.	റബ്ബർതടി സംസ്കരണയൂണിറ്റ്	1	23
3.	ഇലക്.ചോക്ക് ഇൻഡസ്ട്രി	1	2
4.	ബ്രിക്സ് ഇൻഡസ്ട്രി	3	52
5.	പുളിയരിപൊടിക്കുന്ന മില്ല്	1	1
6.	ഫോട്ടോഗ്രാഫിക് ജോബ്വർക്ക്	5	5
7.	റൈസ് & ഫ്ളോർമില്ല്	16	16
8.	തടിയറപ്പ് നില്ല്	4	8
9.	ഫർണിച്ചർ വർക്ക്സ്	6	12
10.	റഡിമെയ്ഡ് ഗാർമെന്റ്സ്	3	9
11.	എഞ്ചി.ജോബ്വർക്സ്	3	6
12.	പ്രിന്റിംഗ് ജോബ് വർക്സ്	3	9
13.	കൊപ്രാപ്രോസസിംഗ് യൂണിറ്റ്	4	4
14.	ഓർണമെന്റ്സ് ജോബ് വർക്സ്	7	7
15.	ബാറ്ററി ചാർജിംഗ്	2	2
16.	ടയർ റീട്രേഡിംഗ്	1	2
17.	സ്റ്റീൽ ഫർണിച്ചർ വർക്സ്	2	6
18.	സോഡാ സോഫ്റ്റ് ഡ്രിഗ്സ്	3	6
19.	സിനിമാശാല	1	3



പരമ്പരാഗത തൊഴിലുകൾ

നമ്പർ	തൊഴിൽശാലകൾ	യൂണിറ്റുകളുടെ എണ്ണം	തൊഴിലാളികളുടെ എണ്ണം
1	പർപ്പിടകവർക്സ്	1	9
2.	കുട്ട,വട്ടി, പായ് നിർമ്മാണം	4	24

പഞ്ചായത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ സാധ്യതകളുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ

ക്രമനമ്പർ	വ്യവസായങ്ങൾ
1.	എമർജൻസി ലാമ്പ് നിർമ്മാണം
2.	റബ്ബർ നഴ്സറി
3.	കോൺക്രീറ്റ് കെട്ടിട നിർമ്മാണ സാമഗ്രികൾ
4.	ചിപ്സ് നിർമ്മാണം (നേന്ത്രക്കായ്, ചക്ക, കപ്പ)
5.	ജാം നിർമ്മാണം (നേന്ത്രപ്പഴം, കൈതച്ചക്ക, മാമ്പഴം)
6.	ആയുർവേദ മരുന്ന് നിർമ്മാണം
7.	ഇലക്ട്രോണിക് ചോക്ക് നിർമ്മാണം
8.	റഡിമെയ്ഡ് വസ്ത്രനിർമ്മാണം
9.	കോളാ-സോഡാ നിർമ്മാണം
10.	ടാഗ് നിർമ്മാണം, ഫയൽ, പാഡ് നിർമ്മാണം
11.	ബുക്ക് ബയന്റിംഗ്, നോട്ടുബുക്കു നിർമ്മാണം
12.	അലക്കു സോപ്പു നിർമ്മാണം
13.	റബ്ബർ ചെരുപ്പ് നിർമ്മാണം
14.	ഇഷ്ടിക വ്യവസായം
15.	സിമന്റ് വ്യവസായം
16.	കശുവണ്ടി വ്യവസായം
17.	പ്ലാസ്റ്റിക് വ്യവസായം
18.	വാസനചുണ്ണാമ്പ് നിർമ്മിക്കൽ

വിദ്യാഭ്യാസം



ഒരു സമൂഹത്തിന്റെ എല്ലാവിധ ഉയർച്ച യുടെയും അടിസ്ഥാനം വിദ്യാഭ്യാസപരമായ വളർച്ചയാണ്. സാമൂഹ്യസമത്വത്തിന് വേണ്ടി നടന്ന പരിശ്രമങ്ങളുടെ ഭാഗമായാണ് നൂറനാട്ടേ വിദ്യാഭ്യാസങ്ങളുടെ തുടക്കം

വിദ്യാഭ്യാസത്തിനവസരം നിക്ഷേദിക്ക പ്പെട്ട ആവശ്യജനവിഭാതഗത്തിൽപ്പെട്ടവർ ഇവിടെ ധാരാളമായിരുന്നു വിദ്യാഭ്യാസം ഏറ്റവും മുന്തിയ സമൂഹ്യ ആവശ്യമാണെന്ന് ചിന്തിച്ച ചുരുക്കം സാമൂഹ്യ പരി ഷ്ക്കർത്താക്കളാണു നൂറനാട്ട് വിദ്യാഭ്യാസ വഴികാട്ടികൾ . അവരിൽ പ്രധാനിമാരാണ് നൂറു കോടി ശ്രി. നീലകണ്ടപ്പിള്ള, നെടുകുളഞ്ഞി യിൽ ശ്രീ ഗോവിന്ദപ്പിള്ള, മലമുകളിൽ ശ്രീ. നാരായണൻ വൈദ്യൻ, വിളയിൽ പടീറ്റതിൽ ശ്രീ നാരായണൻ സാർ, കൊയ്പ്പള്ളി മഠത്തിൽ ശ്രി കൊച്ചുനാരായണൻ ഭട്ടതിരി തുടങ്ങി യവർ.

അനൗപചാരികവിദ്യാഭ്യാസരംഗത്ത് നമ്മുടെ നാട് നേരത്തേതന്നെ വളരെ മുൻപന്തിയിലായിരുന്നു.

നൂറനാട്ടെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം ഇപ്പോഴുംനിലവിലുള്ള പാല മേൽ ഗവ. എൽ. പി. എസ് സ്കൂളാണ്. നില വിലുള്ള സ്കൂളിന് കിഴക്കുവശത്തായി രുന്നു ആദ്യത്തെസ്കൂൾ. ഈ സ്കുൾകൊ ല്ലവർഷം 1080 -ാമാണ്ടിലാണ് സ്ഥാപിതമാ യത്. ഇത് സ്ഥാപിച്ചത് നൂറുകോടിയിൽ ശ്രി നീലകണ്ടപ്പിള്ള ആയിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ നൂറുകോടികുറ്റിയിൽ ശ്രി കേശവനുണ്ണിത്താൻആയിരുന്നു.



നൂറനാട്ടെ ആദ്യത്തെ ഹൈസ്ക്കൂൾ പടനിലം ഹൈസ്കൂൾ ആണ്. ഇത് 1952ലാണ് സ്ഥാപിതമായത് നൂറനാട് പാലമേൽ വില്ലേജിൽ ഹൈന്ദവരുടെ മുഖ്യആരാധനലയമാണ് പടനിലം ക്ഷേത്രത്തോടു അനുബന്ധിച്ചു നൂറനാടു പാലമേൽ വില്ലേജുകളിലെ ഹൈന്ദവരുടെ വകയായി സ്ഥാപിതമായ സരസ്വതി ക്ഷേത്രമാണ് പടനിലം ഹൈന്ദവർ അങ്ങനെ നൂറനാടിന് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള കവാടം തുറന്നുകിട്ടി. ഈ സരസ്വതീക്ഷേത്രമാണ് വിദ്യാഭ്യാസ പരമായും സാമൂഹ്യ-സാംസ്കാരിക പരമായും നൂറനാടിന്റെ എളിയ പുരോഗതിക്ക് അടിസ്ഥാനം. ഇടപ്പോൺ ഹൈസ്കൂളും മറ്റ് സ്കൂളുകളും ഇതിന് ശേഷമാണ് സ്ഥാപിതമായിട്ടുള്ളത്.

നൂറനാട്ടെ സ്കൂളുകൾ

ക്രമനമ്പർ	വിദ്യാലയത്തിന്റെ പേര്	സ്വകാര്യം/ഗവൺമെന്റ്
1	പടനിലം ഹൈസ്കൂൾ	സ്വകാര്യം
2	ഇടപ്പോൺ ഹൈസ്കൂൾ	സ്വകാര്യം
3	ഇടക്കുന്നം യു.പി.സ്കൂൾ	ഗവൺമെന്റ്
4.	ആറ്റുവ വീരശൈവ യു.പി.സ്കൂൾ	സ്വകാര്യം
5	പാലമേൽ എൽ.പി.സ്കൂൾ	ഗവൺമെന്റ്
6.	കുതിരകെട്ടുംതടം എൽ.പി.സ്കൂൾ	ഗവൺമെൻറ്
7.	ചെറുമുഖം എൽ.പി.സ്കൂൾ	ഗവൺമെന്റ്
8.	ജി.എസ്സ്.എസ്സ്.എൽ.പി.സ്കൂൾ	സ്വകാര്യം

കഴിഞ്ഞ പതിനഞ്ച് വർഷത്തിനിടയിൽ കുട്ടികളുടെ എണ്ണം 25 ശതമാനം കുറയുകയുണ്ടായി. എന്നാൽ കുട്ടികളില്ല എന്ന കാരണം പറഞ്ഞ് ഒരു സ്കൂളുകളും അടച്ച് പൂട്ടേണ്ടി വന്നിട്ടില്ല. സമീപപ്രദേശങ്ങളിലെ അൺ എയിഡ്ഡ് സകൂളുകളുടെ ആവിർഭാവം എയിഡ്ഡ് ഗവൺമെന്റ് സകൂളുകളിൽ കുട്ടികൾ കുറയുന്നതിന് ഇടയാക്കിയെങ്കിലും അൺ എയിഡ്ഡ് സ്കൂളുകളിലേക്കുള്ള കുട്ടികളുടെ പ്രവാഹം സാമൂഹ്യ ബോധവൽക്കരണം കൊണ്ട് ഒരു പരിധിവരെ നൂറനാട് പഞ്ചായത്തിന് നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സ്കൂൾ വിദ്യാ ഭ്യാസത്തോടൊപ്പം ട്യൂഷൻ സമ്പ്രദായവും ഇവിടെ നില്ക്കുന്നുണ്ട്.

എല്ലാ സ്കൂളുകളിലും അദ്ധ്യാപകപക്ഷാകർത്താസമിതികളും മാതൃസമിതികളും പ്രവർത്തിക്കുന്നുണ്ട്. എല്ലാ സ്കൂളുകളിലും യൂണിഫോം ഏർപ്പെടുത്തി വരുന്നു. ഹൈസ്കൂളുകൾക്ക് രണ്ടിരും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മൂത്രപ്പുരകൾ ഉണ്ട്.



നാടിന്റെ നാളകളെ രൂപപ്പെടുത്തേണ്ട സ്കൂളുകളിൽ അച്ചടക്കത്തിന് കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്. പടനിലം ഹൈസ്കൂളിന്റെ കളിസ്ഥലം വിപുലപ്പെടുത്തേണ്ടതായിട്ടുണ്ട്. പൊതുവേ പരിശോധിച്ചാൽ നൂറനാട് പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം തൃപ്തികരമല്ല. ഭൗതിക സൗകര്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുകയും പി.റ്റി.എ. കമ്മറ്റിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്താൽ ഇതിന് പരിഹാരമുണ്ടാകുമെന്ന് പ്രത്യാശിക്കാം.

നൂറനാടിന്റെ വിദ്യാഭ്യാസ പുരോഗതിക്കായുള്ള നിർദ്ദേശങ്ങൾ ചുവടേ ചേർക്കുന്നു

- ക്ലൂളിൽ അച്ചടക്കത്തിന് കൂടുതൽ പ്രാധാന്യം നല്കുക.
- സ്കൂൾ ലൈബ്രറികളും ലബോറട്ടറികളും വിപുലീകരിക്കുക.
- ഓരോ വാർഡിലും ബാലപാടികൾ (പ്രീ പ്രൈമറി സ്കൂൾ) സ്ഥാപിക്കുക.
- എല്.എല്.എൽ.സി. റിസൾട്ട് പടിപടിയായി ഉയർത്താനുള്ള നടപിടികൾ സമയബന്ധിതമായി നടപ്പാക്കുക.
- പാഠപുസ്തകങ്ങൾ സ്കൂൾ വിദ്യാരംഭത്തിന് മുമ്പായി വിതരണം ചെയ്യുക.
- ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം നടപ്പാക്കുക.
- ലബോറട്ടറികളുടെ സൗകര്യം പ്രയോജനപ്പെടുത്തി ശാസ്ത്ര വിഷയങ്ങൾ കാര്യക്ഷമമായി പഠിപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.
- പി.റ്റി.എ-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപിടികൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ നടപ്പിലാക്കുക.
- എസ്.എസ്. എൽ.സി. തോറ്റ് നിൽക്കുന്നവർക്ക് തുടർ പഠനത്തിന് സാമ്പത്തിക സഹായവും പ്രോത്സാഹനവും നല്കുക.
- നൂറനാട് പഞ്ചായത്തിൽ ഒരു ട്രെയിനിംഗ് സ്കൂൾ സ്ഥാപിക്കുക.
- സാങ്കേതികവും തൊഴിലധിഷ്ഠിതവുമായ ഉന്നത വിദ്യാഭ്യാസസ്ഥാപനവും അനുവദിക്കുക.
- പുലിമേൽ, കുതിരകെട്ടും തടം. എൽ.പി.സ്കൂളുകൾ ഉയർത്തി യു.പി. സ്കൂളുകൾ ആക്കുക.



നൂറനാടിന്റെ ഏറ്റവും അടിയന്തിരപ്രാധാന്യമുള്ള വിദ്യാഭ്യാസ നിർദ്ദേശം

നൂറനാടിന്റെ ഭരണ സിരാകേന്ദ്രവും ഹൃദയഭാഗവുമായ പടനിലത്ത്, പടനിലം ഹൈസ്കൂളിൽ പ്ലസ്-ടു കോഴ്സ് അനുവദിക്കുകയും അതുവഴി വിദ്യാഭ്യാസ വികസനത്തിന്റെ മുഖ്യധാരയിൽ നിന്നും ഏറെ അകന്നു കഴിയുന്ന നൂറനാടിനെ വിദ്യാഭ്യാസപരമായി ഒരു പടികൂടി ഉയരുന്നതിന് പ്രാപ്തമാക്കുകയും ചെയ്യുക.

അധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിക്കുന്ന വിവരങ്ങൾ

സ്കൂളുകൾ	അധ്യാപകർ			വിദ്യാർത്ഥികൾ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
പടനിലം എച്ച്. എസ്	9	36	45	671	616	1287
ഇടപ്പോൺ എച്ച്. എസ്	8	28	37	433	358	791
ആറ്റുവ വീരശയ്മ യുപി.	0	3	3	30	52	82
ഇടക്കുന്നം ഗവ; യുപി.	2	14	16	237	196	443
പാലമേൽ ഗവ;എൽ.പി.	3	9	12	202	231	433
കുതിരകെട്ടുംതടം ഗവ: എൽ.പി.	3	6	9	121	122	243
ചെറുമുഖ ഗവ: എൽ.പി.	0	5	5	7480154		
പുലിമേൽ ജി.എസ്. എം എൽ.പി.	0	7	7	96	107	203
ആകെ	25	109	134	1864	1762	3626

അക്കാദമിക് സൗകര്യങ്ങൾ

സ്കൂളിന്റെ പേര്	ദൃശ്യ-ശ്രവണ ഉപകരണങ്ങൾ										ബ്ലാക്ക് ബോർഡ്						
	ലൈബ്രറി ഉണ്ട്/ഇല്ല	ലബോറട്ടറി / സയൻസ് കോർണർ ഉണ്ട്/ഇല്ല	പഠനോപകരണങ്ങൾ (മാപ്പ്, ചാർട്ട്, ഗ്ലോബ്) ഉണ്ട്/ഇല്ല	റേഡിയോ	ടേപ്പ് റിക്കോർഡർ	ടി.വി.	വി.സി.ആർ./വി.സി.പി	സ്റ്റിൽപ്രൊജക്ടർ	ഓവർഹെഡ് പ്രൊജക്ടർ	കമ്പ്യൂട്ടർ	ആകെയുള്ളത്	നിലവിലുള്ളത്	95-96ൽ ചേർന്ന ആകെ ദിവസം	ആകെയുള്ള നഷ്ടപ്പെട്ട ദിവസങ്ങൾ	ശരാശരി ഹാജർനില	ക്ലീൻ/ഡർട്ടി	ക്ലാസ് റൂം പി.ടി. ക്ക് ഉപയോഗിക്കുന്നു/ഇല്ല
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19
എച്ച്.എസ് പടനിലം	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	35	30	192	2	32	സജീവം	ഉണ്ട്
എച്ച്.എസ്.ഇടപ്പോൺ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	22	22	192	5	3	സജീവം	ഉണ്ട്
യു.പി.എസ്.ഇടക്കുന്നം	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	15	15	192	–	8	സജീവം	ഉണ്ട്
യു.പി.എസ്.ചെറുമുഖ	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	7	4	193	–	7	സജീവം	ഉണ്ട്
ജി.എൽ.പി.എസ് പാലമേൽ	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	12	7	193	–	7	സജീവം	ഉണ്ട്
ജിയഎൽപി.എസ് കുതിരകെട്ടുംതടം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	8	8	190	–	6	സജീവം	ഉണ്ട്
ജി.എൽ.പി.എസ് ചെറുമുഖ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	8	5	192	–	7	സജീവം	ഉണ്ട്
ജി.എസ്.എം.എൽ.പി. എസ്.പുലിമേൽ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	17	9	192	–	7	സജീവം	ഉണ്ട്

സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ

സ്കൂളിന്റെ പേര്	ടോയ്ലറ്റുകളുടെ എണ്ണം		കെട്ടിടങ്ങൾ എണ്ണം			മുറികൾ എണ്ണം		ഇന്നിതുവരെ കിട്ടിയ ഗ്രാന്റുകൾ		ക്ലാസ്സുകൾക്കാവശ്യമായ ഫർണിച്ചർ ഉണ്ട്/ഇല്ല	സ്വന്തം കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത്		ക്ലാസ്സുകൾക്കാവശ്യമായ ഫർണിച്ചർ എണ്ണം		ടോയ്ലറ്റുകൾ ഉണ്ട്/ഇല്ല		കുടിവെള്ള സൗകര്യം ഉണ്ട്/ഇല്ല		വൈദ്യുതീകരണം ഉണ്ട്/ഇല്ല		സ്കൂൾ വാഹനം ഉണ്ട്/ഇല്ല		ഇനി ആവശ്യമായ എണ്ണം				
	ആൺ	പെൺ	അടുക്കള	ഓഫീസ്	ക്ലാസ്സ്	അദ്ധ്യാപകർ	ഓഫീസ്	ഉച്ചഭക്ഷണം	ക്ലാസ്സ്	ടോയ്ലറ്റ്			ക്ലാസ്സ്	ഓഫീസ്														
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25				
എച്ച്.എസ് പടനിലം	31	7	1	–	35	5	–	–	–	3	75	–	2	–	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ആവശ്യത്തിനുണ്ട്								
എച്ച്.എസ്.ഇടപ്പോൺ	20	8	–	–	8	32	–	–	–	4	40	–	1	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	മതി	ആവശ്യത്തിനുണ്ട്								
യു.പി.എസ്.ഇടക്കുന്നം	14	13	–	–	17	–	–	2	ഉണ്ട്	1	1	1	–	–	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ആവശ്യത്തിനുണ്ട്								
യു.പി.എസ്.ചെറുമുഖ	3	2	–	–	7	–	–	1	–	2	10	–	1	1	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	മതി	ആവശ്യത്തിനുണ്ട്								
ജി.എൽ.പി.എസ്																												
പാലമേൽ	11	2	–	–	12	–	–	1	ഉണ്ട്	1	10	2	2	–	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ആവശ്യത്തിനുണ്ട്								
ജിയഎൽപി.എസ്																												
കുതിരകെട്ടുംതടം	8	1	1	–	6	4	–	–	–	1	4	1	1	–	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ആവസ്യത്തിനുണ്ട്								
ജി.എൽ.പി.എസ്																												
ചെറുമുഖ	5	2	–	–	2	3	–	3	ഉണ്ട്	1	5	2	1	–	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ആവസ്യത്തിനുണ്ട്								
ജി.എസ്.എം.എൽ.പി.																												
എസ്.പുലിമേൽ	7	2	1	–	9	2	–	–	–	2	10	–	–	–	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല 20 വേണ്ട – വേണം								

പടനിലം ഹൈസ്കൂളിലെ 1996-97 വിദ്യാഭ്യാസ വർഷത്തെ കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

	ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനംനിർ
സ്റ്റാൻ							SC/STകുട്ടികൾ			മറ്റുള്ളവർ			SC/STകുട്ടികൾ			മറ്റുള്ളവർ			ത്തിയവരുടെ
ഡേർഡ്	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	എണ്ണം
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
1																			
2																			
3																			
4																			
5	98	76	174	14	17	31	1	1	2	3	4	7							
6	99	97	196	17	24	41	4	3	7	6	5	11							
7	103	114	223	22	31	53	6	5	11	5	6	11							
8	130	117	247	31	22	53	7	4	11	9	13	22							
9	129	113	242	36	19	55	9	9	18	10	7	17							
10	106	99	205	16	17	33													
671	616	1287	136	130	266	27	22	49	33	35	68								

ഇടപ്പോൺ ഹൈസ്കൂളിലെ 1996-97 വിദ്യാഭ്യാസവർഷത്തെ കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

	ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനംനിർ
സ്റ്റാൻ							SC/STകുട്ടികൾ			മറ്റുള്ളവർ			SC/STകുട്ടികൾ			മറ്റുള്ളവർ			ത്തിയവരുടെ
ഡേർഡ്	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	എണ്ണം
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
1																			
2																			
3																			
4																			
5	37	27	64	11	13	24	–	–	–	–	–	–	–	–	–	–	–	–	–
6	72	60	132	20	14	34	1	–	1	2	2	4	1	1	2	1	–	1	3
7	67	51	118	30	25	55	2	2	4	12	6	12	1	–	1	1	–	1	2
8	86	76	162	40	45	85	8	7	15	12	8	20	2	–	2	1	1	2	4
9	98	72	170	50	43	93	6	8	14	12	8	20	3	1	4	2	1	3	7
10	73	72	145	42	90	–	–	–	–	–	–	–	–	–	–	–	–	–	–
	433	358	791	193	188	381	17	17	34	38	24	62	7	2	9	5	2	7	16

ജി.യു.പി.എസ്. ആറ്റുവ ഹൈസ്കൂളിലെ കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

സ്റ്റാൻഡേർഡ്	ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനംനിർത്തിയവരുടെ എണ്ണം
							SC/STകുട്ടികൾ			മറ്റുള്ളവർ			SC/STകുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
1																			
2																			
3																			
4																			
5	9	10	19	4	3	7	–	–	–	–	–	–	–	–	–	–	–	–	–
6	11	25	36	1	8	9	–	1	1	–	–	–	–	–	–	–	–	–	–
7	10	17	27	5	9	14	1	–	1	–	1	1	–	–	–	–	–	–	–
8																			
9																			
10																			
	30	52	82	10	20	30	1	1	2	–	1	1	–	–	–	–	–	–	–

ഇടക്കുന്നം യു.പി. സ്കൂളിലെ കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

സ്റ്റാൻഡേർഡ്	ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനംനിർത്തിയവരുടെ എണ്ണം
							SC/STകുട്ടികൾ			മറ്റുള്ളവർ			SC/STകുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
1	26	26	52	3	2	5	–	–	–	–	–	–	–	–	–	–	–	–	–
2	40	20	60	11	4	15	2	–	2	2	1	3	–	–	–	2	–	2	–
3	31	31	62	4	7	11	2	–	2	1	1	2	1	–	–	–	–	–	–
4	30	27	57	8	5	13	–	–	–	4	–	4	–	–	–	3	–	3	–
5	38	31	69	5	2	7	–	1	1	4	1	5	1	–	–	–	–	–	–
6	36	29	65	5	8	13	–	–	–	–	–	–	–	–	–	2	–	2	–
7	36	32	68	7	8	15	1	–	1	2	1	3	–	–	–	–	–	–	–
8																			
9																			
10																			
	237	196	433	40	34	74	5	1	6	13	4	17	2	–	2	7	–	7	–

കഴിഞ്ഞ അഞ്ച് വർത്തിനുള്ളിൽ പഠനം നിർത്തിയവരും ആകാം

പുലിമേൽ ജി.എസ്.എം. എൽ.പി സ്കൂളിലെകുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

സ്റ്റാൻ	ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനംനിർ
							SC/STകുട്ടികൾ			മറ്റുള്ളവർ			SC/STകുട്ടികൾ			മറ്റുള്ളവർ			ത്തിയവരുടെ
ഡേർഡ്	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	എണ്ണം
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
1	26	33	59	8	4	12	–	–	–	–	–	–	–	–	–	–	–	1	–
2	26	30	56	3	3	6	–	–	–	–	–	–	–	–	–	–	–	–	–
3	16	15	31	1	6	7	–	–	–	2	2	4	–	–	–	–	–	–	–
4	28	29	57	5	7	12	1	–	1	2	1	3	–	–	–	–	–	–	–
5																			
6																			
7																			
8																			
9																			
10																			
	96	107	203	17	20	37	1	–	1	4	3	7	–	–	–	–	–	1	–

കുതിരകെട്ടുംതടം ഗവൺമെന്റ് എൽ.പി.സ്കൂളിലെ കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

	ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനംനിർ
സ്റ്റാൻ							SC/STകുട്ടികൾ			മറ്റുള്ളവർ			SC/STകുട്ടികൾ			മറ്റുള്ളവർ			ത്തിയവരുടെ
ഡേർഡ്	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	എണ്ണം
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
1	18	16	34	2	5	7	–	–	–	–	–	–	–	–	–	–	–	–	–
2	29	28	57	6	11	17	1	–	1	1	2	3	–	–	–	–	–	–	–
3	20	17	37	3	5	8	–	–	–	–	–	–	–	–	–	1	2	3	3
4	30	26	56	13	7	20	1	1	2	1	3	4	–	–	–	–	–	–	–
5	24	35	59	16	7	23	3	2	5	–	–	–	–	–	–	–	–	–	–
6																			
7																			
8																			
9																			
10																			
	121	122	243	40	35	75	5	3	8	2	5	7	–	–	–	1	2	3	3


ചെറുമുഖ ജി.എൽപി.സ്കൂളിലെ കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

സ്റ്റാൻഡേർഡ്	ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനംനിർത്തിയവരുടെ എണ്ണം
							SC/STകുട്ടികൾ			മറ്റുള്ളവർ			SC/STകുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
1	12	17	29	4	5	9	–	–	–	–	–	–	–	–	–	–	–	–	–
2	28	29	57	8	8	16	–	1	1	2	0	2	–	–	–	–	–	–	–
3	19	18	37	6	4	10	–	1	1	1	0	1	–	–	–	–	–	–	–
4	15	16	31	4	4	8	–	1	1	–	1	1	–	–	–	–	–	–	–
5																			
6																			
7																			
8																			
9																			
10																			
	74	80	154	22	21	43	–	3	3	3	1	4	–	–	–	–	–	–	–

പാലമേൽ ഗവൺമെന്റ് എൽ.പി. സ്കൂളിലെ കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

സ്റ്റാൻഡേർഡ്	ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനംനിർത്തിയവരുടെ എണ്ണം
							SC/STകുട്ടികൾ			മറ്റുള്ളവർ			SC/STകുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
1	51	61	112	7	10	17	–	–	–	–	–	–	1	–	1	2	–	2	3
2	46	54	100	2	7	9	–	1	1	–	1	1	–	–	–	1	–	1	1
3	57	56	113	9	10	19	1	1	2	5	2	7	–	–	–	–	1	1	1
4	48	60	108	9	10	19	1	2	3	2	2	4	–	–	–	–	–	–	–
5																			
6																			
7																			
8																			
9																			
10																			
	202	231	433	27	37	64	2	4	6	7	5	12	1	–	1	3	1	4	5

കുടിവെള്ളവും പൊതുജനാരോഗ്യവും



നൂറനാട് പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യ ജലസ്രോതസ്സാണ് കിണറുകൾ. ആകെയുള്ള 7250 വീടുകളിൽ 4423 വീടുകൾക്ക് മാത്രമാണ് സ്വന്തമായി കിണറുകൾ ഇള്ളത്. ജനങ്ങൾ കുടിക്കുവാനും കുളിക്കുവാനും മുഖ്യമായും ആശ്രയിക്കുന്നത് കിണറുകളെയാണ്. പഞ്ചായത്തിലെ കോളനി നിവാസികളിൽ ഭൂരിഭാഗവും പൊതുകിണറുകളെയാണ് ആശ്രയിക്കുന്നത്. വേനൽക്കാലങ്ങളിൽ (മാർച്ച്,ഏപ്രിൽ,മെയ്)പഞ്ചായത്തിലെ 90 ശതമാനം കിണറുകളും വറ്റുന്നു. പൊതുജലവിതരണ സംവിധാനം പഞ്ചായത്തിലുണ്ടെങ്കിലും കുടിവെള്ളക്ഷാമം നൂറനാടിന്റെ ഏറ്റവും വലിയ പ്രശ്നമാണ്. ഈ സംവിധാനം പഞ്ചായത്തിലെ 25 ശതമാനം ജനങ്ങൾക്ക് മാത്രമേ പ്രയോജനപ്പെടുന്നുള്ളു. ഭൂരിപക്ഷം കിണറുകളും വ്യത്തിയായി സൂക്ഷിക്കുവാൻ കഴിയുന്നില്ല. അവ തറനിരപ്പിൽ നിന്നും കെട്ടിയുയർത്തി മലിനരഹിതമായ രീതിയിൽ സംരക്ഷിക്കാൻ സാമ്പത്തിക സഹായം ആവശ്യമാണ്. നിലവിൽ ഉപയോഗിക്കുന്ന കിണറുവെള്ളത്തിൽ മാലിന്യത്തിന്റെ ആധിക്യം കൂടുതലാണ്. രാസപദകർത്ഥങ്ങളിലൂടെ, ജൈവപദാർത്ഥങ്ങളിലൂടെ, വിസർജ്ജ്യ പദാർത്ഥങ്ങളിലൂടെ, എന്നിങ്ങനെ പഞ്ചായത്ത് മലിനീകരണങ്ങൾ. വർഷങ്ങളായി ഭൂഗർഭജലത്തിന്റെ ലഭ്യത നേരിയ തോതിൽ കുറഞ്ഞുവരുന്നതായി കാണുന്നു. മണ്ണൊലിപ്പ് തടയുകയും മഴവെള്ളം സംരക്ഷിക്കുകയും അമിതമായ




മണ്ണെടുപ്പ് നിരുത്സാഹപ്പെടുത്തുകയും, നെൽവയലുകൾ നികത്തുന്നത് തടയുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. മണ്ണ് – ജല സംരക്ഷണ പദ്ധതിയിൽ പഞ്ചായത്തിനെ ഉൾപ്പെടുത്തി ധനസഹായം നൽകേണ്ടതാണ്.

ഇടപ്പോൺ വാട്ടർ പമ്പിംഗ് സറ്റേഷനിൽ നിന്നുള്ള പൈപ്പ് ലൈൻ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും വേണ്ടത്ര ലഭ്യമായിട്ടില്ല. ഇത് ലഭ്യമാക്കണമെങ്കിൽ നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തിയേ മതിയാകു. 1989 –ൽ റൂറൽ വാട്ടർ സപ്ലൈ സ്കിം അനുസരിച്ച് (ആർ.ഡബ്ലു.എസ്.എസ്) 17 കി. മീറ്റർ പൈപ്പ് ലൈനും, 63 പൊതു ടാപാപുകളും ആയിരുന്നു ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ഇന്ന് 70 കി.മീറ്റർ പൈപ്പ് ലൈന് 297 പൊതു ടാപ്പുകളും 349 ഹൗസ് കണക്ഷനും നൽകി ഈ ജലവിതരണസംവിധാനം തകിടം മറിക്കപ്പെട്ടു.

പമ്പിംഗ് സറ്റേഷനിലെ കിണർ ചെളി കൊണ്ട് മൂടിയിട്ട് വർഷങ്ങളേറെയായി. സർക്കാരിന്റെ സമയ ബന്ധിത വൈദ്യുതി കട്ടും വോൾട്ടേജ് ക്ഷാമവും കാരണം നിലവിലുള്ള സംവിധാനം പോലും പൂർണ്ണമായും പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല.

നിലവിലുള്ള ടാങ്കും പമ്പ് ചെയ്യുന്ന ലൈനും ഇപ്പോഴത്തെ ആവശ്യത്തിന് പര്യാപ്തമല്ലാത്തതിനാൽ 8 ഇഞ്ച് അല്ലെങ്കിൽ 10 ഇഞ്ച് വ്യാസമുള്ള മറ്റൊരു പമ്പിംഗ് മെയിൻ കൂടിയിട്ട് ഒരു ഓവർ ഹെഡ് ടാങ്കുകൂടി നിർമ്മിച്ചാൽ പഞ്ചായത്തിന്റെ എല്ലാം വാർഡുകളിലും എല്ലാപ്രദേശങ്ങലും ജലവിതരണസംവിധാനം ഏർപ്പെടുത്താനും കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കുവാനും കഴിയും.



പ്രശ്നങ്ങൾ- നിർദ്ദേശങ്ങൾ

1. കിണറുകൾ ഇല്ലാത്ത ദുർബല വിഭാഗത്തിൽപ്പെട്ടതും പട്ടികജാതിയിൽപ്പെട്ടതുമായ കുടുംബങ്ങൾക്ക് ധനസഹായം നൽകുക

2. വീടുകളിലെ കിണറുകളും പൊതുകിണറുകളും യഥാസമയങ്ങളിൽ ക്ലോറിനേഷൻ നടത്തുക.

3. ദുർബലവിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് കിണർ മെയിന്റെയിൻസ് ചെയ്യുന്നതിനും അതുവഴി മലിനരഹിതമാക്കുന്നതിനും ധനസഹായം നൽകുക.

4. പൊതുകിണറുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക.

5. ഇടപ്പോൺ പമ്പിംഗ് സ്റ്റേഷനിലെ കിണറും പാറ്റൂർ മലയിലെ ഒ.എച്ച് ടാങ്കും വൃത്തിയാക്കുക.

6. 10 ഇഞ്ച് വ്യാസമുള്ള ഒരു അഡീഷണൽ ഒരു ഒ. എച്ച് [illegible] പണിയുക.

7. എല്ലാ വാർഡുകളിലും പൈപ്പ് ലൈൻ നീട്ടി ശുദ്ധജല വിതരണം കാര്യക്ഷമമാക്കുക

8. കുടിവെള്ളം ശുദ്ധീകരിക്കുന്നതിന് ഇടപ്പോൺ പ്രദേശത്ത് പഞ്ചായത്ത് വാങ്ങി വാട്ടർ അതോറിറ്റിക്ക് കൈമാറ്റം ചെയ്ത സ്ഥലത്ത് (25 സെന്റ്) ശുദ്ധീകരണ ടാങ്ക് എത്രയും വേഗം നിർമ്മിക്കുക.

9. പമ്പിംഗ് സ്റ്റേഷനിലേക്കുള്ള പവർകട്ടും വോൾട്ടേജ് ക്ഷാമവും ഒഴിവാക്കുക.

10. വാട്ടർ സപ്ലൈ സ്കീം പൂർണ്ണമായും പ്രയോജനപ്രദമാക്കുക.

11. പൊതുകുളങ്ങളുടെ ആഴവും വിസ്തൃതിയും വർദ്ധിപ്പിക്കുക യഥാസമയങ്ങളിൽ അറ്റകുറ്റപ്പണികളും നടത്തുക.





പൊതുജനാരോഗ്യം

നൂറനാട് ഗ്രാമപഞ്ചായത്തിൽ ആകെയുള്ള ജനസംഖ്യ 24455 ആണ്. ഇതിൽ 11707 പുരുഷന്മാരും 12748 സ്ത്രീകളും ആണ് ഉള്ളത്. 1993, 94 116 ജനനവും 120 മരണവും രണ്ട് ചാപിള്ള ജനനവും രേഖപ്പെടുത്തുകയുണ്ടായി. 1994-95 197 ജനനവും 145 മരണവും 3 ചാപിള്ള ജനനവും രേഖപ്പെടുത്തിയപ്പോൾ 1995-96ൽ 94 ജനനവും 146 മരണവും ചാപിള്ളജനനം ഇല്ല എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു വയസ്സിന് താഴെ പ്രായത്തിൽ മരിച്ചകുട്ടികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. 1-3 വയസ്സു വരെ പ്രായമുള്ള 407 കുട്ടികളാണ് ഗ്രാമത്തിലുള്ളത് 3-5 വയസ്സ് പ്രായമുള്ള 118 കുട്ടികളാണ് ഉള്ളത്. ഇവരിൽ അനുപൂരക പോഷകാഹാരം ലഭിക്കുന്ന 178 കുട്ടികളാണുള്ളത്. ത്വക്ക് രോഗം സംബന്ധമായ 3839 പേരും വാതരോഗ സംബന്ധമായ 3070 പേരും പകർച്ച വ്യാധിമൂലം രോഗം ബാധിച്ച 1740 പേരും വിഷ സംബന്ധമായി 7 പേരും ഇപ്പോൾ പഞ്ചായത്ത് അതിർത്തിയിലുണ്ട്. പഞ്ചായത്തിൽ ആകെ 118 ഗർഭിണികൾ ഉള്ളതിൽ അനുപൂരക പോഷകാഹാരം ലഭിക്കുന്നത് 76 പേർക്കാണ്. പഞ്ചായത്തിൽ ആകെ 131 വികലാംഗരാണ് ഉള്ളത്.





പഞ്ചായത്ത് സ്ഥിതിചെയ്യുന്ന ആലപ്പുഴ ജില്ലയുടെ പല ഭാഗങ്ങളിലും. ജപ്പാൻ ജ്വരം, കോളറ. ഡങ്കൃുപ്പനി, എലിപ്പനി മുതലായ മാരക സാംക്രമിക രോഗങ്ങൾ വ്യാപിച്ചെങ്കിലും, നൂറനാട് പ്രൈമറി ഹെൽത്ത് സെന്ററാണ്. നാല് മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങളുണ്ടെങ്കിലും രണ്ടെണ്ണത്തിന് മാത്രമേ ഇപ്പോഴും സ്വന്തമായി ആസ്ഥാനമുള്ളൂ. പടനിലം-നൂറനാട് പി.എച്ച്.സി.യ്ക്ക് 12 കിടക്കകൾ അനുവദിച്ച് പ്രവർത്തനം ആരംഭിച്ചെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കാനാവശ്യമായ യാതൊരു സാഹചര്യവും ഇതുവരെ ലഭിച്ചിട്ടില്ല. ഈ സ്ഥാപനമൊഴിച്ചാൽ നൂറനാട്ടെ സാധാരണ ജനങ്ങൾ ആശ്രയിക്കുന്നത് പഞ്ചായത്ത് അതിർത്തിയിലുള്ള അഞ്ച് സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളെയാണ്.

പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുവാൻ പതിനൊന്ന് ഗ്രാമസഭകളിലും കൂടി ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

നിവലിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ദേശീയ കുഷ്ഠരോഗ നിവാരണം, കുടുംബക്ഷേമ പരിപാടി. ദേശീയ അന്ധതാ നിവാരണം, പൊതുജനാരോഗ്യപ്ര



വർത്തനം. ക്ഷയരോഗ നിവാരണം, മലമ്പനി നിവാരണം എന്നീ പ്രവർത്തനങ്ങൽ ഊർജ്ജിതപ്പെടുത്തുക.

- പുതുതായി ആരംഭിച്ച 12 കിടക്ക വാർഡിലേക്ക് സാധനങ്ങളും ഉപകരണങ്ങളും വാങ്ങുക.
- നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ദേശീയ പരിപാടികൾക്ക് ഉതകുന്ന ഒരു ഒ.പി. ബ്ലോക്ക് സ്ഥാപിക്കുക.
- നൂറനാട് പി.എച്ച്.സി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ എത്രയും വേഗം നടപ്പിലാക്കുക..
- പഞ്ചായത്ത് അതിർത്തിയിൽ വരുന്ന പൊതു സ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
- ഇടക്കുന്നം, പുലിമേൽ വാർഡുകളിലെ സബ് സെന്ററിനുവേണ്ടിയുള്ള കെട്ടിടങ്ങൾ ഉടൻ നിർമ്മിക്കുക.
- ഇടപ്പോൺ സബ് സെന്ററിന്റെ അറ്റകുറ്റപ്പണികൾ നടത്തുക
- പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രിയും ഒരു ആയുർവ്വേദാശുപ്രത്രിയും സ്ഥാപിക്കുക.
- നൂറനാട് പി.എച്ച്.സിയെ കമ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുക.
- നൂറനാട് പി.എച്ച്.സിയോട് ചേർന്ന് എക്സ്റേ യൂണിറ്റ്, ആംബുലൻസ് സൗകര്യം, ലബോറട്ടറി സൗകര്യം, മെഡിബാങ്ക് എന്നിവ ആരംഭിക്കുക.
- പഞ്ചായത്തിന്റെ അതിർത്തിയിലുള്ള പൊതു ശ്മശാനം ചുറ്റുമതിലുകൾ കെട്ടിയും അപ്രോച്ച് റോഡ് നിർമ്മിക്കുകയും ഉപയോഗപ്രദമാക്കുക.
- നേത്രരോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുക.
- കൊതുക് നിവാരണത്തിന് നിലവിലുള്ള കിണറുകളും ജലാശയങ്ങളും ക്ലോറിനേറ്റ് ചെയ്യുന്നതിന് നടപിടി സ്വീകരിക്കുക.
- ആരോഗ്യപ്രവൃത്തകരുടെ ഭവന സന്ദർശന പരിപാടി ഊർജ്ജിതപ്പെടുത്തുക
- പടനിലം കേന്ദ്രമാക്കി സ്ലോട്ടർ ഹൗസ് സ്ഥാപിക്കുക.



കുടിവെള്ളം

പുതിയ പൈപ്പുലൈൻസ്ഥാപിക്കേണ്ടസ്ഥലങ്ങൾ

വാർഡ് 1

പുത്തൻവീട്ടിൽ ജംഗ്ഷൻ-കാഞ്ഞിരവിള മാന്തുറമുക്ക് വരെ ലൈൻ	400 മീറ്റർ	3ടാപ്പ്
വഞ്ചിതെക്കേതിൽ ജംഗ്ഷൻ - പാലവിളജംഗ്ഷൻ	400 മീ	2
മീനത്തേതിൽ ജംഗ്ഷൻ - കോഴിക്കാടൻ തറ	400 മീ	2
പടിപ്പുരതെക്കേതിൽ ജംഗ്ഷൻ വൈക്കത്തുതറ	400 മീ	2
മിനിമുക്ക് - പുത്തൻ വീട് വരെ	300 മീ	2

വാർഡ് 2

വാലയ്യത്ത് കുളം-പ്ലാവിളമുക്ക്	500 മീ	3
തടത്തിലയ്യത്ത്മൂക്ക് - കളീയ്ക്കൽ മുക്ക്	200 മീ	1
തെക്കേകളീയ്ക്കൽ മുക്ക് - കല്ലുമുറ്റത്ത് വിള വരെ	150 മീ	1
തയ്യിലയ്യത്ത് - നടയുടെ കിഴക്കേ മുക്ക് വരെ	200 മീ	1
കിടങ്ങിൽമുക്ക് - പയിറ്റുംവിള മുക്ക്	300	2
തുണ്ടിൽ മുക്ക്- കല്ലുവിള മുക്ക്	500	3
മുള്ളംകുറ്റിമുതൽ - ചിറയിൽ തെക്കേതിൽ	200	1
തനുവേലിൽ മുതൽ - ആഞ്ഞിലിമൂട്	750 മീ	3
അയണിവിള മുക്ക് - തറയിൽ കിഴക്കേതിൽ .	200	1
തയ്യിലയ്യത്തു മുക്ക് - കല്ല്മുറ്റത്ത്	300	1
മീനത്തേതിൽ - കളീയ്ക്കൽ കിഴക്കേമുക്ക്	400	2
കല്ലുവിള മുതൽ - നാലയ്യത്ത	200	1
തുണ്ട്തറ - കിണറുവിള മുക്ക	500	3
കുറ്റിയിൽ മുതൽ - മുകുളയ്യത്ത് വരെ	300	2
താനുവേലിൽ മുതൽ - പാറേക്കുറ്റിവരെ	500	3



തെക്കേടത്ത് – നെടിയതറ വരെ	400	2
പാപ്പൂരക്കിഴക്കേതിൽ – ഇടയശ്ശേരിൽ	350	2
വല്യത്ത് മുതൽ വൈക്കത്തറവരെ	350	2
കുന്നംവീട്ടിൽ – വൈക്കത്തറ കോളനി	500	3
കാഞ്ഞിരംവിള – പുഞ്ച വരെ	400	2

വാർഡ് 3

പുല്ലംപ്ലാവിൽ മുക്ക് – മൂന്നുമൂല മുക്ക്	600	3
ചുടലമുക്ക് – പാലത്തടമുക്ക്	300	2
ചുടലമുക്ക് – താന്നോന്നിക്കുളം മുക്ക്	400	2
കിണറുവിള മുക്ക് – തെക്കേതലയ്ക്കൽ	400	2
കല്ലുവിളതെക്കേ മുക്ക്– മീനത്തേക്കര	400	2
പുല്ലംപ്ലാവിൽ പടിഞ്ഞാറേമുക്ക് – പറപ്പെട്ടിൽ	400	2

വാർഡ് 4

1500 മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക

നെടുകുളഞ്ഞിമുക്ക് തെക്കോട്ട് 150 മീ

എച്ച്.സി.യിൽ 250 മീ

കൊക്കാട്ട് മുക്ക് – കോഴിക്കാലാവയൽ 75 മീ

ആലവിള മുക്ക് – കണിയുടെ പടിഞ്ഞാറ്റേമുക്ക്	150	മീ
പള്ളത്തറ മുക്ക് – ശാസ്താംതറ	100	മീ
അമ്മായിക്കുന്ന് മുക്ക് – ആശാന്റെ കിഴക്കതിൽ മുക്ക	100	മീ
ഇലഞ്ഞിവടക്കേമുക്ക് – ഈരേഴത്ത് മുക്ക്	150	മീ
പാലവിളമുക്ക് – പുള്ളക്കാട്ട് വരെ	200	മീ
പായിക്കാട്ട് മുക്ക് – ഏലാവരെ	150	മീ
വെട്ടത്ത് മുക്ക് – കൊല്ലശ്ശേരി മുക്ക്	250	മീ

വാർഡ് 5



നെടുകുളഞ്ഞി – ഒ.എൽ.എച്ച് കോളനി ..... 300മീ

പാലമേൽ കുറ്റിയിൽ ഭാഗം ..... 300 മീ

അമ്മുമ്മ അയ്യം ..... 300 മീ

കയുവുങ്കൽ മഠത്തിൽ മുക്ക് ..... 400 മീ

പായിക്കാട്ട് ജംഗ്ഷനിൽ – പുഞ്ചവരെ ..... 500 മീ

വാർഡ് 6

മലമുകളിൽ ജംഗ്ഷൻ– പയിഞ്ഞാറെ പാടം ..... 1000 മീ

ഗുരുമന്ദിരം മുതൽ പടിഞ്ഞാട്ട് ..... 300 മീ

പുള്ളിയിൽ മുക്ക് – പാടത്തുവടക്കതിൽ ..... 500 മീ

പുള്ളിയിൽ മുക്ക്– വടക്കോട്ട് ..... 300 മീ

കോട്ടാൽ മുക്ക് – പുഞ്ചവരെ ..... 200 മീ

മേലേവീട്ടിൽ തോടുമുതൽ കിഴക്കേ കളത്തിൽ മുക്ക് വരെ 1000 മീ

കോട്ടൂർ മുക്ക്– കൈപ്പള്ളിയിൽ മുക്ക് വരെ ..... 1000 മീ

ആദിക്കാട്ട് ജംഗ്ഷൻ – കരിപ്പാലിൽ കാവു വരെ ..... 500 മീ

ആത്മാവ് ജംഗ്ഷൻ– കിഴക്കോട്ട് പുഞ്ചവരെ ..... 150 മീ

ഇല്ലത്ത് കിഴക്കതിൽ മുക്ക്– പുഞ്ചവരെ ..... 300 മീ

കുഴമത്ത് ജംഗ്ഷൻ ആത്രയ്ക്കാട്ട് ജംഗ്ഷൻ വരെ ..... 500 മീ

വാർഡ് 7

പുലിമേൽ എച്ച്.സി.ജംഗ്ഷൻ ..... 100മീ

കൂമ്പിളിമലയിൽ വാട്ടർ ടാങ്ക് സ്ഥാപിക്കണം

പാറപ്പുറം ജംഗ്ഷൻ മുതൽ തറയിൽ മുക്ക വരെ ..... 350 മീ

തുണ്ടത്തിൽ റോഡ് മണക്കാട്ടേത്ത് മിക്ക് ..... 700മീ

വാഴയിൽ മുക്ക് – പറങ്കാവിള മുക്ക് ..... 400മീ

കല്ലിരിക്കുന്നതിൽ ജംഗ്ഷൻ പടിഞ്ഞാട്ട് ..... 150 മീ

കല്ലുവാരികിഴക്കേ ജംഗ്ഷൻ കിഴക്കോട്ട് ..... 500മീ

നല്ലവീട്ടിൽ പടീറ്റത്തിൽ ജംഗ്ഷൻ കിഴക്കോട്ട് പള്ളാപ്പിൽ ... 350 മീ

തറയിൽ പടിഞ്ഞാറ്റ് മുക്ക് – തട്ടുപുരയ്ക്കൽ മുക്ക് ..... 500 മീ



തുരുത്തിൽ മുക്കു മുതൽ – തടത്തിൽ പറമ്പിൽ മുക്ക് ..... 750 മീ

കൂമ്പുളുമല കോളനിയിൽ കിണറു സ്ഥാപിക്കുക

തടത്തില പറമ്പിൽ കോളനിയിൽ കിണർ സ്ഥാപിക്കുക

പുലിമേൽ എച്ച്. സി.യിൽ കിണറു സ്ഥാപിക്കുക.

നല്ലവീട്ടിൽ ഭാഗം ഉൽപ്പെടുന്ന ഭാഗം കിണറ് സ്ഥാപിക്കുക

പാറപ്പുറത്ത് ഭാഗത്ത് കിണറ് സ്ഥാപിക്കുക

തുണ്ടിൽ ഭാഗത്ത് കിണറ് സ്ഥാപിക്കുക

മഠത്തിലയ്യത്ത് ഭാഗത്ത് കിണറ് സ്ഥാപിക്കുക

കല്ലുകുളം ശുദ്ധീകരിച്ച് ഉപയോഗിക്കുക.

കൊച്ചുകുറ്റി മുക്ക് – കല്ലിശ്ശേരി മുക്ക് വരെ ..... 750 മീ.

കൂമ്പുളുമല കോളനി ..... 1500 മീ.

വാർഡ് 8

പുത്തൻകളീയ്ക്കൽ റോഡ് – പനയ്ക്കൽ മുക്ക് ..... 400 മീ.

ഒറ്റപ്ലാവിള മുക്ക് – മാമ്പിറ കോളനി ..... 800 മീ

ഒറ്റപ്ലാവിള മുക്ക് – കളീയ്ക്കലയ്യത്ത് മുക്ക് ..... 200 മീ

ചേനാത്തയ്യത്ത് മുക്ക് – മണ്ടാത്തു ചിറ ..... 600 മീ

പള്ളിയിൽ മുക്ക് – വടക്കേമണ്ടാത്ത ജംഗ്ഷൻ ..... 200 മീ

കളരിയ്ക്കൽ മുക്ക് – കിഴക്കോട്ട് കറുകയിൽ എച്ച്.സി. ..... 600 മീ

ആനകുത്തി മുതൽ – രവി മന്ദിരംവരെ ..... 400 മീ

കല്ലുംതലമുക്ക് – തെക്ക് വയണപ്പുഴമുക്ക് വരെ ..... 600 മീ

തെങ്ങുവിള മുക്ക് – തെക്ക് വയണവിള മുക്ക് ..... 600 മീ

ഇടപ്പോൺ എച്ച്. എസ് മുതൽ – പുളീയ്ക്കത്തറ കടവ് ..... 400 മീ

മണ്ടാത്ത് മുക്ക് –കൊല്ലീരേത്ത് ..... 200 മീ

വട്ടക്കാവമുക്ക് – താനിയാറ്റ് പടി ..... 150 മീ.

വാർഡ് 9

ആശാരി പറമ്പ് മുക്ക് – ചിറകര പടി റോഡ് ..... 300 മീ

തട്ടയ്ക്കാട്ട് മുക്ക് – പുലിയമേത്ത് റോഡ് ..... 600 മീ



ആശാരി പടീറ്റതിൽ – കിണറും കരേത്ത് ..... 300 മീ

പാറ്റൂർ മലമുകൾ റോഡിൽ (എക്സ്റ്റൻഷൻ 200 മീ)

തുണ്ടിൽ മുക്ക് – കള്ളകടവ് റോഡിൽ

കണ്ണംകാവിൽ തെക്കേഅറ്റം ..... 100 മീ

പയിനിന്റെ കിഴക്കേതിൽ – മണ്ണുശ്ശേരിമുക്ക് ..... 100 മീ

തെക്കേ പാണ്ഡ്യൻ തോട് – കള്ളുകടവ് മുക്ക് ..... 100 മീ

പാറ്റൂർ വീട് – പണിശ്ശേരി റോഡ് ..... 100 മീ

മണ്ണുശ്ശേരി മുക്ക് – മലയിൽ മുക്കിനും ഇടയിൽ ..... 100 മീ

കുതിരകെട്ടും തടം – കൊയ്പ്പള്ളി മഠം – ഓടാപ്പുകൾ

ഐരൂർത്തട കോളനി ..... 100 മീ

മേലകോളനിയിൽ താഴേയറ്റം ..... 100 മീ

പുത്തൻ കളീയ്ക്കൽ മുക്ക് – പാലേത്ത് പടീറ്റതിൽ ..... 500 മീ

വാർഡ് 10

പ്ലാവിള മുക്ക് – പാറവിള റോഡ് ഒ.എൽ.എച്ച് ..... 500 മീ

വാലിൽ മുക്ക് – വടക്കേക്കര മുക്ക് ..... 700 മീ

കോയിക്കൽ കിഴക്കേ മുക്ക് – ചിറകര മുക്ക് ..... 500 മീ

പോണാൽ മുക്ക് – ചിറകര പടിമുക്ക് ..... 300 മീ

കിണർ മെയിന്റനൻസിന് സാമ്പത്തികസഹായം നല്കുക

വാർഡ് 11
കലാ-സാംസ്കാരിക സമിതികൾ എന്നും നൂറനാടിന്റെ പൊതു സമ്പത്താണ്. കലാകാരന്മാരെ വാർത്തെടുക്കുന്നതിൽ ഈ സമിതികളെകളുടെ സംഭാവന സ്മരണീയമാ ണ്. ഈ രംഗത്ത് വർഷങ്ങൾക്കു മുൻപ് പ്രവർത്തിച്ചിരുന്ന 'രശ്മി' തിയേറ്റേഴ്സ് എന്ന കാലാസംഘടനയെ എടുത്തു പറയേണ്ടതാ ണഅ. പടനിലമായിരുന്നു ഈ സമതിയുടെ പ്രവർത്തന കേന്ദ്രം. ഇതിനെതുടർന്നു 'പ്രതി ഭ, 'കൽപന' എന്നീ സമിതികൾ നിലവിൽ വന്നു. പിന്നീട് നിരവധി കലാ-സാംസ്കാരിക സമിതികൾ നൂറനാടിന്റെ കലാരംഗ് ശ്രേഷ്ട മാക്കുവാൻ ഉടലെടുത്തു. ഈ ഗ്രാമത്തിനറെ സാംസ്കാരിക പൈതൃകം അരക്കിട്ടുറപ്പിക്കു വാൻ പ്രസ്തുത സമിതികൾ തനതായ പങ്കു വഹിക്കുന്നു

പ്രശ്നങ്ങൾ നിർദ്ദേശങ്ങൾ

- നൂറനാട് പഞ്ചായത്ത് ലൈബ്രറി പാർട്ട് ടൈം ആയി പ്രവർത്തിക്കുന്നത് ഫുൾ ടൈം ആക്കുക.
- നിലവിലുള്ള ലൈബ്രറികളെല്ലാം വിപുലപ്പെടുത്തുക.
- എല്ലാ വാർഡുകളിലും വായന ശാലകൾ സ്ഥാപിക്കുക.
- കലാസംഘടനകൾക്ക് സർവ്വവിധ പ്രോത്സാഹനവും സാമ്പത്തിക സഹായവും നല്കുക.
- പ്രാചീന കലാരൂപങ്ങൾ സംരക്ഷിക്കുന്നതിനും അവതരിപ്പിക്കുന്നതിനും സാംസ്കാരിക സംഘടനകൾക്ക് പ്രത്യേകം പ്രോത്സാഹനം നല്കുക.
- കുട്ടികളുടെ കലാ-സാഹിത്യ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകുക.
- പഞ്ചായത്തിൽ ഒരു മിനിസ്റ്റേഡിയം നിർമ്മിക്കുക.
- ഒരു നാടൻകലാ പഠന കേന്ദ്രം സ്ഥാപിക്കുക.
- തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ കുട്ടികൾക്കുവേണ്ടി നേതൃത്വ പടനക്യാമ്പുകൾ സംഘടിപ്പിക്കുക.
- തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ക്ലബ്ബുകൾ വഴി നടത്തുക.
- സാംസ്കാരിക കായിക രംഗങ്ങളിൽ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുക.





വനിതാക്ഷേമം

'ഭാരതീയ സ്ത്രി ഒരടി മുന്നോട്ടുപോയാൽ
ഭാരതം രണ്ടടി മുന്നോട്ട് പോകും.....!'

മഹാത്മാഗാന്ധി.

പഞ്ചായത്ത് രാജ് നഗരപാലിക സംവിധാനം നിലവിൽ വന്നതോടെ സ്ത്രീകളുടെ വർദ്ധിച്ച പ്രാധാന്യം ഭരണ രംഗത്ത് ഉണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ സത്തയിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ അധികാരം പഞ്ചായത്ത് - മുൻസിപ്പൽ തലത്തിലേക്ക് കൈമാറ്റപ്പെട്ടതുപോലെ, ആനുപാതികമായി പുരുഷൻമാരിൽ നിന്നും സ്ത്രീകളിലേക്കും അധികാരം കൈമാറ്റപ്പെട്ടു.

പഞ്ചായത്ത് രാജിലെ ത്രിതല ഭരണ സംവിധാനത്തിലും നഗരപാലികാസംവിധാനത്തിലും സ്ത്രീകൾക്കുള്ള പ്രാധാന്യം സാമൂഹിക സാമ്പത്തിക - വികസന പ്രവർത്തനങ്ങളിൽ നേരിട്ട് ഭാഗഭാക്കാകുവാൻ അവരെ സഹായിക്കുന്നു. നൂറ്റാണ്ടുകളായി ഗൃഹഭരണത്തിൽ മാത്രം മുഴുകി കഴിഞ്ഞിരുന്ന സ്ത്രീകളെ നാടിന്റെ ഭാഗധേയം നിർണ്ണയിക്കുന്ന ഭരണസാരഥ്യത്തിൽ എത്തിക്കുന്നതിന് പഞ്ചായത്തീരാജ് നീയമത്തിലൂടെ സാധ്യമായി. പഞ്ചായത്ത്രാജ് നിയമത്തിലൂടെ ഗ്രാമീണ വനിതകൾക്ക് ലഭിച്ചുവരുന്ന സത്ഫലങ്ങൾ കുടംബങ്ങളിലും സമൂഹത്തിലും പ്രതിഫലിക്കുകയും തന്മൂലം നാടിന്റെ മൊത്തം പുരോഗതിക്ക് വഴിതെളിക്കുകയും ചെയ്യുന്നു. കൃഷി, ഗ്രാമവികസനം, ക്ഷിരവികസനം, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, കന്നുകാലി പരിപാലനം, ആയൂർവേദം, മാതൃ-ശിശു സംരക്ഷണം, കുടിൽവ്യവസായം, നിരക്ഷരതാ നിർമ്മാർജ്ജനം എന്നീവകുപ്പുകളിൽ വനിതകൾക്ക് ഇറങ്ങിപ്രവർത്തിക്കുവാൻ കഴിയുന്നതാണ്. ആരോഗ്യരംഗത്ത് കുടുംബാസൂത്രണം, മാതൃ-ശിശുസംരക്ഷണം, പരിസരശുചിത്വം മുതലായ പ്രവൃത്തികൾ വനിതാപ്രതിനിധികളുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്തുകയാണെങ്കിൽ രണ്ടായിരാമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ദൗത്യം പൂർത്തിയാക്കുവാൻ കഴിയും. ഗ്രാമീണ വികസന മേഖലകളിൽ സ്ത്രീകളുടെ നേരിട്ടുള്ള പങ്കാളിത്തം സമൂഹത്തിലെ സമഗ്രവികസനത്തിന് വഴിതെളിക്കുന്നതാണ്.

സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് സ്ത്രീ വിദ്യാഭ്യാസത്തിനാണ് പ്രാധാന്യം കൊടുക്കുന്നത്. നമ്മൾ ഒരു ആൺകുട്ടിയെ പഠിപ്പിക്കുമ്പോൾ അത് ഒരാളെ മാത്രമാണ് ബോധവൽകരിക്കുന്നത്. എന്നാൽ ഒരു പെൺകുട്ടിയെ പഠിപ്പിക്കുമ്പോൾ നമ്മൾ ഒരു കുടുംബത്തെയാണ് ബോധവൽക്കരിക്കുന്നത് എന്നത് ഒരു യാഥാർത്ഥ്യമാണ്.

മുൻകാലത്തെക്കാൾ സ്ത്രീകളുടെ സാമൂഹ്യാവസ്ഥ മെച്ചപ്പെട്ടുവരികയാണെങ്കിലും അതുപോലെതന്നെ വഷളായിവരുന്ന ഒരു മറുവശത്തിന്റെ മുൾമുനകളും നാം തിരിച്ചറിയേണ്ടതുണ്ട്. സ്ത്രീകളുടെ സാമൂഹ്യപദവി ഇനിയും അംഗീകരിക്കുവാൻ മടിക്കുന്ന ഒരു യാഥാസ്തിതിക വിഭാഗം സമൂഹത്തിൽ സജീവമായുണ്ട്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരികയാണോയെന്ന് ആശങ്കപ്പെടേണ്ടിയിരിക്കുന്നു. വനിതകളെ ചൂഷണം ചെയ്യുന്ന രീതി ഇന്നും നിലനിൽക്കുന്നു. കമ്പോളസംസ്കാരത്തിന്റെ നീരാളിപ്പിടുത്തത്തിൽ വിലപാസാവുന്ന വില്പനതരക്കായി വനിതകളെ നോക്കിക്കാണുന്ന കണ്ണുകൾ ചൂഴ്ന്നെടുക്കേണ്ടതു തന്നെയാണ്.

അധികാരസ്ഥാനങ്ങളിൽ കടന്നുവന്ന് ഭരണകാര്യങ്ങളിൽ സജീവമായി ഇടപെടുവാൻ സ്ത്രീകൾ പ്രാപ്തരായ ഒരു സമൂഹമാണ് ഇന്നത്തേത്. നൂറനാട് പഞ്ചായത്തിന്റെ മുൻ പ്രസിഡന്റ് ശ്രീമതി ഗൗരിക്കുട്ടിയമ്മാളിന് പിൻതുടർച്ചയായി നമ്മുടെ ഗ്രാമത്തിന്റെ ത്രിതല പഞ്ചായത്തിനും ഇപ്പോൾ നായകത്വം വഹിക്കുന്നത് വനിതകളാണെന്നത് നമ്മുടെ ഗ്രാമത്തിൽ വനിതകൾക്ക് ആകെ ആവേശകരവും അഭിമാനകരവുമായ യാഥാർത്യമാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രത്നമ്മാ രവീന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അനിതാരത്നകുമാർ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സി.എസ്. സുജാത എന്നിവരുടെ നേതൃത്വത്തിൽ വമ്പിച്ച ഒരു വനിതാ മുന്നേറ്റം നമ്മുടെ സൂഹത്തിൽ സാധ്യമാകുമെന്ന് പ്രതീക്ഷിക്കാം. ഇന്ത്യയിൽ ആയിരം പുരഷന്മാർക്ക് 937 വനിതകൾ എന്ന അനുപാതമാണ് ഉള്ളതെങ്കിൽ കേരളത്തിൽ ആയിരം പുരുഷന്മാർക്ക് 1036 എന്ന അനുപാതമാണ് നിലവിലുള്ളത്. നൂറനാട് 1000 പുരുഷന്മാർ ഉള്ളപ്പോൾ വനിതകളുടെ എണ്ണം 1039 എന്ന നിരക്കിലാണ്.





സ്ത്രീപുരുഷാനുപാതം

	പുരുഷൻ	സ്ത്രീ
ഇന്ത്യ	1000	937
കേരളം	1000	1036
നൂറനാട്	1000	1039

നൂറനാട് സാക്ഷരതാനിരക്ക് 90 ശതമാനത്തിന് മുകളിലാണ്. ആകെ ജനസംഖ്യ 24455 ആണ്. ഇതിൽ 12748 സ്തീകളാണുള്ളത്. ഇവരിൽ 12433 സ്ത്രീകൾ അക്ഷരാഭ്യാസമുള്ളവരാണ്. ബാക്കിയുള്ളവരേക്കൂടി സാക്ഷരരാക്കാൻ നമുക്ക് കൂട്ടായിയത്നിക്കാം.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകളുടെ വിവാഹത്തിന് പഞ്ചായത്തും ഗവൺമെന്റും ധനസഹായം നൽകേണ്ടതാണ്. ആരാധനാലയങ്ങളുടെ വരുമാനത്തിന്റെ ഒരു പങ്ക് നിർദ്ദനരായ പെൺകുട്ടികളുടെ വിവാഹത്തിനത് നൽകാവുന്നതാണ്. മതസംഘടനകൾക്കും സാമൂഹ്യസംഘടനകൾക്കും ഇക്കാര്യത്തിൽ വലിയ സംഭാവനകൾ നല്കാൻ കഴിയും. വർദ്ധിച്ച വിവാഹചെലവ് ഒഴിവാക്കുന്നതിലേക്കായി സമൂഹവിവാഹം പ്രോത്സാഹിപ്പിക്കുകയും സ്ത്രീധന നിരോധനനീയമം കർക്കശവും ശക്തവുമായി നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്തിലെ പതിനൊന്ന് വാർഡുകളിലും കൂടി രണ്ട് അംഗൻവാടികൾ മാത്രമാണ് ഉള്ളത്. ബാക്കിയുള്ള വാർഡുകളിലും അംഗൻവാടികൾ സ്ഥാപിക്കുകയും നിലവിലുള്ളവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതുമാണ്.

കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട പട്ടണങ്ങളിൽ സി.ഡി.എസ്. (കമ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റി) വളരെ വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. സി.ഡി.എസ്. ഗ്രാമത്തിലും സംഘടിപ്പിച്ച് അതിലെ അംഗങ്ങളായ വനിതകൾക്ക് ഉപജീവനമാർഗ്ഗം ആർജ്ജിക്കുന്നതിനുള്ള വായ്പകളും ഉപാധിരഹിതവായ്പകളും (വളരെ അത്യാവശ്യകാര്യങ്ങൾക്ക്) നൽകുന്നത് വനിതാക്ഷേമത്തിന് വളരെ അത്യാവശ്യമാണ്. നിത്യോപയോഗസാധനങ്ങൾ വിലക്കുറച്ച് നൂറനാട്ടെ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി നൂറനാട് പഞ്ചായത്തിൽ പടനിലം കേന്ദ്രീകരിച്ച് ഒരു മാവേലിസ്റ്റോർ സ്ഥാപിക്കേണ്ടതാണ്.

നൂറനാട്ട് വനിതകൽക്ക് തൊഴിലവസരം തുലോം കുറവാണ്. പ്രധാനമായും കാർഷിക മേഖലയെ മാത്രമാണ് സ്ത്രീകൾ ആശ്രയിക്കുന്നത്. എല്ലാ മേഖലയിലും കൂലിക്ക് സ്ത്രീ പുരഷന്മാർ തമ്മിൽ ഏറെ അന്തരം കാണപ്പെടുന്നു. ഗവൺമെന്റ് ജീവനക്കാർക്ക് എന്നപോലെ തുല്യജോലിക്ക് തുല്യവേതനം സ്ത്രീകൾക്ക് ലഭിക്കുന്നില്ല.



സ്ത്രീ-പുരുഷ കൂലി നിരക്ക്.

കർഷകതൊഴിലാളി		
വർഷം	സ്ത്രീ (രൂപ നിരക്ക്)	പുരുഷൻ (രൂപാനിരക്ക്)
19960	0.25	0.5
1970	1	2
1972	3	5
1977	7	11
1979	10	16
1981	12	18
1982	17	25
1984	28	30
1987	35	40
1994	50	65
1996	60	80

വിനോദത്തിനും വിശ്രമത്തിനും സമയം ലഭിക്കാതെ പുറംലോകം നഷ്ടപ്പെട്ട സ്ത്രീകളാണ് നമ്മുടെ പഞ്ചായത്തിൽ അധികവും. ആഹാരം തയ്യാറാക്കുക, കുട്ടികളെ പരിചരിക്കുക, തുണിഅലയ്ക്കുക, ആടു-മാടു-കോഴികളെ പോറ്റുക, തുടങ്ങിയ തീരാത്ത പണികളുടെ ഗൃഹഗുഹയിലാണ് ഇവരിൽ ഭൂരിപക്ഷവും. പുരുഷന്മാരുടെ ആശ്രിതരായാണ് ഇവർ കഴിയുന്നത്. പുരുഷസമൂഹം തന്നെ ഗൗരവമായി ഈ വിഷയം ചിന്തിക്കേണ്ടതാണ്. വർഷങ്ങൾക്ക് മുമ്പ് വരെ ആടുവളർത്തലും കോഴിവളർത്തലും സ്ത്രീകൾ മുൻകയ്യെടുത്ത് നടത്തിയിരുന്നു. പുരുഷന്മാരെ ആശ്രിയിക്കാതെ അത്യാവശ്യചെലവുകൾക്കുള്ള പണം അങ്ങനെ സ്തീകൾ കണ്ടെത്തിയിരുന്നു. വയ്യാങ്കര, പറയൻകുളം തുടങ്ങിയ കന്നുകാലി ചന്തകളിൽ ഏറ്റവും കൂടുതൽ ആടുകൾ നൂറനാട്ടുനിന്നുമാണ് വന്നിരുന്നത്. അതുപോലെതന്നെ കായംകുളം മുട്ടമാർക്കറ്റിൽ ഏറ്റവും കുടുതൽ മുട്ടഎത്തിയിരുന്നത് നമ്മുടെ ഗ്രാമത്തിൽനിന്നുമായിരുന്നു. ആ മുട്ടകൾ ബോംബെ, മദ്രാസ്, ഡൽഹി,തുടങ്ങിയ സ്ഥലങ്ങളിൽ 'കായകുളം മുട്ട' എന്ന പേരിൽ ബോർഡുവെച്ച് വ്യാപാരം ചെയ്തിരുന്നതായി പറയപ്പെടുന്നു. ഇന്ന് തമിഴുനാട്ടിൽ നിന്നും വരുന്ന മുട്ടകളാണ് അധികവും നൂറനാട്ട്പോലും വിറ്റഴിക്കുന്നത്. അതിനാൽ സ്ത്രീകൾ മുൻകൈ എടുത്ത് ആടുവളർത്തൽ, കോഴിവളർത്തൽ എന്നിവ.

ഈ ഗ്രാമത്തിൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. പച്ചക്കറി കൃഷി പ്രത്യേകിച്ച് അടുക്കളതോട്ടം, സ്ത്രീകൾ മുൻകൈ എടുത്ത് കാര്യക്ഷമമാക്കേണ്ടതാണ്. ഗവൺമെന്റിന്റെ പ്രാഥമിക ആരോഗ്യസംരക്ഷണ പരിപാടികളും പ്രതിരോധ ചികിത്സയും പഞ്ചായത്തിലെ മുഴുവൻ കുട്ടികൾക്കും അമ്മമാർക്കും ഗർഭിണികൾക്കും ലഭ്യമാക്കേണ്ടതുണ്ട്. കുഞ്ഞുങ്ങളെ മുലയൂട്ടുന്നതിന് വിമുഖത കാണിക്കാത്ത അമ്മമാരാണ് ഈ ഗ്രാമത്തിലുള്ളത്. ചാപിള്ള ജനനങ്ങൾ, ശിശുമരണങ്ങൾ, പ്രസവത്തോടനുബന്ധിച്ചുള്ള മരണം തുടങ്ങിയവ നമ്മുടെ ഗ്രാമത്തിൽ ഇല്ല എന്നുതന്നെ പറയാം. ദമ്പതിമാരിൽ കുടുംബാത്രണമാർഗ്ഗങ്ങൾ സ്വീകരിക്കുന്നത് ബഹുഭൂരിപക്ഷവും സ്ത്രീകളാണ്.

പഞ്ചായത്തിൽ ഒരു വനിതാ സഹകരണസംഘം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തനമില്ല. വനിതാ സഹകരണസംഘം രൂപീകരിച്ച് പാൽ,പാൽ ഉല്പന്നങ്ങൾ, മുട്ട, തുടങ്ങിയവയുടെ വിപണനവും പേപ്പർകവർ, തീപ്പെട്ടി, മെഴുകുതിരി, റെഡിമെയ്ഡ് ഗാർമെന്റ്സ് തുടങ്ങിയവയും കുട്ട, വട്ടി,പായ് തുടങ്ങിയ പരമ്പരാഗത വ്യവസായ യൂണിറ്റുകളും തുടങ്ങാവുന്നതാണ്. സ്ത്രീകളുടെ തൊഴിലില്ലായ്മ ഒരു പരിധിവരെ കുറയ്ക്കുന്നതിന് ഇത് സഹായകരമാകും.

ബഹുജന സംഘടനകളിലും സാമൂഹിക പ്രവർത്തനങ്ങളിലും കുറഞ്ഞ വനിതാ പങ്കാളിത്തമാണ് ഈ പഞ്ചായത്തിലുണ്ടായിരുന്നത്. എന്നാൽ വനിതകൾ സജീവമായി സാമൂഹിക പരിപാടികളിൽ പങ്കെടുത്തു തുടങ്ങുന്നു എന്നത് അഭിമാനാർഹമാണ്. ശക്തമായ ഒരു വനിതാ പ്രസ്ഥാനം കെട്ടുറപ്പുള്ള ഒരു സമൂഹത്തിന് അത്യന്താപേക്ഷിതമാണ്. ഇത്തരത്തിലൊരു പ്രസ്ഥാനം ഉണ്ടെങ്കിലേ സ്ത്രീകൾക്ക് എതിരായ പ്രശ്നങ്ങൾ സമൂഹത്തിൽ കുറഞ്ഞു വരികയുള്ളൂ. ഈ ഗൗരവം പഞ്ചായത്തിലെ മുഴുവൻ വനിതകളും ഉൾക്കൊള്ളുമെന്ന് പ്രത്യാശിക്കാം.





പ്രശ്നങ്ങൾ / നിർദ്ദേശങ്ങൾ

- സ്ത്രീകൾക്ക് തൊഴിലവസരങ്ങളും പരിശീലനവും നൽകുക.
- സ്വയംതൊഴിൽകണ്ടെത്താനുള്ള സാഹചര്യം ഒരുക്കുക.
- സാമ്പത്തിക സ്ഥാപനങ്ങളുടെ സഹായ വായ്പ പരമാവധി ലഭ്യമാക്കുക.
- തുല്യജോലിക്ക് തുല്യവേദനം എന്ന തത്വം പൂർണ്ണമായും നടപ്പിലാക്കുന്നതിന് നടപിടി സ്വീകരിക്കുക.
- ചെറുകിട വ്യവസായങ്ങളും പരമ്പരാഗത വ്യവസായങ്ങളും പ്രോത്സാഹിപ്പിക്കുക.
- വനിതാ സഹകരണസംഘങ്ങൾ ആരംഭിക്കുക.
- ഉദ്യാനകൃഷി അടുക്കളത്തോട്ടം എന്നിവ പ്രോത്സാഹിപ്പിക്കുക
- പഞ്ചായത്ത് തലത്തിൽ വനിതാസെൽ ആരംഭിക്കുക
- സ്ത്രീപീഡനസംഭവങ്ങളിൽ ശക്തമായ നടപിടി സ്വീകരിക്കുക
- വിധവാ പെൻഷൻ വാർദ്ധക്യകാല പെൻഷൻ കർഷക തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മാവേതനം തുടങ്ങിയ ധനസഹായം കൃത്യമായി നൽകുക.
- ആരോഗ്യം ശുചുത്വം എന്നിവയെക്കുറുച്ചുള്ള ബോധവല്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- അശ്ലീലപോസ്റ്ററുകളുടെ പ്രചരണം കർശനമായും കടയുക.
- സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകുക
- സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുക
- പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കുക



സഹകരണ മേഖല

പതിനെട്ടാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ഉണ്ടായ വ്യാവസായിക വിപ്ലവം അതിന്റെ ഭേ മായി ഉടലെടുത്ത സഹകരണപ്രസ്ഥാനങ്ങളും ഇന്ന് ലോകത്താകമാനം പടർന്നു പന്തലിച്ച് വികസനത്തിന്റെ ചുക്കാൻ പിടിക്കുന്നു. കാർഷിക വ്യാവസായികരംഗത്തെ തൊഴിലാ ളികളുടെ ദുഃഖം ഇല്ലാതാക്കുന്നതിനുവേണ്ടി. റോബർട്ട് ഓവൻ (1171–1858) ചുക്കാൻ പിടിച്ച് നടപ്പാക്കിയ സഹകരണപ്രസ്ഥാനങ്ങൾ പത്തൊൻപതാം നൂറ്റാണ്ടോടുകൂടി ഇന്ത്യിലെ കാർഷിക വ്യാവസായിക മേഖലയെ തൊഴി ലാളികളുടെ കണ്ണുനീർ തുടച്ചുമാറ്റാൻ ഇന്ത്യ യിലേക്ക് കുടിയേറി. ഇന്ന് ഇന്ത്യയിലേകദേശം മൂന്നുലക്ഷത്തി പതിനയ്യായിരം സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. പ്രത്യക്ഷമായും പരോക്ഷമായും ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ പ്രധാനം ചെയ്യുന്ന ഈ സഹകരണ പ്രസ്ഥാനം ഇന്ത്യയിലാകെ പടർന്നു പന്ത ലിച്ചു.

പതിനാറാം നൂറ്റാണ്ടിൽ രൂപംകൊണ്ട ഈസ്റ്റിന്ത്യാ കമ്പനികളുടെ പാത പിൻതുടരു ന്നു. ഇന്ത്യൻ കമ്പനികളിൽ നിന്നും ഓഹരി വാങ്ങിയും മൂലധനനിക്ഷേപം നടത്തിയും ജീവിക്കുവാൻ ഭയപ്പെടുന്ന ഇന്ത്യയിലെ സാധാ രണ കർഷകന് വളരെ കുറഞ്ഞ ചെലവിൽ ഓഹരി സ്വന്തമാക്കി അഭിമാനിക്കുവാനും ജീവി ക്കുവാനും റോബർട്ട് ഓവൻ വിഭാവനചെയ്ത സഹകരണപ്രസ്ഥാനങ്ങൾക്കു കഴിയും പത്തൊൻപതാം നൂറ്റാണ്ടിൽ ഇന്ത്യയിൽ സഹ കരണപ്രസ്ഥാനങ്ങൽ രൂപം കൊണ്ടെങ്കിലും നൂറനാട് ഗ്രാമപഞ്ചായത്ത് സഹകരണ സ്ഥാപനങ്ങൾ രൂപം കൊള്ളുന്നത് ഇരു പതാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടിയാ ണ്. കൊല്ലവർഷം 1102 മാണ്ടിൽ രൂപം കൊടുത്ത സർവ്വീസ് സഹകരണസംഘം സാധ്യതകൽ ഉണ്ടായിട്ടു പുരേഗിത പ്രാവി ക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന ദുഃഖ സത്യം പഞ്ചായത്തിലെ കർഷകരെ വേദനിപ്പിക്കു ന്നു. എന്നാൽ അതിനുശേഷം രൂപംകൊണ്ട, കൊല്ലവർഷം 1104 മാണ്ടിൽ രൂപംകൊണ്ട 1780–ാം നമ്പർ വില്ലേജ് സഹകരണ സംഘവും കർഷകർക്ക് ആശക്ക് വകനല്കി യില്ല.

നൂറനാട് ഗ്രാമപഞ്ചായത്തിലെ സഹ കരണ പ്രസ്ഥാനങ്ങളുടെ പുരോഗതിക്ക വേണ്ടി പഞ്ചായത്തു വാർഡുകളിൽ നിന്നും രൂപമെടുത്ത നിർദ്ദേശങ്ങളും ഇന്ന് നിലവി ലുള്ള സഹകരണസംഘങ്ങളുടെ പ്രവർത്ത നങ്ങളും ഇതോടൊപ്പം ചേർത്തിരിക്കുന്നു.

സർവ്വീസ് സഹകരണസംഘം നമ്പർ 1559

നൂറനാട് സർവ്വീസ് സർവ്വീസ് സഹ കരണസംഘം നമ്പർ 1559 പടനിലം കേന്ദ്ര മാക്കി പ്രവർത്തിക്കുന്നു. 7–11–1102 എം.ഇ. മുതൽ പ്രവർത്തിച്ചുവരുന്നു. പുതുപ്പള്ളികു ന്നം, ഇടക്കുന്നം, തത്തംമുന്ന, നടുവിലേമു റി, പാലമേൽ എന്നീ ഗ്രാമപഞ്ചായത്തുകൾ ഇതിന്റെ പ്രവർത്തന പരിധിയിൽ വരുന്നു. 9 അംഗ ഡയറക്ടർ ബോർഡ് ഇതിന്റെ ഭര



ണത്തെ നിയന്ത്രിക്കുന്നു. ഈ സംഘത്തിൽ 3665 അംഗങ്ങൾ ഉണ്ട്. ഇതിൽ നാല് ജീവന ക്കാർ പ്രവർത്തിച്ചു വരുന്നു, സംഘത്തിന്റെ ഓഹരി മൂലധനം 514761 രൂപയാണ് (പിരിഞ്ഞുകിട്ടിയത്) സംഘത്തിൽ നിന്നും കാർഷിക-കാർഷികേതര വായ്പകൾ അംഗ ങ്ങൾ നൽകുന്നുണ്ട്. വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പ കൃത്യമായി തിരിച്ചടയ്ക്കാ തിരുന്നാൽ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തുവാൻ തടസ്സം നേരി ടാറുണ്ട്. സംഘത്തിൽ 2 വളം ഡിപ്പോകളും കൊപ്രാസംഭരണവും കാര്യക്ഷമമായി പ്രവ ർത്തിച്ചുവരുന്നു. സംഘം വക ചിട്ടി നടത്തി വരുന്നു ഓണക്കാലത്ത് കൺസ്യൂമർ സ്റ്റോർ വഴി പലചരക്കുവ്യാപാരവും പച്ചക്കറിച്ചന്തയും നടത്തി പൊതു വിപണിയിലെ വിലക്കയ റ്റത്തെ നീയന്ത്രിക്കുന്നു. സംഘം ലാഭകരമായി പ്രവർത്തിക്കുന്നു. എല്ലാത്തരത്തിലുള്ള ബാങ്കിംഗ് പ്രവർത്തനവും നടത്തിവരുന്നു.

സർവ്വീസ് സഹകരണസംഘം നമ്പർ 1781

നൂറനാട് വില്ലേജ് സർവ്വീസ് സഹകര ണസംഘം നമ്പർ 1781 ചെറുമുഖ കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. 21-1-1104 മുതൽ പ്രവർത്തി ച്ചുവരുന്നുയ. അറുമുഖ, ചെറുമുഖ, പാറ്റൂർ, ഇടപ്പോൺ, പുലിമേൽ, പഴനിക്കോണം എന്നീ റവന്യൂകരകൾ ഇതിന്റെ പ്രവർത്തനപരിധി യിൽ വരുന്നു. പതിനൊന്ന് അംഗ ഡയറക്ടർ ബോർഡ് ഇതിന്റെ ഭരണത്തെ നീയന്ത്രിക്കു ന്നു. ഈ സംഘത്തിൽ 2370 അംഗങ്ങളുണ്ട്. ഇപ്പോൾ 2 ജീവനക്കാർ സ്ഥിരനായി പ്രവർത്തിച്ചുവരുന്നു. സംഘത്തിന്റെ ഓഹരി മൂലധനം 82,500 (പിരിഞ്ഞുകിട്ടിയത്) രൂപയാ ണ്. സംഘത്തിൽ നിന്നും കാർഷിക-കാർഷി കേതര വായ്പകളും ഐ.ആർ.ഡി.പി. വായ്പ കളും അംഗങ്ങൾക്ക് വിതരണം ചെയ്തു വരു ന്നു,. വളം, കീടനാശിനികൾ, എന്നിവയുടെ ഡിപ്പോകൾ രണ്ടെണ്ണം സംഘത്തിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു,. കൂടാതെ റബ്ബർ ഷീറ്റിന്റെ സംഭരണവും വിതരണവും സംഘ ത്തിൽ കൂടി നടത്തുന്നു. കൂടാതെ റബ്ബർ കൃഷി ക്കാർക്ക് ആവശ്യമുള്ള സാധനങ്ങളും സംഘ ത്തിൽകൂടി വിതരണം ചെയ്യുന്നു. എല്ലാവിധ മായ ബാങ്കിംഗ്സൗകര്യങ്ങളും സംഘത്തിലു ണ്ട്. ഓണക്കാലത്ത് വിലക്കയറ്റം പിടിച്ചു നിർത്തുവാൻ പലചരക്കു സാധനങ്ങളും പച്ച ക്കറി സാധനങ്ങലും മിതമായ വിലയ്ക്ക് സംഘത്തിൽ കൂടി വിതരണം ചെയ്യുന്നു. സ്വകാര്യ വ്യക്തികളുടെം ചൂഷണത്തിൽ നിന്നും കർഷകർക്കാ ന്യായമായ വില കിട്ടു ന്നതിന് പഞ്ചായത്തിലെ സമഗ്രമായ വികസ നത്തിനും സഹകരണസംഘങ്ങളെ കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ്. കൂടുതൽ ജനപങ്കാ ളിത്തം ഉറപ്പാക്കണം. നമ്മുടെ നിക്ഷേപങ്ങൾ സഹകരണമേഖലയിൽ കൂടി നടത്തി സഹ കരണസംഘങ്ങളെ വളർത്തിയെടുക്കണം

ഹരിജൻ സഹകരണസംഘം.

ഈ ഗ്രാമപഞ്ചായത്തിൽ പുതുപ്പള്ളി ക്കുന്നം കേന്ദ്രമാക്കി ഒരു ഹരിജൻ സഹകി ണസംഘം പ്രവർത്തുച്ചുവരുന്നു. ഒരു വളം ഡിപ്പോപ്രവർത്തുക്കുന്നു. കൃഷിക്കാർക്ക് ആവശ്യമായ ഉപകരണങ്ങൾ വാടകയ്ക്ക് നൽകുന്നു. ഓണച്ചന്തകൾ നടത്തുന്നു. 9 അംഗ ഡയറക്ടർ ബോർഡ് ഭരണത്തെ നിയ ന്ത്രക്കുന്നു.

വനിതാസഹകരണസംഘം

പുതുപ്പള്ളിക്കുന്നം കേന്ദമാക്കി ഒരു വനിതാ സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട് പ്രവർത്തനമില്ല



ക്ഷിരോത്പാതക സഹകരണ സംഘം

ഇടക്കുന്നം, തത്തം മിന്ന, പടനിലം, ഇട പ്പോൺ എന്നീ വാർഡുകൾ കേന്ദ്രമാക്കി ഓരോ ക്ഷിരോത് പാതക സഹ കരണ സംഘങ്ങൾ പ്രവർത്തിക്കുന്നു,. മുൻ കാലങ്ങ ളിൽ കിട്ടിക്കൊണ്ടിരുന്ന ഗ്രാന്റുകൾ പഞ്ചായ ത്തിൽ കൂടിയായതിനാൽ കിട്ടുന്നതിന് കാല താമസം തേരിടുന്നു. ന്യായമായ വില ലഭി ക്കാതെ വരുന്നതും കാലിത്തീറ്റയുടെ വില വർദ്ധനവും കാരണം സാധാരണക്കാർക്ക് ക്ഷിരോത്പാതക രംഗത്തേക്ക് കടന്നുവരാൻ കഴിയുന്നില്ല. ഈ സംഘങ്ങളെ നിലനിർത്തു ന്നതിനും കൃഷിക്കാരന് പ്രയോജനം ഉണ്ടാ കത്തക്ക വിധത്തിൽ സബ്സീഡി നിരക്കിൽ ലോൺ കൊടുത്ത് പശുക്കളെ വളർത്താൻ സൗകര്യം ഉണ്ടാക്കികൊടുക്കണം. കാലികളെ വളർത്താൻ പറ്റിയ കാലാവസ്ഥ ഉണ്ടെങ്കിലും കർഷകർക്ക് ലോൺനൽകി സഹായിക്കുന്നില്ല. ഈതിനൊരു മാറ്റമുണ്ടായാൽ ഈ മേഖല കർഷകർക്ക് വളരെ പ്രയോജനം ലഭിക്കും.

സിറികൾച്ചർ

പഞ്ചാ യ ത്തിൽ സിറി കൾ ച്ചർ സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട് പ്രവർത്തി ക്കുന്നില്ല.

നൂറനാട് സർവ്വീസ് സഹകരണസംഘം ക്ലിപ്തം നമ്പർ 1559

ആകെ അംഗങ്ങൾ 4084

ഓഹരിയുടെ മുഖവില ..... 5 രൂപ

അംഗീകൃത ഓഹരി മുലധനം ..... 10,30000 രൂപ

പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം ..... 5,14,761 രൂപ

സർക്കാർ ഓഹരി ..... 1,00000 രൂപ

പൊതുജനനിക്ഷേപം

സ്ഥിരനക്ഷേപം ..... 17,00000 രൂപ

ഹ്രസ്വകാലനിക്ഷേപം ..... 1,14,959 രൂപ



നൽകിയിട്ടുള്ള വായ്പകൾ

കാർഷിക വായ്പകൾ ..... 16,38,345 രൂപ

മറ്റ് വായ്പകൾ ..... 4,56,944 രൂപ

പ്രത്യേക വായ്പകൾ
(സ്ഥിരനിക്ഷേപത്തിൽനിന്ന്) ..... 96,647 രൂപ

ആകെ ..... 21,31,939 രൂപ

സ്ഥാപനങ്ങളിൽനിന്നും സ്വീകരിച്ച വായ്പ

ജില്ലാ ബാങ്ക്	എൽ.റ്റി	1,72,375
ആലപ്പുഴ	എം.റ്റി	15,17,913
ആലപ്പുഴ	ഒ.എൽ.	11,79,948
ആലപ്പുഴ	എൽ.റ്റി, ഒ.എൽ	23,170
ആകെ	**.....**	**28,93,400**

നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ടും കിട്ടാനുള്ളവ

ഇനം	**തുക**
എസ്.റ്റി	12689
എം.റ്റി	78,138
ഒ.എൽ	89912
എൽ.റ്റി.ഒ.എൽ	42,964
ആകെ	**2,23,703**

സ്ഥാപനത്തിന്റെ ചെലവ്കൾ

എസ്റ്റാബ്ളിഷ്മെന്റ് 65,377

കണ്ടിൻജൻസിസ് 13,208

ആകെ 78,585



സംഘം നടത്തുന്ന പ്രവർത്തനങ്ങൾ

1. അംഗങ്ങൾക്ക് വായ്പ നൽകുക
2. വളം, കീടനാശിനി എന്നിവ നല്കുക
3. കൊപ്രാ സംഭരണം
4. മാവേലിസ്റ്റോർ

1781 -ാം നമ്പർ വില്ലേജ് സഹകരണ ബാങ്ക് (ക്ലിപ്തം)

ആകെ അംഗങ്ങൾ 2370

ഓഹരിയുടെ മുഖവില ..... 10 രൂപ

അംഗീകൃ ഓഹരിമൂലധനം ..... 8 ലക്ഷം രൂപ

പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം ..... 82500 രൂപ

സർക്കാർ ഓഹരി ..... 23500 രൂപ

പൊതു ജനനിക്ഷേപം

സ്ഥിര നിക്ഷേപം ..... 20,00,00 രൂപ

ഹ്രസ്വകാലം ..... 5,00,000 രൂപ

നൽകിയിട്ടുള്ള വായ്പകൾ

കാർഷിക വായ്പകൾ ..... 3,00,000 രൂപ

മറ്റ് വായ്പകൾ ..... 50,000 രൂപ

പ്രത്യേക വായ്പകൾ ..... ഇല്ല

ആകെ ..... 3,50,000 രൂപ



സ്ഥാപനത്തിൽ നിന്നും സ്വീകരിച്ച വായ്പകൾ

സ്ഥാപനം	സ്വഭാവം	തുക
ജില്ലാസഹകരണ ബാങ്ക്	ഐ.ആർ.ഡി.പി.	1.89,000

നൽകിയ വായ്പകൾ കാലാവധികഴിഞ്ഞിട്ട് കിട്ടാനുള്ളവ.

വായ്പാസ്വഭാവം ..... തുക

ഐ.ആർ.ഡി.പി 50,000

കൃഷിവായ്പ 1,50000

കാർഷികേതരം 2,0000

ആകെ 400000

സ്ഥാപനത്തിന്റെ ചെലവുകൾ

ഇനം ..... തുക

എസ്റ്റാബ്ലിഷ്മെന്റ് 55000

കൺജിൻജൻസീസ് 30,000

ആകെ 85,000

സ്ഥാപനത്തിന്റെ പ്രവർത്തനം

- വായ്പാ വിതരണം
- വളം, കീടനാശിനി വ്യവസായം
- റബ്ബർ സംഭരണവും വിപണനവും
- ഓണച്ചന്ത
- നിക്ഷേപസ്വീകരണം



കാർഷിക മേഖല

"കർഷക ഗ്രാമം' എന്നറിയപ്പെടുന്ന നൂറ നാട് ഗ്രാമപഞ്ചായത്തിൽ കാർഷിക രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ വളരെ കുറവാണ്. കാർഷികരംഗത്ത് പ്രവർത്തി ക്കുന്ന പ്രധാന സഹകരണ സ്ഥാപനങ്ങൾ നൂറ നാട് സർവ്വീസ് സഹകരണ സംഘവും (നമ്പർ 1551) നൂറനാട് വില്ലേജ് സർവ്വീസ് സഹകരണ ബാങ്കുമാണ് നമ്പർ 1781 ഈ സ്ഥാപനങ്ങൾ പഞ്ചായത്തിലം കർഷകരുടെ വായ്പാ ആവ ശ്യങ്ങൾ പരിഹരിക്കുക. എന്ന രൂപീകൃത ലക്ഷ്യം കൈവരിക്കുന്നതിൽ ഒരു പരിധി വരെ വിജയം കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കൃഷി ക്കാർക്ക് കുറഞ്ഞ പലിശനിരക്കല് വായ്പാ വിതരണം നടന്നുവരുന്നു,. കാർഷികരംഗത്ത് പ്രവർത്തിക്കുന്ന നൂറനാട് സർവ്വീസ് സഹക രണ സംഘം ഇപ്പോൾ കാർഷിക ആവശ്യത്തി നായി 16,38,345 രൂപയും മറ്റ് ഇനങ്ങളീലായി 5,53,594 രൂപയും വായ്പയായി നൽകിയിട്ടുണ്ട് ഗ്രാമവികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന 1781-ാം നമ്പർ വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് കാർഷിക രംഗത്ത് നൽകിയ വായ്പ 3 ലക്ഷം രൂപയാണ്. മറ്റുനങ്ങളിലായി 50000 രൂപയും വായ്പ നൽകിയിട്ടുണ്ട് ഇതുകൂടാതെ പഞ്ചായത്തുകൂടി പ്രവർത്തന മേഖലയായ ഒരു കാർഷിക വികസന ബാങ്ക് മാവേലിക്കര കേന്ദ്രമാക്കി പ്രവർത്തിക്കുന്നെങ്കിലും നൂറ നാട്ടെ കർഷകർക്ക് പ്രയോജനപ്പടുന്നില്ല.



പ്രശ്നങ്ങൾ

- പഞ്ചായത്തിലെ എല്ലാകർഷകർക്കും ആവശ്യമായ വായ്പ ലഭ്യമാക്കാൻ സംഘത്തിന് കഴിയുന്നില്ല
- കാർഷിക ആവശ്യത്തിന് വേണ്ടി നൽകേണ്ട വായ്പ കാർഷിക ആവശ്യത്തിന് എന്ന വ്യാജേന കാർഷികേതര ആവശ്യത്തിനായി ഉപയോഗിക്കുന്നു.
- ഓഹരി മൂലധനത്തിന്റെ ഏകദേശം 20 ഇരട്ടിയോളം വായ്പയെടുക്കാവുന്ന സംഘങ്ങൽ ഇപ്പോൾ ഓഹരി മൂലധനത്തോളം പോലും വായ്പയെടുത്തിട്ടില്ല.
- വിതരണം ചെയ്യുന്ന വായ്പകൾ എഥാകാലം തിരിച്ചടവ് നടക്കുന്നില്ല.
- വായ്പ അംഗങ്ങൾക്ക് നൽകുന്നതിൽ കാലതാമസം നേരിടുന്നു ആയതിനാൽ കാർഷികാവശ്യത്തിന് വായ്പ ഉപയോഗിക്കുവാൻ കഴിയാതെ വരുന്നു.
- ദുർബ്ബല വിഭാഗങ്ങൾക്ക് വായ്പാ വിതരണം വളരെ കുറച്ചു മാത്രമാണ്.
- കർഷകർക്കാ ആവശ്യമായ നല്ല വിത്തിനങ്ങൾ വായ്പയായി നൽകുവാൻ സംഘങ്ങൾക്ക് കഴിയുന്നില്ല.
- നൂറനാടിന്റെ കാർഷിക രംഗത്ത് വിപ്ലവകരമായ പുരോഗതി നേടിക്കൊണ്ടിരിക്കുന്ന റബ്ബർ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് റബ്ബർ സംസ്കരണം ക്രയവിക്രയസംരംഭം വിജയിപ്പിക്കുവാൻ സംഘങ്ങൾക്ക് കഴിഞ്ഞിട്ടില്ല.
- 'കെട്ടുതെങ്ങ്' സമ്പ്രദായം ഉപേക്ഷിച്ച സംഘങ്ങൾ കേരകർഷകരെ സഹായിക്കുവാൻ ഒന്നും തന്നെ ചെയ്യുന്നില്ല.
- കൊപ്രാസംഭരണം കർഷകർക്ക് പ്രയോദനപ്രദമാകുന്നില്ല.

സാധ്യതകൾ

- വ്യവസായ സഹകരണസംഘങ്ങൾ ഒന്നും തന്നെ പ്രവൃത്തനമില്ലാത്ത നൂറനാട് പഞ്ചായത്തിൽ വ്യാവസായിക വികസനം മന്ദഗതിയിലാണ്. റബ്ബർ വ്യവസായ രംഗത്ത് വമ്പിച്ച സാധ്യതയുള്ള നമ്മുടെ പഞ്ചായത്തിൽ റബ്ബർ കർഷകർക്കുവേണ്ടി ഒരു സംഘം രൂപികരിക്കുകയും വായ്പകൾ വിതരണം ചെയ്യുകയും അതിൽകൂടി കൂടുതൽ വിഭവസമാഹരണം നടത്തുവാൻ കഴിയും
- കുന്നുകൾ പോലെ ബ്ലേയ്ഡ് കമ്പനികൾ നിലനില്ക്കുന്ന നൂറനാട് പഞ്ചായത്തിൽ കുറഞ്ഞ നിരക്കിൽ പലിശ ഈടാക്കി നഹകരണ മേഖലയിൽ ബാങ്ക് പ്രവർത്തിപ്പിക്കുവാൻ കഴിയും
- പരമ്പരാഗത വ്യവസായങ്ങൾ അന്യം നിന്നുകൊണ്ടിരിക്കുന്ന ഈ പഞ്ചായത്തിൽ സഹകരണ സംഘങ്ങളുടെ സഹായത്തോടുകൂടി പരമ്പരാഗത വ്യവസായങ്ങൽ പുഷ്ടപ്പെടുത്തുവാൻ കഴിയും
- ഈറ്റത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന 3,8,9,10 വാർഡുകൽ കേന്ദ്രീകരിച്ച് ഒരു തൊഴിലാളി സഹകരണ സംഘം സ്ഥാപിച്ച് ഈറ്റത്തൊഴിലാളികളെ സഹായിക്കുവാൻ കഴിയും.
- വിതരണംചെയ്ത വായ്പകൾ തിരിച്ചടയ്ക്കുന്ന ഉത്തരവാദിത്വവും ബാങ്ക് ഭരണസമിതികളും ജീവനക്കാരും ഏറ്റെടുക്കണം
- വായ്പാ വിതരണത്തന് ഫണ്ട് ലഭ്യമല്ലാതെ വന്നാൽ നബാർഡ് പോലെയുള്ള ഏജൻസികളെ സമീപിക്കേണ്ടതാണ്.



- വായ്പാവിനിയോഗം കൃത്യമായി വിലയിരുത്തേണ്ടതാണ് . കാർഷിക വായ്പകൾ കാർഷിക പ്രവൃത്തനത്തിനു വേണ്ടി ഉപയോഗിക്കുവാൻ സംഘങ്ങൾ ശ്രിദ്ധിക്കണം.
- കാർഷിക വായ്പകൾ വളം വായ്പകൾ ഉടൻതന്നെ നൽകാൻവേണ്ട നടപടികൾ സംഘങ്ങൾ സ്വീകരിക്കണം
- സഹകരണമേഖലയിൽ സാങ്കേതിക പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിക്കണം.
- സഹകരണമേഖലയിൽ സ്ഥിരമായ മാവേലേസ്റ്റോറില്ലാത്ത പഞ്ചായത്തിൽ പടനിലം കേന്ദ്രമാക്കി ഒരു മാവേലി സ്റ്റോർ സ്ഥാപിച്ച് മിതമായ വിലയിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കണം.
- സഹകരണ മേഖലയിൽ തയ്യൽ സ്കൂളുകളും, റഡിമെയ്ഡ് ഗാർമെന്റ്സ്, കരകൈശല നിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ചാൽ ആമേഖലയിൽ നിരവധി തൊഴിൽ പ്രധാനം ചെയ്യുവാനും കഴിയും
- ദുർബല വിഭാഗത്തിനുവേണ്ടിയുള്ള കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.
- പഞ്ചായത്തിന്റെ പ്രവൃത്തന മേഖലയിൽ പെട്ട നൂറനാട് കേന്ദ്രമായി പ്രവൃത്തിക്കുന്ന ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ബ്രാഞ്ച് പടനിലം കേന്ദ്രമാക്കി തുറന്നു പ്രവൃത്തിക്കാവുന്നതാണ്.
- വായ്പ രംഗത്തു മാത്രം സംഘങ്ങളുടെ പ്രവൃത്തനങ്ങൾ കേന്ദ്രീകരിക്കാതെ മറ്റു മേഖലകളിൽ കൂടി പ്രവൃത്തിച്ച് സമൂഹത്തെ ഉയർത്തേണ്ടതാണ്.
- ക്ഷീരോത്പാദക സഹകരണസംഘങ്ങളുടെ ഗുണം എത്തിച്ചേർന്നിട്ടില്ലാത്ത പ്രദേശത്തെ സംഘങ്ങൾ പ്രവൃത്തിക്കാവുന്നതാണ്.
- സഹകരണാടിസ്ഥാനത്തിൽ കോഴിവളർത്തൽ കേന്ദ്രങ്ങൾ വാർഡുകൾതോറു സ്ഥാപിക്കണം.
- ഇടക്കുന്നം കേന്ദ്രീകരിച്ച് ഒരു കൊപ്രാ സംഭരണ കേന്ദ്രം സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കണം.
- സഹകരണ മേഖലയുടേയും സ്പോർട്ട്സ് കൗൺസിലിന്റേയും ആഭിമുഖ്യത്തിൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ജിംനേഷ്യം സ്ഥാപിക്കാവുന്നതാണ്.



പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

കേരളത്തിലെ പട്ടികജാതി സംവരണമായ പന്തളം അസംബ്ലി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നതും പഞ്ചായത്ത് ആക്ട് പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം പട്ടികജാതി സംവരണത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതുമായ പഞ്ചായത്താണ് നൂറനാട്.

1991ലെ സെൻസസ് പ്രകാരവും 11 ഗ്രാമസഭകളുടെ റിപ്പോർട്ട് പ്രകാരവും 7250 കുടുംബങ്ങളിലായി 24455 ആളുകൾ വസിക്കുന്നു. ഇതിൽ 1028 കുടുംബങ്ങളിലായി 5812 പട്ടികജാതി വിഭഗത്തിൽ പെട്ടവർ ജീവിക്കുന്നു. പട്ടികജാതിയിൽ പെട്ടവരിൽ 96 ശതമാനവും കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. മൂന്ന് ശതമാനം ആളുകൾ കൈതൊഴിലുകൾ ചെയ്തും ഒരു ശതമാനം ആളുകൾ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്തും ജീവിക്കുന്നു. കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന ഇവർക്ക് കാർഷികപ്രവർത്തനം ഇല്ലാത്ത കാലയളവിൽ തൊഴിലില്ലായ്മ കാരണം വളരെ ദാരിദ്ര്യം അനുഭവപ്പെടുന്നു. നിലവിലുള്ള ആരോഗ്യസംരക്ഷണ സംവിധാനങ്ങൾ ഇവരുടെ ആരോഗ്യസംരക്ഷണ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കാൻ പര്യാപ്തമല്ല.

പഞ്ചായത്തിലെ വൈദ്യസഹായം എത്തിച്ചേർന്നിട്ടില്ലാത്തതും പകർച്ചവ്യാധികളും ശുചിത്വത്തിന്റെ അഭാവത്തിലുണ്ടാകുന്ന രോഗങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ പട്ടികജാതികുടുംബങ്ങളിൽ ഇന്ന് പഞ്ചായത്തു തലത്തിൽ ലഭിക്കുന്ന ആരോഗ്യരക്ഷാ സൗകര്യങ്ങൾ തികച്ചും പരിമിതമാണ്. ആരോഗ്യപരിപാലനത്തെക്കുറിച്ചും ശുചിത്വത്തെക്കുറിച്ചും ഇവരെ ബോധവല്ക്കരിക്കാൻ പഞ്ചായത്തു തലത്തിൽ യാതൊരു നടപടിയും ഉണ്ടായിട്ടില്ല.

കുട്ട, വട്ടി, തഴപ്പായ്, ചൂരൽകസേര തുടങ്ങിയ പാരമ്പര്യതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങൾക്ക് ഈ സാധനങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവുമൂലം ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് നന്നെ പാടുപെടേണ്ടിവരുന്നു. ദാരിദ്രം അനുഭവിക്കുന്ന ഇത്തരം കുടുംബങ്ങളിലെ അംഗങ്ങളെ കണ്ടെത്തി ജീവിതമാർഗ്ഗം ആർജ്ജിക്കുവാനുള്ള സാഹചര്യം ഒരുക്കേണ്ടത് പഞ്ചായത്തു



തലത്തിൽ അടിയന്തിരപ്രാധാന്യമുള്ള വിഷയമാണ്.

ജാതീയമായ ഉച്ചനീചത്വം ഇപ്പോഴും പൂർണ്ണമായും തുടച്ചുനീക്കപ്പെട്ടിട്ടില്ല. പഴയ ജന്മിനാടുവാഴിത്ത വ്യവസ്ഥയുടെ ജീർണ്ണാവശിഷ്ടമായി ജാതിചേർത്ത് പേരുവിളിക്കുന്ന രീതി പഞ്ചായത്തിലെ ചിലയിടത്ത് ഇപ്പോഴും നിലനിൽക്കുന്നു. സാംസ്കാരിക മേഖലയിലും ഇവിടുള്ള പട്ടികജാതി വിഭാഗം പിന്നിലാണ്. കലാസാംസ്കാരിക പൈതൃകം നൈസർഗ്ഗികമാണെങ്കിലും ഈ വിഭാഗത്തിന് പ്രോത്സാഹനം നല്കാൻ പഞ്ചായത്ത് തയ്യാറാകാത്തത് ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണ്. ഇവർ ഉൾപ്പെടുന്ന കോളനികളിൽ കലാസാംസ്കാരിക സംഘടനകൾ പലതും ഉണ്ടെങ്കിലും ആഘോഷകാലത്ത് മാത്രമായി ഇവയുടെ പ്രവർത്തനം ഒതുങ്ങിക്കൂടുന്നു.

ഈ വിഭാഗത്തിൽപ്പെട്ട ഏകദേശം 10 % ആളുകൾ ഇപ്പോഴും നിരക്ഷരരാണ്. നൂറു ശതമാനവും സാക്ഷരത കൈവരിച്ച കേരളത്തിന്റെ ഒരു ഭാഗമാണ് ഈ കൊച്ചു ഗ്രാമം എന്നോർക്കുമ്പോൾ വിരോധാഭാസം ഇല്ലേ എന്ന് തോന്നിപ്പോകും. ഔപചാരിക വിദ്യാഭ്യാസത്തിന് ഈ വിഭാഗത്തിൽപെട്ട കുട്ടികൾ സ്കൂളിൽ പോകുന്നുണ്ടെങ്കിലും വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന് മുൻപായി കൊഴിഞ്ഞു പോകാറുണ്ട്. പട്ടികജാതി കുടുംബങ്ങളിലെ സ്കൂളിൽ ചേർക്കാത്ത കുട്ടികളെ സ്കൂളിൽ ചേർക്കാനും സ്കൂളിൽ ചേർന്ന കുട്ടികൾ കൊഴിഞ്ഞ് പോകാതിരിക്കുവാനും അവരുടെ പഠനത്തിൽ ഗുണമേന്മ ഉറപ്പുവരുത്തുവാനും, പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ചുമതല പഞ്ചായത്തുകളിൽ നിക്ഷിപ്തമായ സാഹചര്യത്തിൽ എടുത്തുപറയേണ്ടതില്ലല്ലോ.

പഞ്ചായത്തിലെ ആകെ പട്ടികജാതികുടുംബങ്ങൾ ..... – 1028
പഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ ..... – 5812
വാസയോഗ്യമായ വീടുള്ളവർ ..... – 6
വാസയോഗ്യമായ വീടില്ലാത്തവർ ..... – 512
പഞ്ചായത്തിലെ അംഗീകരിച്ച പട്ടികജാതി കോളനികൾ ..... – 16
ഇനിയും അംഗാകാരം ലഭിക്കേണ്ട പട്ടികജാതി കോലനികൾ . – 21



നൂറനാട് ഗ്രാമപഞ്ചായത്ത്
അംഗീകൃത പട്ടികജാതി സങ്കേതങ്ങൾ

നമ്പർ	പേര്	വാർഡ്
1	പുതുപ്പള്ളികുന്നം	1
2.	പുതുപ്പള്ളികുന്നം	2
3.	മൂന്നുമൂല – തത്തംമുന്ന	2
4.	നല്ലത്തറ കോളനി	4
5.	കിടങ്ങയം കാക്കാട്ടുകുറ്റി ഹരിജൻകോളനി	6
6.	പുലിമേൽ ഹരിജൻ കോളനി	7
7.	മുഞ്ഞിപ്പുറത്ത് ഹരിജൻ കോളനി	7
8.	മേലയിൽ ഹരിജൻ കോളനി	9
9.	മാമ്പറ ഹരിജൻ കോളനി	8
10.	മലമുകളിൽ ഹരിജൻ കോളനി	9
11.	മണ്ണശ്ശേരി ഐ.എച്ച്.ഡി.പി.	9
12.	പുലിമേൽ തടത്തിൽപറമ്പിൽ ഐ.എച്ച്.ഡി.പി	7
13.	അരണേത്തോട് ആമ്പിടവം ഐ.എച്ച്.ഡി.പി.	10
14.	അമ്പിയിൽ കളനി	10,11
15.	പാറ്റൂർ ഹരിജൻ കോളനി	10
16.	പട്ടിതജാതി ഭൂരഹിതകോളനി	10

ലക്ഷംവീടുകൾ ആകെ 5

1.	പുതുപ്പള്ളികുന്നം ലക്ഷംവീട്	1
2.	തത്തംമുന്ന ലക്ഷംവീട്	3
3.	കിടങ്ങയം ലക്ഷംവീട്	6
4.	ഇടപ്പോൺ ലക്ഷംവീട്	10
5.	ചിറ്റയ്ക്കാട്ട് – പാറ്റൂർ ലക്ഷംവീട്	10



ഭൂരഹിതകോളനികൾ ആകെ 2		
1.	പാറ്റൂർ	10
2.	പുലിമേൽ കുമ്പിളിമല	7

ഇനിയും അംഗീകാരം ലഭിക്കേണ്ട പട്ടികജാതി സങ്കേതങ്ങൾ

നമ്പർ	പേര്	വാർഡ്
1.	മാന്തറ	1
2.	ഉടയാന്റെ വടക്കതിൽ	2
3.	ചെറുകൊല്ലായിൽ	2
4.	ഒറ്റപ്ലാവിളയിൽ	2
5.	മോഴിവെട്ടത്ത്	2
6.	നടയുടെ കിഴക്കേതിൽ	2
7.	തറയിൽ മീനത്തേക്കറ	3
8.	മൂന്നുമൂല പറപ്പട്ടിൽ	3
9.	ഇടനമുട്	3
10.	ആലവിള	3
11.	പള്ളത്തറ	4
12.	നെയ്വിളയിൽ	5
13.	പാറയ്ക്കാട്ട്	5
14.	എള്ള് കണ്ടത്തിൽ	5
15.	കാഞ്ഞിരവിള	5
16.	കലതിൽ പറമ്പിൽ	6
17.	കക്കാട്ട് കുറ്റിയിൽ	6
18.	കുളത്തിന്റെ മേലതിൽ	7
19.	കറുകയിൽ	8
20.	മഞ്ഞിപ്പുഴ	11
21.	പണീശ്ശേരിൽ	9



വാസയോഗ്യമായ വീടില്ലാത്ത പട്ടികജാതി കുടുംബങ്ങളുടെ വിവരം

വാർഡ്	കുടുംബങ്ങളുടെ എണ്ണം
വാർഡ് 1	62
വാർഡ് 2	57
വാർഡ് 3	30
വാർഡ് 4	39
വാർഡ് 5	46
വാർഡ് 6	29
വാർഡ് 7	69
വാർഡ് 8	31
വാർഡ് 9	51
വാർഡ് 10	72
വാർഡ് 11	26
ആകെ	512



കക്കൂസുകളില്ലാത്ത പട്ടികജാതി കുടുംബങ്ങളുടെ വിവരങ്ങൾ

വാർഡ്	കുടുംബങ്ങളുടെ എണ്ണം
വാർഡ് 1.	39
വാർഡ് 2.	53
വാർഡ് 3.	36
വാർഡ് 4.	41
വാർഡ് 5.	34
വാർഡ് 6.	47
വാർഡ് 7.	61
വാർഡ് 8.	44
വാർഡ് 9.	52
വാർഡ് 10.	71
വാർഡ് 11.	44
ആകെ	522




ആവശ്യങ്ങൾ-നിർദ്ദേശങ്ങൾ

- പട്ടികജാതിയിൽപ്പെട്ടകുടുംബങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.
- പഞ്ചായത്തിലെ എല്ലാ പട്ടികജാതിസങ്കേതങ്ങളിലും അങ്കനവാടികൾ, വായ നശാ ലകൾ എന്നിവ സ്ഥാപിക്കുക.
- പട്ടികജാതിയിൽപ്പെട്ട ഭവനരഹിതർക്ക് വാസയോഗ്യമായ വീട് വെക്കുന്നതിന് ധനസഹായം നൽകുക.
- ഭൂമി ഇല്ലാത്തവർക്ക് പുറംമ്പോക്ക് ഭൂമി പതിച്ച് നൽകുക.
- പട്ടികജ്തിസങ്കേങ്ങളിലെ വീടുകളുടെ അറ്റകുറ്റപണിക്ക് സാമ്പത്തിക സഹായം നൽകുക.
- കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുക.
- പട്ടികജാതി കുടുംബങ്ങൾക്ക് പശു ആട് തുടങ്ങിയ കറവമാടുകളെ നൽകി അവരുടെ വരുമാനമാർഗ്ഗം വർദ്ദിപ്പിക്കുക.
- പരമ്പരാഗത തൊഴിലുകൾക്ക് പ്രോത്സാഹനവും സാമ്പത്തിക സസഹായവും നൽകുക.
- സാമ്പത്തികസ്ഥാപനങ്ങളിൽ നിന്ന് വായ്പയും മറ്റ് ആനുകൂല്ല്യങ്ങളും ലഭിക്കുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കുക.
- കലാ - സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾക്ക് പ്രോത്സാഹനവും സ്മ്പത്തികസഹായവും നൽകുക.
- പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യസ പിന്നോക്കാവസ്ഥ പരിഹരിക്കുക.
- പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന ലംസം ഗ്രാന്റ് കാലോചിതമായി വർദ്ധിപ്പിക്കുക.
- പട്ടികജാതിയിൽപ്പെട്ടവരെ സാമൂഹ്യപരിവർത്തനങ്ങളിലേക്കാനയിച്ച് സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കുക.
- പട്ടികജാതിയിൽപ്പെട്ടവരുടെ ആരോഗ്യസംരക്ഷണത്തിനുള്ള വൈദ്യസഹായം ലഭ്യമാക്കുക.

- ശുചിത്വം, പോഷകാഹാരം ശുദ്ധജലം എന്നിവയുടെ ആവശ്യഗതയെ ക്കുറിച്ചു ബോധധവൽക്കരണം നടത്തുക
- ഗുരുതരമായ രോഗം ബാധിച്ച പട്ടികജാതിയിൽ പ്പെട്ടവരുടെ ആശു പത്രി ചെലവുകൾക്ക് പഞ്ചായത്ത് ധനസഹായം നൽകുക.
- പട്ടികജാതി സങ്കേങ്ങളിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക.
- പട്ടികജാതി സങ്കേതങ്ങളിലേക്ക് റേഡ്, വൈദ്യുതി, ശുദ്ധജലം തുട ങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എത്തിക്കുക.
- പട്ടികജാതിയിൽപ്പെട്ട ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് സൗജന്യറേ ഷൻ അനുവദിക്കുക.




വിഭവ സമാഹരണം



ഒരു പ്രദേശത്തിന്റെ പുരോഗതിയുടെ മാനദണ്ഡം ആ പ്രദേശത്തെ ജനങ്ങളുടെ സാമ്പത്തിക സാമൂഹിക സാംസ്കാരിക പുരോഗതി ആണല്ലോ. സാമ്പത്തിക പുരോഗതി പ്രധാനമായും തൊഴിലിനേയും സാമൂഹ്യസാംസ്കാരിക പുരോഗതി വിദ്യാഭ്യാസത്തേയും അടിസ്ഥാനമാക്കിയാണ് കണക്കാക്കുന്നത്. നൂറനാട് ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കാർഷിക മേഘലയെ മാത്രം ആശ്രയിച്ച് ഇരിക്കുന്നവരാണ്. എന്നാൽ ഈ മേഖല തകർച്ചയെ അഭിമുഖീകരിക്കുന്നു തന്മൂലം ജനങ്ങളുടെ ജീവിതനിലവാരം ഉയരുന്നില്ല എന്നു മാത്രമല്ല അവർ ജീവിതദുഃഖത്തിന്റെ പിടിയിൽ അമർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പഞ്ചായത്തിൽ പൊതുവേ കാണുവാൻ കഴിയുന്ന ഉയർന്ന ജീവിത നിലവാരം ഗൾഫ് പണത്തിന്റെ പ്രതിഫലനം മാത്രമാണ്. ഈ അവസരത്തിലാണ് വിഭവസമാഹരണത്തിന്റെ പ്രസക്തി.

കാർഷിക മേഖലയിലെ പ്രതിസന്ധികൾ പരിഹരിച്ചെങ്കിൽമാത്രമേ കൃഷി ആദായകരമായ ഒരു തൊഴിലായി സ്വീകരിക്കുവാൻ കഴിയൂ. അതിനു കഴിഞ്ഞാൽ ഈ മേഖലയിൽ നിന്നുള്ള വിഭവസമാഹരണം വർദ്ധിപ്പിക്കുന്നതിന് സാധ്യമാകും കാർഷിക വ്യാവസായിക മേഖലകളിൽ ഫലപ്രദമായി ഉൾപ്പെടുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകിയാൽ അതുവഴി ജനങ്ങളുടെ ജീവിതനിലവാരം





ഉയർത്തുന്നതിനും പഞ്ചായത്തുകൾക്ക് കൂടുതൽ വിഭവം കണ്ടെത്തുന്നതിനും കഴിയും.

പഞ്ചായത്തിന്റെ ഇപ്പോഴുള്ള ധനാഗമമാർഗ്ഗം പ്രധാനമായും രണ്ടുവിധത്തിലാണ്

- **സർക്കാരിൽ നിന്നും ലഭ്യമാകുന്ന വിവിധതരം ഫണ്ടുകളും ഗ്രാന്റുകളും**
- **പഞ്ചായത്തിന്റെ തനതായ വരുമാനം**

സർക്കാർഫണ്ടുകളും ഗ്രാന്റുകളും

എം.ഐ. ഗ്രാന്റ്, വി.ആർ.എം. ഗ്രാന്റ്, വി.റ്റി.സി. ഗ്രാന്റ്, ജെ.ആർ.വൈ., ഉപാധിരഹിത ധനം, വസ്തുകൈമാറ്റനികുതി, മറ്റ് ഗ്രാന്റുകൾ തുടങ്ങിയവയാണ് ഇപ്പോൾ സർക്കാരിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന ധനസഹായങ്ങൾ. ഈ സാമ്പത്തിക സഹായംകൊണ്ട് ഒരു പഞ്ചായത്തിനും ആ പ്രദേശത്തിന്റെ വികസനപ്രവൃത്തനങ്ങളും ക്ഷേമപ്രവൃത്തനങ്ങളും പൂർണ്ണമായും നിറവേറ്റാൻ കഴിയുകയില്ല. മാത്രമല്ല ഈ ഫണ്ടുകളും ഗ്രാന്റുകളും അനുവദിക്കുന്നത് യഥാസമയം പഞ്ചായത്തിന് ലഭ്യമാകുന്നില്ല. തൻമൂലം ഇവ ഉപയോഗിച്ചുള്ള വികസനക്ഷേമപ്രവൃത്തനങ്ങളുടെ യഥാർത്ഥ ലക്ഷ്യം കൈവരിക്കാൻ പഞ്ചായത്തിന് കഴിയുന്നതുമില്ല. കൂടാതെ പഞ്ചായത്തിന്റെ ഭൂപ്രകൃതിക്കും ജനങ്ങളുടെ ആവശ്യത്തിനും അഭിലാഷത്തിനും അനുസരിച്ച് ഇവ വിനിയോഗിക്കാൻ ഈ ഗ്രാന്റുകളിൻമേലുള്ള ചില മാനദണ്ഡങ്ങൾ തടസ്സമാകുകയും ചെയ്യുന്നു

പഞ്ചായത്തിന്റെ തനതായ വരുമാനം

കെട്ടിടനികുതി, തൊഴിൽനികുതി, വിനോദനികുതി, ലേലം, കെട്ടിടവാടക ജല ഫീസുകൾ മുതലായവയാണ് പഞ്ചായത്തിന്റെ തനതായ വരുമാനങ്ങളിൽ പ്രധാനപ്പെട്ടവ. ഇവ യുക്തിസഹമായ വിഭവസമാഹരണത്തിനുള്ള വഴികളായി കണക്കാക്കുകയും മറ്റു മേഖലകളിൽ പുരോഗതി ആർജ്ജിച്ചുകൊണ്ട് അവയിൽ നിന്നുകൂടി വിഭവസമാഹരണത്തിന് സാധ്യമാകുകയും ചെയ്താൽ പ്രതീക്ഷയ്ക്കൊത്ത് ഒരു പരിധിവരെ പഞ്ചായത്തിന് ഉണർന്ന് പ്രവർത്തിക്കാൻ കഴിയും.

പഞ്ചായത്തിന്റെ മൊത്ത വരുമാനത്തിൽ നല്ലൊരു ഭാഗം ഭരണപരമായ ചെലവിന് വിനിയോഗിക്കപ്പെടുന്നു. ഇത് പഞ്ചായത്തിന്റെ മൊത്തം ചെലവിന്റെ 35 ശതമാനത്തിൽ കൂടുതലാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഉദ്യോഗസ്ഥരുടെ ശമ്പളവും അംഗങ്ങളുടെ അലവൻസും ഒഴിവാക്കാൻ കഴിയാത്ത ചെലവുകളാണെങ്കിലും ആർഭാടപരവും അനാവശ്യവുമായ ചെലവുകളും പരമാവധി ഒഴിവാക്കേണ്ടതാണ്. കാര്യക്ഷമമായ ആസൂത്രണത്തിന്റെ അഭാവവും പ്രത്യുത്പാദനപരമല്ലാത്ത മേഖലകളിൽ മുതൽമുടക്കുന്നതും ഭരണചിലവുകളുടെ വർദ്ധനവും വികസനപ്രവൃത്തനങ്ങളെ സാരമായി ബാധിക്കും. ഇത് പഞ്ചായത്ത് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ട ഒന്നാണ്. പഞ്ചായത്ത് വക പുറംപോക്ക് ഭൂമികൾ ഫലപ്രദമായി ഉപയോഗിക്കുകയും കെട്ടിട-തൊഴിൽ-വിനോദനികുതികൾ കൃത്യമായി സമാഹരിക്കുകയും അവ കാലോചിതമായി വർദ്ധിപ്പിക്കുകയും പ്രാദേശികമായി സന്നദ്ധപ്രവൃത്തനത്തിലൂടെ മനുഷ്യവിഭവശേഷി പ്രയോജനപ്പെടുത്തുകയും ചെയ്താൽ പഞ്ചായത്തിന്റെ വികസനപ്രക്രിയയിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിയും.

പഞ്ചായത്തിലെ പ്രധാന വരവിനങ്ങൾ

ഇനം	91-92	92-93	93-94	94-95	95-96
കെട്ടിടനികുതി	124624	139916.65	166195.50	287126.90	220904.95
തൊഴിൽ നികുതി	84735	68771.50	598150.00	119320.00	112280.00
വിനോദനികുതി	5778.10	24396.50	14300.00	20074.00	12563.20
ലേലം	120418.44	115330.00	63996.75	127252.00	75383.00
ലൈസൻസ് ഫീസ്	4717	3828	2712	5537	5263
വസ്തുകൈമാറ്റ നികുതി	1418.5	138431.00	175833.00	97707.00	82168.00
മറ്റുള്ളവ	559014.78	519570.20	380224.75	644121.15	1355428.45
ആകെ	**1071092.22**	**1010243.80**	**863077.00**	**1301138.05**	**1863990.60**

പഞ്ചായത്തിലെ പ്രധാനചെലവിനങ്ങൾ

ഇനം	93-94	94-95	95-96
ഭരണച്ചെല്	503553.00	493614.00	454450.00
പൊതുമരാമത്ത്	184119.00	327927.00	411674.00
വിദ്യാഭ്യാസം	44720.00	56595.00	56105.00
ജലവിതരണം	-	-	-
പൊതുജനാരോഗ്യം	-	2374.00	15637.00
തെരുവ് വിളക്ക്	131247.00	130969.00	129912.00
സാമൂഹ്യക്ഷേമം	3600.00	17658.00	9968.00
പഞ്ചായത്ത് സ്വത്ത്	100000.00	100000.00	100000.00
അസാധരണ ചെലവ്	-	-	-
മറ്റിനം പലവക	129602.00	124214.00	201318.00
ആകെ	**1096841.00**	**1253351.00**	**1379064.00**

ഗവൺമെന്റ് ഗ്രാന്റുകളുടെ വിവരണം

വർഷം	വി.ആർ.എം	എം.ഐ.	വി.റ്റി.സി.	അടിസ്ഥാനനികുതി.	ജെ.ആർ.വൈ	ഉപാധിരഹിതധനം ആകെ
1991–92	73387	44250	28843	32845	350600	167000
92–93	80690	44250	57069	25000	350600	175000
93–94	80839	49590	–	30456	350600	18600
94–95	80244	49590	–	44415	369100	273000
95–96	**79820**	**49590**	**641975**	**–**	**31530ა**	**309000**

നൂറനാട് പഞ്ചായത്തിലെ കെട്ടിടങ്ങളുടെ നികുതിയെസംബന്ധിച്ച് ഓരോ വർഷത്തേയും വീടുകളുടെ വിവരം

വാർഡ് നമ്പർ	91-92 വീട് എണ്ണം	92-93	93-94	94-95	95-96	96-97	1993-94 രൂപ	95-96 രൂപ
1	682	714	698	659	678	690	31864.00	35377.50
2	519	523	622	630	696	658	14419.00	16025.00
3	724	736	538	550	572	576	19870.00	2266.00
4	621	641	581	590	610	618	21329.00	24754.00
5	715	733	695	702	723	731	19207.00	21965.00
6	731	740	736	748	779	790	20231.00	22345.00
7	698	706	693	704	727	740	14449.00	15750.00
8	678	691	564	571	583	586	24873.00	25950.00
9	685	692	967	674	700	707	25078.00	26179.00
10	684	690	530	534	541	549	1657.00	8389.00
11	-	-	619	624	638	650	23523.00	25009.00
ആകെ	6737	6866	6893	6986	7197	7295	221440.00	243789.00



നൂറനാട് ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ്കോംപ്ലക്സ്

നമ്പർ	കെട്ടിടനമ്പർ	വാടക
1	നു.പഞ്ചാ. 4 566	81
2	നു.പഞ്ചാ. 4 567	ഓപ്പൺസ്റ്റാൾ
3.	നു.പഞ്ചാ. 4 568	99
4	നു.പഞ്ചാ. 4 569	172
5	നു.പഞ്ചാ. 4 570	184
6	നു.പഞ്ചാ. 4 571	142
7	നു.പഞ്ചാ. 4 572	116
8	നു.പഞ്ചാ. 4 573	108
9	നു.പഞ്ചാ. 4 574	136
10	നു.പഞ്ചാ. 4 575	111
11	നു.പഞ്ചാ. 4 576	121
12	നു.പഞ്ചാ. 4 577	142
13	നു.പഞ്ചാ. 4 578	123
14	മാർക്കറ്റ് സ്റ്റോർ നു.പഞ്ചാ. 4 579	168
15	നു.പഞ്ചാ. 4 580	80
16	നു.പഞ്ചാ. 4 581	80
17	നു.പഞ്ചാ. 4 582	80
18	നു.പഞ്ചാ. 4 583	215
	ഷോപ്പിംഗ്സെന്റർ അപ്സ്റ്റെയർ	
19	നു.പഞ്ചാ. 4 584	750
20	നു.പഞ്ചാ. 4 585	350
21	നു.പഞ്ചാ. 4 586	171
	ഷോപ്പിംഗ്സെന്റർ താഴെ	
22	നു.പഞ്ചാ. 4 587	116
23	നു.പഞ്ചാ. 4 588	122
24	നു.പഞ്ചാ. 4 589	133
25	നു.പഞ്ചാ. 4 590	226
26	നു.പഞ്ചാ. 4 591	144
	ഷോപ്പിംഗ്സെന്റർ കിഴക്കുവശം	
27	നു.പഞ്ചാ. 4 592	394
28	നു.പഞ്ചാ. 4 593	144
29	നു.പഞ്ചാ. 4 594	184
30	നു.പഞ്ചാ. 4 595	191



നമ്പർ	കെട്ടിടനമ്പർ	വാടക
31	നു.പഞ്ചാ. 4 596	180
32	നു.പഞ്ചാ. 4 597	319
33	നു.പഞ്ചാ. 4 598	519
	പച്ചക്കറിസ്റ്റാൾ	
34	1	51
35	2	51
36	3	51
37	4	51
38	5	51
39	6	51
40	7	51
41	8	48
42	9	48
43	10	51
44	11	48
45	12	50
46	13	51
47	14	53
48	നു.പഞ്ചാ. 4 3	4249
49	നു.പഞ്ചാ. 4 4	1200
	കുതിരകെട്ടുംതടം കിഴക്ക്	
50	1	322
51	2	181
52	3	339
53	4	387
54	5	339
	പടിഞ്ഞാറുവശം	
55	1	110
56	2	95
57	3	78
58	4	90
59	5	74
60	6	65
61		21



പ്രശ്നങ്ങൾ / സാധ്യതകൾ

- കെട്ടിട-തൊഴിൽ-വിനോദനികുതികൾ കാലോചിതമായി വർദ്ധിപ്പിക്കുകയും കൃത്യമായി സമാഹരിക്കുകയും ചെയ്യുക.
- പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക കാലാനുസൃതമായി പരിഷ്കരിച്ച് കൃത്യമായും ലഭ്യമാകുന്നു എന്ന് ഉറപ്പു വരുത്തുക.
- ഫണ്ടുകളും ഗ്രാൻറുകളും യഥാസമയം ലഭ്യമാക്കുക.
- ലേലങ്ങളിൽ കാര്യക്ഷമതയും മത്സരബുദ്ധിയും ഉറപ്പുവരുത്തുക
- ചെറുതും വലുതുമായ എല്ലാ കച്ചവടസ്ഥാപനങ്ങൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും ലൈസൻസ് ഏർപ്പെടുത്തുകയും, ഫീസ് കൃത്യമായി സമാഹരിക്കുകയും ചെയ്യുക.
- പഞ്ചായത്ത് സ്ഥലത്ത് പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് പരസ്യനികുതി ഈടാക്കുക
- വിദേശജോലിക്കാരുടെ എൻ.ആർ.ഐ.നിക്ഷേപങ്ങൾ പഞ്ചായത്തിലെ പ്രത്യുല്പാദനപരമായ മാർഗ്ഗങ്ങളിലേക്ക് തിരിച്ചുവിടുന്നതിനുള്ള സാധ്യതകൾ ഒരുക്കുക.
- സന്നദ്ധപ്രവൃത്തകരുടെ മനുഷ്യാദ്ധ്വാനം പരമാവധി ഉപയോഗപ്പെടുത്തുക.
- ഇന്ദിരാവികാസ്പത്രം എടുക്കാൻ ജനങ്ങളെ പ്രേരിപ്പിച്ച് പരമാവധി സാമ്പത്തികം സമാഹരിക്കുക.
- പഞ്ചായത്തു വക പുറമ്പോക്ക് ഭൂമി ഫലപ്രദമായി ഉപയോഗിക്കുകയും പഞ്ചായത്തിന്റെ ധനാഗമമാർഗ്ഗമായി തീരുന്നതിനുള്ള അനുയോജ്യമായ നടപടികൾ സ്വീകരിക്കുക.



സ്നേഹാദരങ്ങളോടെ.....

വിജയം വിയർപ്പൊഴുക്കുന്നവന്റെയും ചിന്തിക്കുന്നവന്റേതുമാണല്ലോ. ജനകീയ ആസൂത്രണപ്രസ്ഥാനത്തിലൂടെ ജനങ്ങളിലേക്ക് കൈവന്ന അധികാരം ജനങ്ങളുടെ അന്തിമ വിജയത്തിലേക്കുള്ള പാതതന്നെയാണ്. ഈ പാതയിലൂടെ മുന്നേറുന്നതിന് മാർഗ്ഗദർശനമാവുന്നതിൽ ഈ വികസന റിപ്പോർട്ട് നമ്മെ എളിയ രീതിയിലെങ്കിലും സഹായിക്കുന്ന ഒരി സാമൂഹ്യ ആയുധമാകുമെന്ന് പ്രത്യാശിക്കുന്നു. കേവലം ഭിക്ഷാ ദാനമായ തൊഴിൽദാന പരിപാടിയായി പദ്ധതികൾ സ്തൂലവൽക്കിരിച്ചിരുന്നത് ഇത്ത രുണത്തിൽ സ്മരണീയമാണ്.

വികസനമെന്ന സങ്കൽപ്പനത്തിനുതന്നെ ഇവിടെ വ്യതിയാനമുണ്ടാകുന്നു. നല്ല റോഡുകളും പാലങ്ങളും കലുങ്കുകളും നീർച്ചാലുകളും തോടുകളും നിർമ്മിക്കുകയും , ശുദ്ധജലവും വൈദ്യുതിയും സുലഭമാവുകയും ചെയ്യുന്നതോടൊപ്പം എല്ലാവിധ ഉത്പാദന മേഖലയിലും സമഗ്രപുരോഗതി കൈവരിക്കുകയും ജനങ്ങളുടെ ജീവിതനിലവാരം ഉയരുകയും ചെയ്യുന്നുവെങ്കിൽ മാത്രമേ വികസനം ഉണ്ടാകുന്നുള്ളു എന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കുന്നു.

ഈ വിധ വികസന പുരോഗതിക്കുള്ള ശാസ്ത്രീയമായ, തികച്ചും വസ്തുനിഷ്ടമായ സമീപനമാണ് ജനകീയ ആസൂത്രണം. ലഭ്യമായ ഭൂ-ജല-വിഭവ-മാനവശേഷി, സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ജാതിമത കക്ഷിരാഷ്ട്രീയത്തിനതീതമായ, സജീവമായ ഒരു വികസന രാഷ്ട്രീയമാണ് ഇതിനുള്ളത്.

മഹാത്മജിയുടെ അനന്തമായ ഗ്രാമസങ്കൽപ്പങ്ങളിൽ ഏറ്റവും പ്രാധാന്യം കൊടുത്തിരുന്നത്, സ്വാശ്രേയ ബോധവും ഇച്ഛാശക്തിയുമുള്ള കർമ്മധീരന്മാരിലാണ് ; അഹിംസാധിഷ്ഠതമായ ഉത്ബുദ്ധ വ്യക്തികളുടെ ശക്തി കേന്ദ്രമായ ഗ്രാമങ്ങളിലാണ്.

ഗ്രാമങ്ങളുടെ വികസനമാണ് ഭാരത്തിന്റെ വികസനമെന്ന മഹാത്മജിയുടെ സങ്കല്പം 1995 ഒക്ടോബർ 2ന് പൂവണിയുകയുണ്ടായി. ജനങ്ങളിലേക്കുള്ള അധികാര കൈമാറ്റത്തിന്റെ ഉത്സവമായിരുന്നു അന്ന്. ത്രിതല പഞ്ചായത്തുകളുടെ സമഗ്രവികസനത്തിന്റെ സത്ത നിലനിർത്തുവാൻ ഈ മഹത്തായ മുന്നേറ്റത്തിന് സാധ്യമായി. നൂറനാട് ഗ്രാമപഞ്ചായത്തിന്റെ പ്രഥമ കമ്മിറ്റിയും അന്നേ ദിവസംതന്നെ ചേർന്നു. പഞ്ചായത്തിന്റെ ഭാവി പരിപാടികൾക്ക് രൂപ രേഖ പ്രഥമപഞ്ചായത്ത് കമ്മിറ്റി മുതൽ തയ്യാറാക്കി തുടങ്ങി. ജനകീയ ആസൂത്രണ പ്രസ്ഥാനം ഈ പ്രക്രിയയെ ത്വരിതപ്പെടുത്തി ഉപഭോഗസംസ്ക്കാരത്തിന് ഒരു പരിധിവരെയെങ്കിലും കടിഞ്ഞാണിട്ടുകൊണ്ട് കാർഷിക വ്യാവസായിക രംഗങ്ങളിളെ അഭിവൃദ്ധിപ്പെടുത്തേണ്ടതുണ്ട്.

വിഭവ ഭൂപടം തയ്യാറാക്കുന്നതിലും വിഭവസമാഹരണം ശാസ്ത്രീയമായി തയ്യാറാക്കുന്നതിലും വിദഗ്ദ്ധരുടെ ലഭ്യതക്കുറവ് ഉണ്ടായിട്ടുണ്ട്. ബാധ്യതയെ വിസ്മരിച്ചുകൊണ്ടല്ല ഇത് പ്രസ്താപിക്കുന്നതെന്ന് സവിനയം അറിയിക്കട്ടെ. ജനപങ്കാളിത്തത്തിന്റെ



കരുത്ത് ഈ വികസന റിപ്പോർട്ട് തയ്യാറാക്കിയതിൽപോലും കാണുവാൻ കഴിയും.

ഈ വികസനരേഖ തയ്യാറാക്കുന്നതിൽ പ്രത്യേകിച്ചും ചരിത്രപശ്ചാത്തലം തയ്യാറാക്കുന്നതിൽ ശ്രീ. എൻ. യശോധരൻ അവറുകളുടേയും ശ്രീ. കൊച്ചുകുട്ടു കുറുപ്പ് അവറുകളുടേയും സംഭാവനകൾ ഇത്തരുണത്തിൽ പ്രത്യേകം സ്മരയണീയമാണ്. ഈ റിപ്പോർട്ടിന്റെ ഊടുംപാവും, അലകും പിടിയും, അന്തസത്തയും ആകെ സജ്ജമാക്കുന്നതിൽ കക്ഷിരാഷ്ട്രീയത്തിനതീതമായി സേവനം അനുഷ്ടിച്ച മുഴുവൻ പേരെയും പ്രത്യേകം പ്രത്യേകം ഇവിടെ ഓർമ്മിക്കുന്നു. ഈ കഴിഞ്ഞ കാലത്തെ പ്രവർത്തനങ്ങളിൽ ലഭ്യമായ ജനസഹകരണം ഞങ്ങളുടെ വരുംകാലപ്രവർത്തനങ്ങളിലും പ്രചോദനമായി പ്രതീക്ഷിക്കുന്നു.

സത്യത്തിന്റെയും ഭൗതിക യാഥാർത്ഥ്യത്തിന്റെയും ഉരകല്ലിൽ ഈ വികസന റിപ്പോർട്ടിന്റെ മാറ്റ് ഉരക്കുകതന്നെ വേണമെന്ന് താല്പര്യപ്പെടുന്നു. വിശദമായ ചർച്ച ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. വിമർശനങ്ങളെയും പുതിയ നിർദ്ദേശങ്ങളേയും ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.

എല്ലാവിധ സഹായസഹകരണങ്ങളും എക്കാലവും സ്മരിക്കുകതന്നെ ചെയ്യും.....

തികച്ചും നന്ദിയോടെ.....

സ്നേഹപൂർവ്വം.....

കെ. രത്നമ്മാരവീന്ദ്രൻ
പ്രസിഡന്റ്
നൂറനാട് ഗ്രാമപഞ്ചായത്ത്.



Type Setted at :

Printec Computer Graphics

Charummoodu-690 505

Printed at Vidya Offset Printers, Pathanamthitta © 323661, 323587